10
ആഗസ്റ്റ് 2024
ശനി
1446 സഫർ 06
1199 കർക്കിടകം 26
പേജ് 10
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം

Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal






വയനാട് ജില്ലയിലെ അമ്പുകുത്തി മലനിരകളിൽ നിന്നും ഉഗ്ര ശബ്ദം കേട്ടതിനെ തുടർന്ന് വെള്ളച്ചാട്ടം ഭാഗത്ത് തടിച്ചുകൂടിയ ജനങ്ങളും സ്ഥലത്തെത്തിയ അധികൃതരും

# അഞ്ച് ജില്ലകളിൽ പ്രകമ്പനം

## ഭൂകമ്പം ഉണ്ടായിട്ടില്ലെന്ന് നാഷനൽ സീസ്മോളജി സെന്റർ

കോഴിക്കോട്: വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ ജില്ലകളിൽ ഇന്നലെ ഭൂമിക്കടിയിൽ നിന്ന് ശബ്ദവും ചെറിയ കുലുക്കവും അനുഭവപ്പെട്ടതോടെ ജനങ്ങൾ പരിഭ്രാന്തരായി. വയനാട്ടിലെ വൈത്തിരി, പൊഴുതന, വെങ്ങപ്പള്ളി, നെൻമേനി, അമ്പലവയൽ പഞ്ചായത്തുകളിലെ പ്രദേശങ്ങളിലും കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി പ്രദേശത്തും ഇന്നലെ രാവിലെ 10 മണിക്കും 10.30നും ഇടയിലുള്ള സമയത്താണ് സംഭവം. മലപ്പുറം എടപ്പാളിലും പരിസരങ്ങളിലും പാലക്കാട് അലനല്ലൂർ കുഞ്ഞിക്കുളത്തും ഒറ്റപ്പാലത്തും സമാനായ രീതിയിൽ ശബ്ദം കേട്ടത്.

പ്രകമ്പനത്തിൽ ജനൽ കുലുങ്ങിയെന്നും വലിയ ശബ്ദം കേട്ടെന്നും നാട്ടുകാർ പറയുന്നു. വയനാട്ടിലെ ഉരുൾപൊട്ടൽ മേഖലയിൽ ഉൾപ്പെടെ ജിയോളജി സർവേ ഓഫ് ഇന്ത്യ സംഘമെത്തി ചൂരൽമലയിൽ ഉൾപ്പെടെ പരിശോധന തുടരുകയാണ്. തൃശൂർ ജില്ലയിലെ ചാവക്കാട് തിരുവത്ര പള്ളിക്ക് സമീപമുള്ള ആർ.സി ക്വാർട്ടേഴ്സിലെ വീടുകളിലുള്ളവർ ഉച്ചതിരിഞ്ഞ് 3.15 നാണ് മുഴക്കം കേട്ടത്. വയനാട് അമ്പലവയൽ വില്ലേജിലെ ആർ.എ.ആർ.എസ്, മാങ്കോമ്പ്, നെന്മേനി വില്ലേജിലെ അമ്പുകുത്തി മാളിക, പടിപറമ്പ്, വൈത്തിരി താലൂക്കിലെ സുഗന്ധഗിരി, അച്ചൂരാൻ വില്ലേജിലെ സേട്ടുകുന്ന്, വെങ്ങപ്പള്ളി വില്ലേജിലെ കാരാറ്റപിടി, മൈലാടിപ്പടി, ചോലപ്പുറം, തൈക്കുംതറ ഭാഗങ്ങളിലാണ് ഭൂമിക്കടിയിൽ നിന്നും ശബ്ദവും മുഴക്കവും അനുഭവപ്പെട്ടതായി ജില്ലാ അടിയന്തരകാര്യ നിർവഹണ വിഭാഗം അറിയിച്ചിട്ടുണ്ട്.

പ്രദേശങ്ങളിലെ ആളുകളെ സുരക്ഷിതമാക്കി മാറ്റുന്നതിനുള്ള നടപടികൾ ജില്ലാ ഭരണകൂടം സ്വീകരിച്ചിട്ടുണ്ടെന്നും ജില്ലാ കലക്ടർ അറിയിച്ചു. എന്നാൽ, കേരളത്തിൽ എവിടെയും ഭൂകമ്പം ഉണ്ടായിട്ടില്ലെന്നാണ് നാഷനൽ സീസ്മോളജി സെന്റർ വിശദീകരണം. വയനാട്ടിൽ ഭൂമി പാളികളുടെ നീക്കമാണുണ്ടായതെന്നും ഇതുമൂലമായിരിക്കാം പ്രകമ്പനം അനുഭവപ്പെട്ടതെന്നും നാഷനൽ സെൻറർ ഫോർ സീസ്മോളജി ഡയറക്ടർ ഒ.പി മിശ്ര പറഞ്ഞു.

സാധാരണഗതിയിൽ ഉരുൾപൊട്ടലിന് ശേഷം ഇത്തരം നീക്കങ്ങൾ ഉണ്ടാകാറുണ്ട്. അതിൽ ഉണ്ടായ ശബ്ദമാണ് കേട്ടത്. ആശങ്കപ്പെടേണ്ടതായി ഒന്നുമില്ല. ഉരുൾപൊട്ടലിനുശേഷമുണ്ടാകുന്ന ഭൂമി പാളികളുടെ നീക്കത്തിനിടയിൽ കുലുക്കവും ശബ്ദവും ഉണ്ടാകും. ഇത് സ്വാഭാവികമാണ്. കേരളത്തിൽ സ്ഥാപിച്ച ഭൂകമ്പമാപിനിയിലെവിടെയും ഭൂചലനം രേഖപ്പെടുത്തിയിട്ടില്ലെന്നു 24 മണിക്കൂറും കൃത്യമായി നിരീക്ഷിക്കുന്നുണ്ടെന്നു നാഷനൽ സീസ്മോളജി സെന്റർ വിശദീകരിച്ചു.

## പ്രധാനമന്ത്രി ഇന്ന് വയനാട്ടിൽ

കൽപ്പറ്റ: ഉരുൾപൊട്ടൽ ദുരന്ത പ്രദേശങ്ങൾ സന്ദർശിക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വയനാട് ജില്ലയിൽ. ഡൽഹിയിൽനിന്ന് വിമാനത്തിൽ കണ്ണൂർ വിമാനത്താവളത്തിലെത്തുന്ന അദ്ദേഹം ഹെലികോപ്റ്ററിൽ വയനാട്ടിലേക്ക് തിരിക്കും. ദുരന്ത ബാധിത പ്രദേശങ്ങളായ ചൂരൽമലയിലും മുണ്ടക്കൈയിലും ആകാശ നിരീക്ഷണം നടത്തിയ ശേഷം രാവിലെ 11ഓടെ കൽപ്പറ്റ എസ്.കെ. എം.ജെ സ്കൂൾ ഗ്രൗണ്ടിൽ ഹെലികോപ്റ്ററിറങ്ങും. തുടർന്ന് റോഡ് മാർഗം മേപ്പാടിയിലേക്ക് തിരിക്കുന്ന അദ്ദേഹം ദുരിതാശ്വാസ ക്യാമ്പും പരുക്കേറ്റവർ ചികിത്സയിൽ കഴിയുന്ന വിംസ് ആശുപത്രിയും സന്ദർശിക്കും. പഴുതടച്ച സുരക്ഷയാണ് എസ്.പി.ജിയും സംസ്ഥാന പൊലീസും ഏർപ്പെടുത്തി. കൽപ്പറ്റ–മേപ്പാടി റൂട്ടിൽ മറ്റ് വാഹനങ്ങൾ കടത്തിവിടില്ല. കർശന ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. മുണ്ടക്കൈ, ചൂരൽമല ദുരന്തബാധിത പ്രദേശങ്ങളിൽ ഇന്ന് തിരച്ചിൽ ഉണ്ടായിരിക്കില്ലെന്നും ഞായറാഴ്ച പുനരാരംഭിക്കുമെന്നും കലക്ടർ അറിയിച്ചു.



## ശ്രീജേഷ് പതാകയേന്തും

പാരീസിൽനിന്ന്
**കമാൽ വരദൂർ**

മറ്റൊരു മലയാളി താരത്തിനും ലഭിക്കാത്ത അംഗീകാരം ഇന്ത്യൻ ഹോക്കിയുടെ ആഗോള വിലാസമായ പി.ആർ ശ്രീജേഷിന്. നാളെ നടക്കുന്ന ഒളിംപിക്സ് സമാപന മാർച്ച് പാസ്റ്റിൽ ഷൂട്ടിങ് താരം മനു ഭാകറിനൊപ്പം ഇന്ത്യൻ പതാക വഹിക്കുക ശ്രീജേഷായിരിക്കും. ഇന്ത്യൻ ഒളിംപിക് അസോസിയേഷൻ അധ്യക്ഷ പി.ടി ഉഷയാണ് ശ്രീജേഷിനെ നിർദ്ദേശിച്ചത്. ഇന്ത്യൻ സംഘത്തലവൻ ഗഗൻ നരാംഗ് ഉൾപ്പെടെ എല്ലാവരും പിന്തുണച്ചു. ഇന്ത്യൻ ഒളിംപിക് അസോസിയേഷനിലെ എല്ലാവരുടെയും ചോയിസ് ശ്രീജേഷായിരുന്നുവെന്ന് ഉഷ പറഞ്ഞു. അത്രമാത്രം സ്നേഹം ശ്രീജേഷിനോട് എല്ലാവർക്കുമുണ്ട്– ഉഷ പറഞ്ഞു. ഉയർന്ന മെഡൽ വേട്ടക്കാരാണ് സാധാരണ ഗതിയിൽ സമാപന മാർച്ച് പാസ്റ്റിൽ പതാക വഹിക്കുക. വനിതാ വിഭാഗത്തിൽ മനു ഭാകർ രണ്ട് വെങ്കലങ്ങൾ നേടിയിരുന്നു. അവരെ വനിതാ വിഭാഗത്തിൽ നിന്നുള്ള പതാക വാഹകയായി നേരത്തെ തീരുമാനിച്ചിരുന്നു. പുരുഷ വിഭാഗത്തിൽ ജാവലിനിൽ വെള്ളി നേടിയ നീരജ് ചോപ്രക്കായിരുന്നു സാധ്യത. എന്നാൽ തുടർച്ചയായി രണ്ടാം ഒളിംപിക്സിലും മെഡൽ സ്വന്തമാക്കി കളിക്കളം വിടാൻ തീരുമാനിച്ച ശ്രീജേഷിന് അദ്ദേഹം നൽകിയ സമർപ്പണത്തിന് അംഗീകാരം നൽകുകയായിരുന്നു. ഇക്കാര്യം നീരജിനോട് സംസാരിച്ചപ്പോൾ മാഡം പറഞ്ഞില്ലെങ്കിലും ഞാൻ ശ്രീഭായിയുടെ പേരാണ് പറയുകയെന്ന് നീരജ് പറഞ്ഞു. മലയാളി ഗോൾകീപ്പറുടെ മികവിലാണ് ഇന്ത്യ വെങ്കലം സ്വന്തമാക്കിയത്. എല്ലാ മൽസരങ്ങളിലും അസാമാന്യ മികവാണ് ശ്രീജേഷ് കാഴ്ചവെച്ചത്. രാജ്യം ഇത്തരം വലിയ അംഗീകാരം നൽകിയതിൽ വലിയ സന്തോഷമുണ്ടെന്ന് ചന്ദ്രികയോട് സംസാരിക്കവെ ശ്രീജേഷ് പറഞ്ഞു. ഒളിംപിക്സ് പോലെ വലിയ വേദിയിൽ രാജ്യത്തിന്റെ പതാക വാഹകനാവാൻ കഴിയുന്നത് ചരിത്ര നേട്ടമാണ്. ജീവിതത്തിൽ ഒരിക്കൽ മാത്രം സംഭവിക്കുന്ന കാര്യം. ഇന്ത്യൻ ഒളിംപിക് അസോസിയേഷനോടും രാജ്യത്തോടും നന്ദിയുണ്ടെന്ന് ശ്രീജേഷ് പറഞ്ഞു.

## ഡൽഹി മദ്യനയ അഴിമതിക്കേസ്
## സിസോദിയയ്ക്ക് ജാമ്യം

**പുറത്തിറങ്ങുന്നത് 17 മാസത്തിനുശേഷം**

ന്യൂഡൽഹി: ഡൽഹി മദ്യനയക്കേസിൽ മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയ്ക്ക് ജാമ്യം. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്ത് 17 മാസത്തിന് ശേഷമാണ് ജാമ്യം ലഭിക്കുന്നത്. സുപ്രീംകോടതിയാണ് ജാമ്യം അനുവദിച്ചത്. സി.ബി.ഐയും ഇ.ഡിയും രജിസ്റ്റർ ചെയ്ത മദ്യനയ കേസുകളിൽ വിചാരണ ആരംഭിക്കുന്നതിലെ കാലതാമസം പരിഗണിച്ചാണ് കോടതി ജാമ്യം നൽകിയത്. സിസോദിയ സമർപ്പിച്ച ജാമ്യാപേക്ഷയിലാണ് ഉത്തരവ്. വിചാരണ വേഗത്തിൽ നടത്താനുള്ള തടവുപുള്ളിയുടെ അവകാശം ലംഘിക്കപ്പെട്ടുവെന്നും സുപ്രീം കോടതി ചൂണ്ടിക്കാട്ടി.



493 സാക്ഷികൾ ഉള്ള കേസിൽ വിചാരണ സമീപകാലത്തൊന്നും അവസാനിക്കാൻ പോകുന്നില്ലെന്ന് സുപ്രീംകോടതി ചൂണ്ടിക്കാട്ടി. മനീഷ് സിസോദിയക്ക് സമൂഹത്തിൽ ആഴത്തിലുള്ള ബന്ധങ്ങൾ ഉണ്ടെന്നും അതിനാൽ അദ്ദേഹം ഒളിച്ചോടാൻ പോകുന്നില്ലെന്നും കോടതി വ്യക്തമാക്കി. എന്നിരുന്നാലും വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ജാമ്യം അനുവദിച്ചിരിക്കുന്നത്. രണ്ട് ആൾ ജാമ്യവും 10 ലക്ഷം രൂപ കെട്ടിവെക്കാനും പാസ്പോർട്ട് സമർപ്പിക്കാനും കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ആഴ്ചയിൽ രണ്ടുതവണ അന്വേഷണ ഉദ്യോഗസ്ഥന് മുമ്പാകെ ഹാജരാകാനും കോടതി നിർദേശിച്ചു. തെളിവുകൾ നശിപ്പിക്കാനോ സാക്ഷികളെ സ്വാധീനിക്കാനോ ശ്രമിക്കരുതെന്നും നിർദേശമുണ്ട്.

## വയനാട് ദുരന്തം: ധനശേഖരണം നിയന്ത്രിക്കണമെന്ന ഹർജി ഹൈക്കോടതി തള്ളി

**ഹർജിക്കാരന് 25000 രൂപ പിഴ, പബ്ലിസിറ്റിക്കു വേണ്ടിയുള്ള ഹർജിയെന്നും നിരീക്ഷണം**

കൊച്ചി: വയനാട് ദുരന്തത്തിന്റെ പേരിൽ വിവിധ സംഘടനകൾ നടത്തുന്ന ധനശേഖരണം നിയന്ത്രിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പൊതുതാൽപര്യ ഹർജി ഹൈക്കോടതി പിഴയോടെ തള്ളി. സിനിമാ നടൻ കൂടിയായ കാസർകോട് സ്വദേശി അഡ്വ. സിഷുക്കൂർ സമർപ്പിച്ച ഹർജിയാണ് പിഴയോടെ തള്ളിയത്. പിഴത്തുകയായി 25000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകണമെന്നും ഹൈക്കോടതി ഉത്തരവിട്ടു. ജസ്റ്റിസ് ജയശങ്കരൻ നമ്പ്യാർ, ജസ്റ്റിസ് വി എം ശ്യാം കുമാർ എന്നിവരുടെ ബെഞ്ചാണ് പിഴയോടെ ഹർജി തള്ളിയത്. പബ്ലിസിറ്റിക്ക് വേണ്ടിയാണ് ഹർജിക്കാരൻ ഇത്തരമൊരു നീക്കം നടത്തിയതെന്ന് വാക്കാൽ നിരീക്ഷിച്ച കോടതി, കോടതിയുടെ സമയം പാഴാക്കിയെന്ന് ചൂണ്ടിക്കാട്ടിയും രൂക്ഷവിമർശനമുന്നയിച്ചു. ഫണ്ട് ദുരുപയോഗം ചെയ്തതിന് കൃത്യമായ ഉദാഹരണങ്ങളൊന്നും ചൂണ്ടിക്കാട്ടാൻ ഹർജിക്കാരന് ആയില്ലെന്നും ഫണ്ട് ദുരുപയോഗം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഹർജിക്കാരൻ ജില്ലാ ഭരണകൂടത്തെയോ നിയമപാലകരെയോ സമീപിച്ച് പരാതികളൊന്നും നൽകിയിട്ടില്ലെന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടി.

വയനാട്ടിലെ ദുരിതബാധിതരെ സഹായിക്കാൻ വിവിധ സംഘടനകൾ ധനശേഖരണം നടത്തുന്നതിനെതിരേയാണ് അഡ്വ. ഷുക്കൂർ കോടതിയെ സമീപിച്ചത്. ദുരിതാശ്വാസ ഫണ്ട് സ്വരൂപിക്കാനും ചെലവഴിക്കാനും കേന്ദ്രീകൃത സംവിധാനം ഉണ്ടാക്കണമെന്നും വിവിധ സംഘടനകൾ ധനശേഖരണം നടത്തുന്നത് നിരുൽസാഹപ്പെടുത്തണമെന്നുമായാരിന്നു പൊതുതാൽപര്യ ഹർജിയിലെ ആവശ്യം.

## എസ്.വൈ.എസ് രാഷ്ട്രരക്ഷാ സംഗമം 15ന്

കോഴിക്കോട്: സുന്നി യുവജന സംഘം സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ 'മതേതരത്വം ഇന്ത്യയുടെ മതം' എന്ന പ്രമേയത്തിൽ സ്വാതന്ത്ര്യദിനത്തിൽ രാഷ്ട്രരക്ഷാ സംഗമം നടത്തും. കേരളം, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിലെ ഇരുപതോളം ജില്ലകളിൽ വൈകിട്ട് നാലിനാണ് പരിപാടി. രാഷ്ട്രരക്ഷാ സംഗമത്തിൽ അതത് ജില്ലകളിലെ മുഴുവൻ പ്രവർത്തകരും മതേതര വിശ്വാസികളും പങ്കാളികളാവും.

## വഖഫ് ഭേദഗതി ബിൽ പരിശോധിക്കാൻ
## 31 അംഗ പാർലമെന്റ് സമിതി

- ഗൗരവ് ഗൊഗോയി, ഉവൈസി, ഇമ്രാൻ മസൂദ് തുടങ്ങിയവർ അംഗങ്ങൾ
- സമിതിയിൽ 21 ലോക്സഭാംഗങ്ങൾ 10 രാജ്യസഭാംഗങ്ങൾ

ന്യൂഡൽഹി: കേന്ദ്ര സർക്കാർ ലോക്സഭയിൽ അവതരിപ്പിച്ച വഖഫ് ഭേദഗതി ബിൽ 2024ന്മേലുള്ള അവലോകനത്തിനായി സംയുക്ത പാർലമെന്ററി സമിതി (ജെ.പി.സി) രൂപീകരിച്ചു. 31 അംഗ ജെ.പി.സിയിൽ 21 അംഗങ്ങൾ ലോക്സഭയിൽനിന്നും 10 അംഗങ്ങൾ രാജ്യസഭയിൽ നിന്നുമാണ്. കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജുവാണ് ഇരുസഭയിലും അംഗങ്ങളെ പ്രഖ്യാപിച്ചത്. ബി.ജെ.പി എം.പിമാരായ ജഗദംബിക പാൽ, നിഷികാന്ത് ദുബേ, തേജസ്വി സൂര്യ, അപരാജിത സാരംഗി, സഞ്ജയ് ജയ്സ്വാൾ, ദിലീപ് സൈകിയ, അഭിജിത്ത് ഗംഗോപാധ്യായ, ഡി. കെ അരുണ എന്നിവർ ലോക്സഭയിൽ നിന്നുള്ള ഭരണകക്ഷി അംഗങ്ങളാണ്. ഗൗരവ് ഗൊഗോയി, ഇമ്രാൻ മസൂദ്, മൊഹമ്മദ് ജാവേദ് എന്നിവരാണ് കോൺഗ്രസിൽ നിന്ന് സമിതിയിൽ ഉള്ളത്.

സമാജ്‌വാദി പാർട്ടിയിൽനിന്ന് മൗലാന മൊഹിബുല്ല നദ്‌വി, തൃണമൂൽ കോൺഗ്രസിൽ നിന്ന് കല്യാൺ ബാനർജി, ഡി.എം.കെയിൽ നിന്ന് എ. രാജ എന്നിവർ സമിതി അംഗങ്ങളാണ്. ടി.ഡി.പിയിൽനിന്ന് ലാവു ശ്രീകൃഷ്ണ ദേവരായലു, ജെ.ഡി.യുവിൽ നിന്ന് ദിലേശ്വർ കാമത്ത്, ഉദ്ദവ് താക്കറെ നേതൃത്വം നൽകുന്ന ശിവസേനയിൽനിന്ന് അരവിന്ദ് സാവന്ത്, എൻ.സി.പി ശരദ് ചന്ദ്ര പവാറിൽനിന്ന് സുരേഷ് ഗോപിനാഥ് മഹത്രെ, ശിവസേന ഷിൻഡെ വിഭാഗത്തിൽനിന്ന് നരേഷ് ഗണപത്, മഹസ്കേ, എൽ.ജെ. പി രാംവിലാസിൽ നിന്ന് അരുൺ ഭാരതി, എ.ഐ.എം.ഐ.എം. എം.പി അസദുദ്ദീൻ ഉവൈസി എന്നിവരാണ് ലോക്സഭയിൽ നിന്നുള്ള മറ്റ് അംഗങ്ങൾ.

രാജ്യസഭയിൽനിന്ന് ബി.ജെ.പി എം.പിമാരായ ബ്രിജ് ലാൽ, മേധ വിശ്രം കുൽക്കർണി, ഗുലാം അലി, രാധാ മോഹൻദാസ് അഗർവാൾ എന്നിവരും കോൺഗ്രസിൽനിന്ന് സയ്യിദ് നാസർ ഹുസൈനും തൃണമൂൽ പ്രതിനിധിയായി മുഹമ്മദ് നദീമുൽ ഹഖും അംഗങ്ങളാവും. വൈ.എസ്.ആർ. കോൺഗ്രസിൽനിന്ന് വി. വിജയസായ് റെഡ്ഡി, ഡി.എം.കെയിൽനിന്ന് എം. മുഹമ്മദ് അബ്ദുള്ള, ആം ആദ്മി പാർട്ടിയിൽനിന്ന് സഞ്ജയ് സിങ്, രാഷ്ട്രപതി നാമനിർദേശം ചെയ്ത ഡി. വീരേന്ദ്ര ഹെഗ്ഡെ എന്നിവരും സമിതിയിലുണ്ടാവും.

### ജെ.പി.സി കമ്മിറ്റി പ്രാതിനിധ്യം
### പ്രതിഷേധം അറിയിച്ച് പി.വി അബ്ദുൽ വഹാബ്

ന്യൂഡൽഹി: മുസ്‌ലിംലീഗ് പ്രതിനിധികളെ ഉൾപ്പെടുത്താതെ വഖഫ് ഭേദഗതി ബിൽ പരിശോധനക്കായി രൂപീകരിച്ച സംയുക്ത പാർലമെന്ററി സമിതി (ജെ.പി.സി) രൂപീകരിച്ച നടപടിയിൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് ദേശീയ ട്രഷറർ പി.വി അബ്ദുൽ വഹാബ് എം.പി പ്രതിഷേധിച്ചു. കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജ്ജുവിനെ ഫോണിൽ വിളിച്ചാണ് പി.വി അബ്ദുൽ വഹാബ് പ്രതിഷേധം അറിയിച്ചത്. ഒരു എം.പി മാത്രമുള്ള പാർട്ടികളെ വരെ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടും അഞ്ച് എം.പിമാരുള്ള മുസ്‌ലിംലീഗിനെ ഉൾപ്പെടുത്താത്ത നടപടി ഖേദകരമാണെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയിലെ മുസ്‌ലിംകളെ ബാധിക്കുന്ന ഒരു ബിൽ സംബന്ധിച്ച നിയമമാണിത്. പാർലമെന്റിൽ ഈ ബില്ലിനെതിരെ ശക്തമായ ശബ്ദമുയർത്തിയ പാർട്ടിയാണ് മുസ്‌ലിം ലീഗ്. ബില്ലിലെ കാര്യങ്ങൾ സംബന്ധിച്ച് മുസ്‌ലിംലീഗിന് അഭിപ്രായങ്ങളും നിർദേശങ്ങളുമുണ്ട്. ഇക്കാര്യങ്ങൾ പകൽവെളിച്ചം പോലെ ബോധ്യമായിട്ടും മുസ്‌ലിംലീഗിനെ അവഗണിച്ച നടപടി അംഗീകരിക്കാനാവില്ലെന്നും പി.വി അബ്ദുൽ വഹാബ് എം.പി പറഞ്ഞു. കിരൺ റിജ്ജുവിന് രേഖാമൂലം പരാതി കൈമാറുകയും ചെയ്തു.

മുസ്‌ലിംലീഗ് അംഗങ്ങളെ ഉൾപെടുത്താത്തതിൽ ലോക്സഭയിൽ കൊടിക്കുന്നിൽ സുരേഷ് പ്രതിഷേധിച്ചു.

## നീറ്റ് പി.ജി പരീക്ഷ മാറ്റണമെന്ന ഹർജി സുപ്രീം കോടതി തള്ളി

ന്യൂഡൽഹി: നീറ്റ് പി.ജി പരീക്ഷകൾ മാറ്റണമെന്ന ഹരജി തള്ളി സുപ്രീംകോടതി. ആഗസ്റ്റ് 11ന് ഞായറാഴ്ച നടക്കുന്ന പരീക്ഷകൾ മാറ്റണമെന്ന് ആവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട ഹരജികളാണ് കോടതി തള്ളിയത്. നീറ്റ് പി.ജി പരീക്ഷയെഴുതുന്ന രണ്ട് ലക്ഷം വിദ്യാർത്ഥികളിൽ അഞ്ച് പേർ മാത്രമാണ് ഹരജിയുമായി എത്തിയിരിക്കുന്നതെന്നും അഞ്ച് പേർക്ക് വേണ്ടി രണ്ട് ലക്ഷം വിദ്യാർത്ഥികളുടെ കരിയർ അപകടത്തിലാക്കാനാവില്ലെന്നും കോടതി നിരീക്ഷിച്ചു. നിരവധി ഉദ്യോഗാർത്ഥികൾക്ക് ദൂരസ്ഥലങ്ങളിലാണ് പരീക്ഷാ കേന്ദ്രങ്ങൾ അനുവദിച്ചതെന്നും എത്തിച്ചേരാൻ ബുദ്ധിമുട്ടുണ്ടെന്നുമായിരുന്നു ഹരജിക്കാരുടെ വാദം.

## വഖഫ് ഭേദഗതി ബിൽ കേന്ദ്ര സർക്കാർ പിന്മാറണം

കോഴിക്കോട്: വഖഫ് ആക്ട് ഭേദഗതി ബിൽ അവതരിപ്പിച്ച് വഖഫ് സ്വത്തുക്കൾ കൈയ്യേറാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ കുത്സിത ശ്രമം അവസാനിപ്പിക്കണമെന്ന് അഖില കേരള വഖഫ് സംരക്ഷണ സമിതി സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. ലക്ഷം കോടികൾ വില വരുന്ന 9.5 ലക്ഷം ഏക്കർ വഖഫ് ഭൂമിയും അതിലെ ആസ്തികളും ഫലത്തിൽ 40 ഭേദഗതികളോടെ അധീനതയിൽ വരുത്താനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. വഖഫ് ബോർഡിനെ നാലായി ഭാഗിക്കുന്നതും അമുസ്‌ലിംകളായ രണ്ട് പേരെ ബോർഡിൽ കുത്തിതിരുകുന്നതും ആരും ആവശ്യപ്പെടാതെ സ്ത്രീകൾക്ക് പ്രാതിനിധ്യം കൊടുക്കുന്നതും തികച്ചും ദുരൂഹമാണ്. ഈ ആസൂത്രിത ഭേദഗതി വരുന്നതോടെ കേന്ദ്ര സംസ്ഥാന വഖഫ് ബോർഡുകൾ ദുർബലമാവുകയാണ്. പകരം അധികാരം സർക്കാർ ഏജൻസിയായ കലക്ടറിൽ എത്തിച്ചേരുകയാണെന്നും സമിതി ചൂണ്ടിക്കാട്ടി. പ്രവർത്തക സമിതിയിൽ വർക്കിംഗ് സൂപ്രണ്ട് ഡോ കെ.എം മുഹമ്മദ് അധ്യക്ഷത വഹിച്ചു. പ്രൊഫ ബീന മൊയ്തീൻ, സി.പി മൻസൂർ, പ്രൊഫ ടി.എ മുഹമ്മദ്, അബ്ദുൽ ഖാദർ കാരന്തൂർ, കെ.പി ആലിക്കോയ, എഞ്ചിനീയർ ഇസ്മാലൂട്ടി, പ്രൊഫ എം.എ പരീത്, കെ.എം മുസ്തഫ സംസാരിച്ചു.

വഖഫ് നിയമ ഭേദഗതി ഭരണഘടന വിരുദ്ധവും മൗലികാവകാശ ലംഘനവുമാണെന്ന് ജമാഅത്തെ ഇസ്‌ലാമി ഹിന്ദ്, കേരള അമീർ പി.മുജീബ് റഹ്മാൻ പ്രസ്താവിച്ചു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ആഗസ്റ്റ് 10 ശനി
ഗൾഫ് ചന്ദ്രിക

## വിമാന യാത്രക്കിടെ പത്തനംതിട്ട സ്വദേശി മരിച്ചു



തോമസ് ചാക്കോ

ദുബൈ: വിമാനയാത്രക്കിടെ പത്തനംതിട്ട സ്വദേശി മരിച്ചു.റാന്നി കല്ലൂർ തോമസ് ചാക്കോ (56) ആണ് കുവൈത്ത് നിന്നും കൊച്ചിയിലേക്കുള്ള വിമാനത്തിൽ വ്യാഴാഴ്ച രാത്രി അസുഖബാധിതനായത്. വിമാനം അടിയന്തിരമായി ദുബൈയിൽ ഇറക്കിയെങ്കിലും രക്ഷിക്കാനായില്ല. മൃതദേഹം ദുബൈയിലെ മോർച്ചറിയിലേക്ക് മാറ്റി. സെപ്റ്റംബർ 14ന് ഇതേ വിമാനത്തിൽ കുവൈത്തിലേക്ക് മടക്കയാത്ര ടിക്കറ്റും എടുത്തിരുന്നു. പിതാവ്: മാത്യു ചാക്കോ. മാതാവ്: ഏലിയാമ്മ. ഭാര്യ: ശോശാമ്മാ തോമസ്



## കറൻസി മൂല്യം

- 1 യു.എ.ഇ ദിർഹം 22.86 ₹
- 1 ഒമാനി റിയാൽ 218.05 ₹
- 1 സൗദി റിയാൽ 22.37 ₹
- 1 ഖത്തർ റിയാൽ 23.02 ₹
- 1 കുവൈത്ത് ദിനാർ 274.19 ₹
- 1 ബഹ്റൈൻ ദിനാർ 222.68 ₹

## സ്വർണവില

(ഗ്രാമിന്-ദിർഹം)

| | |
|---|---|
| 24 കാരറ്റ് | 293.50 |
| 22 കാരറ്റ് | 271.75 |
| 21 കാരറ്റ് | 263.00 |
| 18 കാരറ്റ് | 225.50 |



# ഗസ്സ: വെടിനിർത്തൽ ശ്രമങ്ങൾക്ക് യുഎഇയുടെ പിന്തുണ



അബുദാബി: ഗസ്സയിൽ ശാശ്വതമായി വെടിനിർത്താനുള്ള ശ്രമങ്ങൾക്ക് യുഎഇയുടെ സമ്പൂർണ പിന്തുണ. ഗസ്സയിലെ വെടിനിർത്തൽ കരാറിലെത്തുന്നതിനും ബന്ദികളെ മോചിപ്പിക്കുന്നതിനുമുള്ള ചർച്ചകൾ പുനരാരംഭിക്കുന്നതിനും ഖത്തർ, ഈജിപ്ത്, യുഎസ് എന്നീ രാജ്യങ്ങൾ നടത്തിയ ആഹ്വാനത്തിൽ യുഎഇയും ചേർന്നു. കഴിഞ്ഞ ദിവസം ഖത്തർ അമീർ ശൈഖ് തമീം ബിൻ ഹമദ് അൽതാനി, ഈജിപ്ഷ്യൻ പ്രസിഡന്റ് അബ്ദുൽ ഫത്താഹ് സീസി, യുഎസ് പ്രസിഡന്റ് ജോ ബൈഡൻ എന്നിവർ സംയുക്ത പ്രസ്താവനയിൽ ഇസ്രായേലും ഹമാസും കൂടിക്കാഴ്ച നടത്തി ഗാസ മുനമ്പിൽ വെടിനിർത്തൽ കരാർ അന്തിമമാക്കാൻ ആവശ്യപ്പെട്ടിരുന്നു. ഹമാസിന്റെയും ഹിസ്ബുള്ളയുടെയും മുതിർന്ന അംഗങ്ങൾ കൊല്ലപ്പെട്ടതിന് ശേഷമുള്ള രാജ്യാന്തര ശ്രമങ്ങളുടെ ഭാഗമാണ് ഈ ഇടപെടൽ. ഇടപാടിന് മധ്യസ്ഥത വഹിക്കാൻ ശ്രമിക്കുന്ന മൂന്ന് രാജ്യങ്ങളും ആഗസ്റ്റ് 15 ന് ദോഹയിലേക്കോ കെയ്റോയിലേക്കോ ഇരു പാർട്ടികളെയും ക്ഷണിച്ചു. യുഎഇ ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ ശൈഖ് അബ്ദുല്ല ബിൻ സായിദ് അൽ നഹ്യാൻ പുറപ്പെടുവിച്ച പ്രസ്താവന പ്രകാരം, ആഗസ്റ്റ് 15 ന് അടിയന്തര കൂടിയാലോചന പുനരാരംഭിക്കാനുള്ള ആഹ്വാനത്തോട് പ്രതികരിക്കാൻ ബന്ധപ്പെട്ട കക്ഷികളോട് യുഎഇ അഭ്യർത്ഥിച്ചു. മൂന്ന് രാജ്യങ്ങളിലെയും നേതാക്കൾ വ്യക്തമാക്കിയതുപോലെ, നിലവിലെ കരാർ ഗാസയിലെ ജനങ്ങളുടെയും ബന്ദികളുടെയും അവരുടെ കുടുംബങ്ങളുടെയും ദുരിതം അവസാനിപ്പിക്കുമെന്ന് ശൈഖ് അബ്ദുല്ല പ്രസ്താവനയിൽ പറഞ്ഞു. ഇപ്പോഴത്തെ സാഹചര്യത്തിൽ ഒരു കക്ഷിയും സമയം പാഴാക്കില്ലെന്ന് യുഎഇ പ്രതീക്ഷിക്കുന്നതായും പ്രസ്താവനയിൽ പറയുന്നു. ഗസ്സ മുനമ്പിലെ ദാരുണമായ സാഹചര്യം അവസാനിപ്പിക്കാൻ ശാശ്വത കരാറിലെത്താൻ ഈജിപ്തും ഖത്തറും യുഎസും നടത്തുന്ന മധ്യസ്ഥ ശ്രമങ്ങൾക്ക് ആഴത്തിലുള്ള അഭിനന്ദനവും പൂർണ്ണ പിന്തുണയും ഉണ്ടെന്നും യുഎഇ അറിയിച്ചു. അതിനിടെ, മൂന്ന് മധ്യസ്ഥരുടെ ആവശ്യപ്രകാരം ആഗസ്റ്റ് 15ന് വെടിനിർത്തൽ ചർച്ചകൾ പുനരാരംഭിക്കാൻ സമ്മതിച്ചതായി ഇസ്രായേൽ സ്ഥിരീകരിച്ചു.




## അബുദാബി സ്വൈഹാൻ റോഡിലെ വേഗപരിധി കുറച്ചു

അബുദാബി: വാഹന യാത്രക്കാർക്ക് മുന്നറിയിപ്പുമായി അബുദാബി പൊലീസ്. സൈ്വഹാൻ റോഡിൽ ഒരു മേഖലയിലെ പരമാവധി വേഗപരിധി കുറച്ചിരിക്കുകയാണ് അധികൃതർ. മണിക്കൂറിൽ 100 കിലോമീറ്ററായാണ് വേഗപരിധി കുറച്ചത്. സൈ്വഹാൻ റോഡിൽ അബുദാബി ദിശയിൽ തെലാൽ സൈ്വഹാൻ മേഖലയിലാണ് പരമാവധി വേഗപരിധിയിൽ മാറ്റം നടപ്പിലാക്കിയിരിക്കുന്നതെന്ന് പൊലീസ് വ്യക്തമാക്കി. മേഖലയിലെ റോഡപകടങ്ങൾ കുറക്കുന്നതിന്റെ ഭാഗമായാണ് പുതിയ നടപടി. വേഗപരിധി സംബന്ധിച്ച മാറ്റം വാഹനമോടിക്കുന്നവർ കർശനമായി പാലിക്കണമെന്ന് അബുദാബി പൊലീസ് നിർദേശിച്ചു.



## പോർട്ടബിൾ വാഹനങ്ങളുടെ നമ്പർ പ്ലേറ്റ് മറച്ചാൽ 400 ദിർഹം പിഴ

അബുദാബി: പോർട്ടബിൾ വാഹനങ്ങളുടെ നമ്പർ പ്ലേറ്റുകളുടെ വിവരങ്ങൾ മറച്ചുവെക്കാതിരിക്കാൻ ഡ്രൈവർമാരോട് അബുദാബിബപോലീസ് ആവശ്യപ്പെട്ടു. കയറ്റിക്കൊണ്ടുപോവുന്ന വാഹനങ്ങളുടെ നമ്പർ പ്ലേറ്റ് മറച്ചുവെക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. റിക്കവറി വാഹനങ്ങളുടെ ഡ്രൈവർമാർക്ക് ഫെഡറൽ ട്രാഫിക് നിയമം അനുസരിച്ച് ട്രാഫിക് നിർദ്ദേശങ്ങൾ പാലിക്കാത്തതിന് 400 ദിർഹവും 4 ട്രാഫിക് പോയിന്റുകളും പിഴ ചുമത്തും.

# വരുന്നൂ... ഇത്തിഹാദിന്റെ ന്യൂജൻ വിമാനങ്ങൾ

## ഇത്തിഹാദ് എയർവേയ്സിന് വളർച്ച

## പുതിയ തലമുറ വിമാനങ്ങൾ എത്തും




അബുദാബി: ഇത്തിഹാദ് എയർവേയ്സ് നടപ്പ് വർഷത്തിലെ ആദ്യപകുതിയിൽ വമ്പിച്ച വളർച്ച രേഖപ്പെടുത്തി. നികുതിക്ക് ശേഷമുള്ള ലാഭത്തിൽ 48 ശതമാനം വർദ്ധനവുണ്ടായി. കഴിഞ്ഞ വർഷം ഇതേകാലയളവിൽ 575 ദശലക്ഷം വരുമാനമുണ്ടാക്കിയപ്പോൾ ഈ വർഷം 851 ദശലക്ഷം ദിർഹമായി ഉയർന്നു. പ്രധാനമായും യാത്രക്കാരുടെ വരുമാനം 24 ശതമാനം വർഷം തോറും വർധിച്ചു. എയർപോർട്ടിന്റെ വികസനവും കൂടുതൽ വിമാനങ്ങൾ സർവീസ് നടത്തിയതും ഗുണം ചെയ്തു. 2023ലെ ഇതേ കാലയളവിനെ അപേക്ഷിച്ച് കാർഗോ വരുമാനത്തിൽ ശ്രദ്ധേയമായ 10 ശതമാനം വർധനവുണ്ടായി. ഇത് പ്രധാനമായും ചരക്ക് വിമാനങ്ങളുടെ ഉയർന്ന ഡിമാൻഡും ഉയർന്ന ചരക്ക് ശേഷിയുമാണ്. വർഷത്തിന്റെ ആദ്യ പകുതിയിൽ ഇത്തിഹാദ് 8.7 ദശലക്ഷം യാത്രക്കാരെ വഹിച്ചു. വർഷം തോറും 38 ശതമാനം വർധിച്ചു.

ഇതേ കാലയളവിൽ മിഡിൽ ഈസ്റ്റേൺ കാരിയറുകളുടെ അയാട്ട റിപ്പോർട്ട് ചെയ്ത ശരാശരി വളർച്ചാ നിരക്കായ 13 ശതമാനത്തേക്കാൾ ഏകദേശം മൂന്നിരട്ടി കൂടുതലാണിത്. ഈ വർഷം ആദ്യ പകുതിയിൽ ശരാശരി പാസഞ്ചർ ലോഡ് ഘടകം 85 ശതമാനമാണ്, കഴിഞ്ഞ വർഷത്തെ ആദ്യ പകുതിയുമായി താരതമ്യം ചെയ്യുമ്പോൾ മാറ്റമില്ലാതെ തുടരുന്നു. വർഷത്തിന്റെ ആദ്യ പകുതിയിൽ ഇത്തിഹാദിന്റെ 8.7 ദശലക്ഷം യാത്രക്കാർ 2024 ജനുവരി മുതൽ ജൂൺ വരെ സായിദ് അന്താരാഷ്ട്ര വിമാനത്താവളത്തിലെ മൊത്തം 13.7 ദശലക്ഷം യാത്രക്കാരിൽ 63 ശതമാനത്തിലധികം വരും. 2023 ന്റെ ആദ്യ പകുതിയെ അപേക്ഷിച്ച് വിമാനത്താവളത്തിലൂടെയുള്ള യാത്രക്കാരുടെ എണ്ണത്തിൽ ഏകദേശം 34 ശതമാനം വർദ്ധനവ്, അബുദാബിയുടെ ടൂറിസവും വ്യാപാരവും വർദ്ധിപ്പിക്കുന്നതിൽ എയർലൈനിന്റെ പ്രധാന പങ്ക് എടുത്തുകാണിക്കുന്നതായി ഇത്തിഹാദ് ഏവിയേഷൻ ഗ്രൂപ്പിന്റെ ചെയർമാൻ മുഹമ്മദ് അലി അൽ ഷൊറാഫ പറഞ്ഞു. അബുദാബിയുടെ ടൂറിസം, സാമ്പത്തിക വികസനം എന്നിവയിൽ ഇത്തിഹാദ് നിർണായക പങ്ക് വഹിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. തന്ത്രപരമായ വളർച്ചയും നെറ്റ്വർക്ക് വിപുലീകരണവും ഇത്തിഹാദിന്റെ തലസ്ഥാനത്തിന്റെ കണക്റ്റിവിറ്റിയെ ശക്തിപ്പെടുത്തുക മാത്രമല്ല, യുഎഇയുടെ സമ്പദ്വ്യവസ്ഥയുടെ അഭിവൃദ്ധിയിലേക്ക് കാര്യമായ സംഭാവന നൽകുകയും ചെയ്യുന്നു. അടുത്ത 18 മാസത്തിനുള്ളിൽ ഇത്തിഹാദ് ടീമിലേക്ക് 20ലധികം പുതിയ തലമുറ വിമാനങ്ങൾ എത്തും. ഇത് മുൻ മോഡലുകളെ അപേക്ഷിച്ച് മലിനീകരണം കുറയ്ക്കുകയും 20 ശതമാനം വരെ കൂടുതൽ കാര്യക്ഷമതയുണ്ടാവും.

# അബുദാബിയിൽ ചൈനീസ് ഉത്പന്നങ്ങളുടെ രാജ്യാന്തര എക്സിബിഷൻ നവംബറിൽ




ജിയാങ്സു ഓവർസീസ് കോ ഓപ്പറേഷൻ ആൻഡ് ഇൻവെസ്റ്റ്മെന്റ് കമ്പനി ജനറൽ മാനേജർ സൂ യോങ്കാങ് അബുദാബിയിൽ വാർത്താ സമ്മേളനത്തിൽ

അബുദാബി: ചൈനീസ് ഇൻഡസ്ട്രിയൽ പ്രോഡക്ട്സ് എക്സിബിഷൻ വിപുലമായ രീതിയിൽ നവംബർ 18,19 തിയ്യതികളിൽ അബുദാബിയിൽ നടക്കുമെന്ന് അധികൃതർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ചൈന-യുഎഇ ഇൻഡസ്ട്രിയൽ കപ്പാസിറ്റി കോ-ഓപ്പറേഷൻ ഡെമോൺസ്ട്രേഷൻ സോണിന്റെ നേതൃത്വത്തിലാണ് രാജ്യാന്തര നിലവാരത്തിലുള്ള എക്സിബിഷൻ സംഘടിപ്പിക്കുന്നത്. ലോകോത്തര നിലവാരം പുലർത്തുന്ന ചൈനീസ് ഉൽപന്നങ്ങളുടെ പ്രദർശനവും വാണിജ്യസാധ്യതകളുമുള്ള എക്സിബിഷൻ എംഐഇ ഇവന്റിന്റെ സഹകരണത്തോടെയാണ് എക്സിബിഷൻ സംഘടിപ്പിക്കുന്നതെന്ന്

ജിയാങ്സു ഓവർസീസ് കോഓപ്പറേഷൻ ആൻഡ് ഇൻവെസ്റ്റ്മെന്റ് കമ്പനി ജനറൽ മാനേജർ സൂ യോങ്കാങ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. അബുദാബി ഖലീഫ ഇൻഡസ്ട്രിയൽ സോണിലെ ജോകിക് പാർക്കിൽ വെച്ചാണ് എക്സിബിഷൻ ഒരുക്കുന്നത്. നൂറിലേറെ ചൈനീസ് സംരംഭകർ എക്സിബിഷനിൽ പങ്കെടുക്കും. ഓയിൽ എക്വിപ്മെന്റ് , മാനുഫാക്ച്ചറിങ് ടെക്നോളജി , ബിൽഡിംഗ് മെറ്റീരിയൽസ്, എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ തുടങ്ങിയ മേഖലകളിലെ മുൻനിര സ്ഥാപനങ്ങളാണ് എക്സിബിഷനിൽ പങ്കെടുക്കുക. സെമിനാറുകൾ, ശില്പശാലകൾ, കോർപ്പറേറ്റ് റോഡ്ഷോകൾ, നിരവധി അനുബന്ധ പരിപാടികൾ എക്സിബിഷന്റെ ഭാഗമായി നടക്കും. ചൈനയും യുഎഇയും തമ്മിലുള്ള സാമ്പത്തിക സഹകരണം കൂടുതൽ ദൃഢമാക്കുക, ചൈനയുടെ വ്യാവസായിക രംഗത്തെ കാര്യക്ഷമത പ്രദർശിപ്പിക്കുക തുടങ്ങിയവയാണ് പ്രദർശനം ലക്ഷ്യമിടുന്നതെന്നും സംഘാടകർ അറിയിച്ചു.

പ്രദർശകർ അവരുടെ നൂതന നേട്ടങ്ങളും ഉയർന്ന നിലവാരമുള്ള ഉൽപ്പന്നങ്ങളും പ്രദർശിപ്പിക്കും. പ്രദർശന വേളയിൽ, നിരവധി ഉയർന്ന തലത്തിലുള്ള തീം ഫോറങ്ങൾ, പ്രത്യേക എക്സ്ചേഞ്ച് മീറ്റിംഗുകൾ, കോർപ്പറേറ്റ് റോഡ്ഷോകൾ, സംവേദനാത്മക അനുഭവങ്ങൾ, മറ്റ് അനുബന്ധ സഹായ പ്രവർത്തനങ്ങൾ എന്നിവ നടക്കും. ചൈനയിലെയും യുഎഇയിലെയും സർക്കാർ വകുപ്പുകളിൽ നിന്നുള്ള നേതാക്കൾ, ഇരു രാജ്യങ്ങളിലെയും വിവിധ വ്യാവസായിക, വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും വൻകിട സംരംഭങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ, ചൈനീസ് വ്യവസായത്തിന്റെ വിവിധ ഉപമേഖലകളിലെ പ്രമുഖ സംരംഭങ്ങൾ, യുഎഇ, ഗൾഫ് മേഖലകളിൽ നിന്നുള്ള പ്രൊഫഷണൽ വാങ്ങുന്നവർ, ബിസിനസ്സ് അസോസിയേഷനുകളുടെ പ്രതിനിധികൾ സഹകരണം ചർച്ച ചെയ്യാൻ ജോകിക് പാർക്കിൽ ഒത്തുകൂടും. 2023 മാർച്ചിൽ നടത്തിയ എക്സിബിഷനിൽ അമ്പതിലധികം കമ്പനികൾ പങ്കെടുത്തിരുന്നു. വാങ് ഹൈലിൻ, വൂ ബിൻ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# അൽദൈദ് സർവകലാശാല സെപ്.16ന് തുറക്കും



ഷാർജ: അൽദൈദ് സർവകലാശാല പ്രവർത്തനങ്ങൾക്ക് സജ്ജമായി. സുപ്രീം കൗൺസിൽ അംഗവും ഷാർജ ഭരണാധികാരിയുമായ ഡോ.ശൈഖ് സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസിമി, സെപ്തംബർ 16 ന് അൽ ദൈദ് സർവകലാശാലയുടെ ഉദ്ഘാടനം പ്രഖ്യാപിച്ചു. ഷാർജയുടെ മധ്യമേഖലയ്ക്ക് പ്രയോജനം ചെയ്യാനും തൊഴിലന്വേഷകരെ സജ്ജരാക്കാനും പ്രൊഫഷണൽ നിലവാരം പുലർത്തുന്നതിന് ആവശ്യമായ കഴിവുകൾ വികസിപ്പിക്കാനും പുതിയ സ്ഥാപനം ലക്ഷ്യമിടുന്നു. കൃഷിയും വെറ്ററിനറി മെഡിസിനും കേന്ദ്രീകരിച്ചുള്ള ഫാക്കൽറ്റികൾ ഇതിൽ ഉൾപ്പെടും. വെറ്ററിനറി മെഡിസിൻ ഫാക്കൽറ്റിയിലേക്കുള്ള പ്രവേശനത്തിന് മികച്ച സെക്കൻഡറി വിദ്യാഭ്യാസ ഗ്രേഡുകൾ അത്യാവശ്യമാണ്. ഷാർജയിലെ വിജയകരമായ ജീവിതത്തിന് ആവശ്യമായ പ്രത്യേക പ്രോഗ്രാമുകൾ വാഗ്ദാനം ചെയ്തും തൊഴിലന്വേഷകർക്ക് പ്രയോജനപ്പെടുന്ന ഉയർന്ന തലത്തിലുള്ള യോഗ്യതകൾ നൽകിക്കൊണ്ട് ഡോ.ശൈഖ് സുൽത്താൻ അൽ ദൈദ് സർവകലാശാലയുടെ പ്രാധാന്യം എടുത്തുകാട്ടി.

# പൊതുഗതാഗതം ശക്തമാക്കി അജ്മാൻ



അജ്മാൻ: അജ്മാൻ ട്രാൻസ്പോർട്ട് അതോറിറ്റി പൊതുഗതാഗത സംവിധാനം ശക്തമാക്കാൻ പദ്ധതികൾ ആവിഷ്കരിക്കുന്നു. ഈ ശ്രമങ്ങളുടെ ഭാഗമായി 2023 ന്റെ ആദ്യ പകുതിയിൽ പൊതുഗതാഗത സേവനങ്ങൾ ഉപയോഗിക്കുന്നത് 18% വർദ്ധനവ് റിപ്പോർട്ട് ചെയ്തു, 1,980,386 യാത്രക്കാർ ഈ സേവനം ഉപയോഗിച്ചു. പൊതുഗതാഗത ബസുകൾ 62,327 ട്രിപ്പുകൾ നടത്തി. സേവനങ്ങളും ഉപഭോക്തൃ അനുഭവവും മെച്ചപ്പെടുത്താൻ അതോറിറ്റി ക്രിയാത്മകമായി പ്രവർത്തിക്കുന്നു. തിരക്കേറിയ പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതിനും ആധുനികവും സുഖപ്രദവുമായ ഗതാഗതം പ്രദാനം ചെയ്യുന്നതിനുള്ള എടിഎയുടെ ശ്രമങ്ങളെ പബ്ലിക് ട്രാൻസ്പോർട്ട് ആൻഡ് ലൈസൻസിംഗ് കോർപ്പറേഷന്റെ പബ്ലിക് ട്രാൻസ്പോർട്ട് എക്സിക്യൂട്ടീവ് ഡയറക്ടർ എൻജിനീയർ സാമി അലി ഖമീസ് അൽ ജലാഫ് വിലയിരുത്തി. കാത്തിരിപ്പ് സ്റ്റേഷനുകൾ ഉൾപ്പെടെയുള്ള പൊതുഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനുമായി അതോറിറ്റി പ്രവർത്തിക്കുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

# ദുബൈ എക്സ്പോ സിറ്റിയിൽ 15 മിനിറ്റ് നഗരമൊരുങ്ങുന്നു



ദുബൈ: ദുബൈ എക്സ്പോ സിറ്റിയിൽ വേറിട്ട ടൗൺഷിപ്പ് ഒരുങ്ങുന്നു. യുഎഇയുടെ ആദ്യത്തെ 15 മിനിറ്റ് നഗരമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇവിടെ ആദ്യ വീടുകൾ 2026 തുടക്കത്തിൽ കൈമാറുമെന്ന് എക്സ്പോ സിറ്റി ദുബൈ അധികൃതർ അറിയിച്ചു. 2021-22 വർഷത്തിൽ ലോകമേള നടന്ന നഗരിയിൽ വ്യത്യസ്ഥമായ താമസയിടമാണ് ഒരുക്കുന്നത്. ആകർഷകമായ ഗതാഗത ലിങ്കുകളും സ്കൂളുകളും പാർക്കുകളും താമസക്കാർക്ക് നടക്കാവുന്ന ദൂരത്തിൽ ഉള്ള ഒരു നഗരമായി മാറുകയാണ്. വിശാലമായ എക്സ്പോ 2020 സൈറ്റിനെ ഒരു റെസിഡൻഷ്യൽ കമ്മ്യൂണിറ്റിയാക്കി മാറ്റുന്ന പാതകളും ഹൈക്കിംഗ് ട്രയലുകളും ഉള്ള അപ്പാർട്ട്മെന്റുകളും വില്ലകളും നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. ഒന്ന് മുതൽ നാല് വരെ കിടപ്പുമുറികൾ വരെയുള്ള വീടുകൾ ഉൾക്കൊള്ളുന്ന അപ്പാർട്ട്മെന്റ് കെട്ടിടങ്ങൾക്ക് സർറിയൽ വാട്ടർ ഫീച്ചറിന്റെയും കൂറ്റൻ അൽ വാസൽ പ്ലാസയുടെയും കാഴ്ചകൾ ഉണ്ടാകും. പ്രദേശത്ത് നിർമിക്കുന്ന സ്കൂളിന്റെയും ആശുപത്രിയുടെയും വിശദാംശങ്ങൾ ഉടൻ പ്രഖ്യാപിക്കുമെന്ന് മുതിർന്ന എക്സ്പോ ഉദ്യോഗസ്ഥൻ പറഞ്ഞു. മൂന്ന് റെസിഡൻഷ്യൽ പ്രോജക്ടുകളിലെ വീടുകൾ 2026ൽ കൈമാറും. നിർമാണ മേഖലകൾ ഒഴികെയുള്ള സ്ഥലങ്ങളിൽ എക്സ്പോ സിറ്റി ദുബൈ ഇവന്റുകൾക്കും സന്ദർശകർക്കുമായി തുറന്നിരിക്കുന്നു. ഓഫീസുകൾ, വിനോദം, ഇവന്റുകൾ, കോഫി ഷോപ്പുകൾ എല്ലാം 15 മിനിറ്റിനുള്ളിൽ എത്തിച്ചേരാവുന്ന മനുഷ്യ കേന്ദ്രീകൃത സമീപനത്തിനായുള്ള കാഴ്ചപ്പാടിന്റെ തുടക്കമാണ് പദ്ധതികളെന്ന് അദ്ദേഹം പറഞ്ഞു. നഗരം വളരുകയാണ്, അതിന് സ്വന്തമായി സ്കൂളുകൾ, ആശുപത്രികൾ, ഓഫീസുകൾ, ഏതൊരു നഗരത്തിനും വളരാൻ ആവശ്യമായ എല്ലാ ഘടകങ്ങളും ഉണ്ടായിരിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എക്സ്പോയ്ക്ക് ചുറ്റുമുള്ള പ്രദേശം മുഴുവൻ എക്സ്പോയുടെ ഉടമസ്ഥതയിലുള്ളതാണ്, ആ ഭൂമി ഇപ്പോൾ വികസിപ്പിക്കുകയാണ്. ഇവന്റിന്റെ ആവശ്യത്തിനായി നിർമ്മിച്ചതാണ്, ഇപ്പോൾ ഇവന്റ് അവസാനിച്ചതിനാൽ, നഗരം ചുറ്റുമുള്ള പ്ലോട്ടുകളിലേക്ക് വളരുകയാണ്.

# പൊതു മാപ്പ്: എംബസി ഇടപെടൽ വേഗത്തിലാക്കണം: ദുബൈ കെഎംസിസി



ദുബൈ കെഎംസിസി നേതാക്കൾ ദുബൈയിലെ ഇന്ത്യൻ ഡെപ്യൂട്ടി കോൺസുൽ ജനറൽ യതിൻ പട്ടേലിന് നിവേദനം നൽകുന്നു

ദുബൈ: പൊതുമാപ്പ് ഉപയോഗിച്ച് നാട്ടിലേക്ക് പോകാൻ ആഗ്രഹിക്കുന്നവരുടെ പാസ്പോർട്ട് ഉൾപ്പെടെയുള്ള രേഖകളുടെ നടപടിക്രമങ്ങൾ വേഗത്തിൽ തീർപ്പാക്കണമെന്ന് ദുബൈ കെഎംസിസി നേതാക്കൾ ആവശ്യപ്പെട്ടു. ദുബൈയിലെ ഇന്ത്യൻ ഡെപ്യൂട്ടി കോൺസുൽ ജനറൽ യതിൻ പട്ടേലുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ഇക്കാര്യം ഉന്നയിച്ചത്. പ്രവാസികളുടെ ഭൗതിക ശരീരം നാട്ടിലേക്ക് എത്തിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണമെന്നും എംബസി മുഖേന ലഭിക്കുന്ന സാമ്പത്തിക സഹായത്തിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടു. ഇന്ത്യൻ എംബസിയിൽ നിന്നും പ്രവാസികൾക്ക് ലഭിക്കുന്ന സാമ്പത്തിക സഹായത്തിന് വേണ്ട രേഖകൾ ലഭിക്കാൻ പ്രയാസങ്ങൾ അനുഭവപ്പെടുന്നതായും ബോധിപ്പിച്ചു. ബി. എൽ.എസ്. കേന്ദ്രം വഴി പാസ്പോർട്ട് പുതുക്കുന്നതിന് നടത്തുന്ന ഓൺലൈൻ അപ്പോയിന്റ്മെന്റ് എളുപ്പത്തിലും വേഗത്തിലുമാക്കണമെന്നും സംഘം ആവശ്യപ്പെട്ടു. ദുബൈ കെഎംസിസി ആക്ടിംഗ് പ്രസിഡന്റ് മുഹമ്മദ് പട്ടാമ്പി, സംസ്ഥാന ഭാരവാഹികളായ ഹസ്സൻ ചാലിൽ, അഡ്വ.ഖലീൽ ഇബ്രാഹീം, റഊസ് തലശ്ശേരി എന്നിവരാണ് നിവേദനം കൈമാറിയത്.



ഗസ്സയിൽ മാസങ്ങളായി തുടരുന്ന യുദ്ധം അടിയന്തര മായി അവസാനിപ്പിക്കേണ്ടതുണ്ട്. വെടിനിർത്തലിനു വേണ്ടി യു.എസ്, ഈജിപ്ത്, ഖത്തർ എന്നീ രാജ്യങ്ങൾ നടത്തുന്ന മധ്യസ്ഥ ശ്രമങ്ങളെ ഫ്രാൻസ് പൂർണമായും പിന്തുണക്കും. വെടിനിർത്തൽ ഗസ്സയിലെ ജന ങ്ങൾക്കും ബന്ദികളാക്കപ്പെട്ടവർക്കും മേഖലയുടെ സ്ഥിരതക്കും നിർണായകമാണ്.

**–ഇമ്മാനുവൽ മാക്രോൺ**
(ഫ്രാൻസ് പ്രസിഡന്റ്)

## പെൺകുട്ടികളുടെ വിവാഹപ്രായം ഒമ്പതാക്കി കുറയ്ക്കാൻ ഇറാഖ്

ബാഗ്ദാദ്: പെൺകുട്ടികളുടെ വിവാഹപ്രായം ഒമ്പതു വയസ്സാക്കി വെട്ടിക്കുറക്കാനുള്ള നീക്കവുമായി ഇറാഖ്. ഇതു സംബന്ധിച്ച നിയമം ഉടൻ പുറത്തിറക്കും. വ്യക്തിഗത നിയമത്തിൽ ഭേദഗതി വരുത്തി പാർലമെന്റിൽ നിയമം വൈകാതെ അവതരിപ്പിക്കും. വിവാഹപ്രായം കുറക്കുന്നത് സംബന്ധിച്ച ബിൽ കഴിഞ്ഞ ജൂലൈയിൽ കൊണ്ടുവന്നെങ്കിലും പിന്നീടത് പിൻവലിച്ചു. നിലവിൽ പെൺകുട്ടികളുടെ കുറഞ്ഞ വിവാഹപ്രായം 18 വയസ്സാണ്. ഭേദഗതി നിലവിൽ വന്നാൽ പെൺകുട്ടികളുടേത് ഒമ്പതും ആൺകുട്ടികളുടേത് 15 വയസ്സായി മാറും. അതേസമയം, വിവാദ നിയമ ഭേദഗതിക്കെതിരെ രാജ്യാന്തര മനുഷ്യാവകാശ സംഘടനയായ ഹ്യൂമൻ റൈറ്റ് വാച്ച് രംഗത്തുവന്നു.

**ഗൾഫ്/വിദേശ വാർത്തകൾ**

# വയനാടിന്റെ കണ്ണീരൊപ്പാൻ
# കരുതലോടെ,കൈകോർത്ത് കെഎംസിസി



മുസ്‌ലിംലീഗ് വയനാട് പുനഃരവധിവാസ പാക്കേജിലേക്ക് കെ.എം.സി.സി പ്രവർത്തകർ ഹാരിസ് വയനാട് സൗജന്യമായി വിട്ട് നൽകുന്ന സ്ഥലത്തിന്റെ സമ്മത പത്രം ബന്ധു ഖാലിദ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളെ ഏൽപ്പിക്കുന്നു

**മുസ്‌ലിംലീഗ് വയനാട് പുനരധിവാസ പാക്കേജ്**

## വയനാട്ടിൽ 50 സെന്റ് സ്ഥലം കൈമാറി കെഎംസിസി പ്രവർത്തകൻ

**■ മുസ്‌ലിംലീഗ് വയനാട് ധനസമാഹരണം കേരളീയ സമൂഹം ഏറ്റെടുത്തു: സാദിഖലി തങ്ങൾ**

മലപ്പുറം: മുസ്‌ലിംലീഗിന്റെ വയനാട് പുനഃരധിവാസ പദ്ധതിയിലേക്ക് വയനാട്ടിൽ 50 സെന്റ് സ്ഥലം സൗജന്യമായി നൽകി കെ.എം.സി.സി പ്രവർത്തകൻ. ദുരിതബാധിതർക്ക് വീട് വെച്ച് നൽകാനാണ് കെ.എം.സി. സി പ്രവർത്തകൻ ഹാരിസ് വയനാട് ഭൂമി നൽകുന്നത്. ഭൂമി നൽകാനുള്ള സമ്മതപത്രം ഹാരിസിന്റെ സഹോദരൻ ഖാലിദ് പാണക്കാട് നടന്ന ചടങ്ങിൽ മുസ്‌ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾക്ക് കൈമാറി. പടിഞ്ഞാറത്തറ പഞ്ചായത്തിൽ പെട്ട 50 സെന്റ് ഭൂമിയാണ് കൈമാറിയത്. മുസ്‌ലിംലീഗ് വയനാട് പുനഃരധിവാസ പാക്കേജിന്റെ ഭാഗമായി നിർമിക്കുന്ന വീടുകൾക്ക് അനുയോജ്യമായ ഭൂമിയാണിത്. മുസ്‌ലിംലീഗിന്റെ വയനാട് പുനഃരധിവാസ പദ്ധതി വലിയ രീതിയിലാണ് കേരളീയ സമൂഹം ഏറ്റെടുത്തതെന്നും മുസ്‌ലിംലീഗ് അണികളും അല്ലാത്തവരും ലോകത്തെ വിവിധ ഭാഗങ്ങളിലുള്ള മലയാളി സമൂഹവും പലതരത്തിൽ ഈ സമാഹരണത്തിന്റെ ഭാഗമാകുന്നുണ്ടെന്നും സാദിഖലി തങ്ങൾ പറഞ്ഞു. എത്രയും വേഗത്തിൽ തന്നെ അവരുടെ എല്ലാ തരത്തിലുമുള്ള പുനഃരധിവാസം സാധ്യമാകാൻ മുസ്‌ലിം ലീഗ് വിവിധ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്നും ധനസമാഹരണം കഴിയുന്ന ഉടൻ തന്നെ മറ്റ് നടപടികളിലേക്ക് കടക്കുമെന്നും തങ്ങൾ കൂട്ടിച്ചേർത്തു. ചടങ്ങിൽ മുസ്‌ലിംലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി, സംസ്ഥാന ജനറൽ സെക്രട്ടറി പി.എം.എ സലാം, കെ.കെ ആബിദ്ഹുസൈൻ തങ്ങൾ എം.എൽ.എ, പി. അബ്ദുൽ ഹമീദ് എം.എൽ.എ, അഡ്വ. മുഹമ്മദ് ഷാ, പി.എം.എ സമീർ, കെ.എം.സി.സി സൗദി നാഷണൽ കമ്മിറ്റി പ്രസിഡന്റ് കുഞ്ഞിമോൻ കാക്കിയ, മുഖ്യ രക്ഷാധികാരി കെ.പി മുഹമ്മദ് കുട്ടി, സുലൈമാൻ മാളിയേക്കൽ, ഹാരിസ് പെരുവള്ളൂർ, അൻസാർ കൊണ്ടോട്ടി, ജിദ്ദ കെ.എം.സി.സി നേതാക്കളായ വി.പി മുസ്തഫ, ഇസ്മായിൽ മുണ്ടുപറമ്പ്, ഹാരിസിന്റെ ബന്ധുക്കളായ ഹാരിസ്, അഷ്റഫ്, അബ്ദുറഹിമാൻ, ബിഷർ മാസ്റ്റർ പങ്കെടുത്തു.



മുസ്‌ലിം ലീഗ് പുനരധിവാസ പദ്ധതി ഉപസമിതി അംഗവും യൂത്ത് ലീഗ് സ്റ്റേറ്റ് സെക്രട്ടറിയുമായ ടി.പി.എം ജിഷാൻ കുവൈത്ത് കെഎംസിസി സംഘത്തിനോട് സംസാരിക്കുന്നു

## കുവൈത്ത് കെഎംസിസി സംഘം വയനാട്ടിൽ

കുവൈത്ത് സിറ്റി : കുവൈത്ത് കെഎംസിസിസംഘം വയനാട് സന്ദർശനം നടത്തി. ജനറൽ സെക്രട്ടറി മുസ്തഫ കാരിയുടെയും വൈസ് പ്രസിഡന്റ് എം.ആർ നാസറിന്റെയും നേതൃത്വത്തിൽ ദുരിതത്തിൽ അകപ്പെട്ട കെ.എം.സി.സി അംഗങ്ങൾ ഉൾപ്പടെയുള്ള കുവൈത്ത് പ്രവാസികളുമായി കൂടികാഴ്ച്ച നടത്തുകയും അവർക്കുള്ള അടിയന്തര സഹായം കൈമാറുകയും ചെയ്തു. കുവൈത്ത് കെ.എം.സിസി വയനാട് ജില്ലാ കമ്മിറ്റി നൽകിയ അപേക്ഷ പരിഗണിച്ച് ആണ് മെമ്പർമാർ അടക്കം ദുരിതബാധിത പ്രദേശങ്ങളിൽ പെട്ട കുവൈത്ത് പ്രവാസികൾക്ക് സഹായം കൈമാറിയത്.

വയനാട്ടിൽ നടന്ന ദാരുണ സംഭവത്തിന്റെ ദൃക്സാക്ഷികളായ കുവൈത്ത് കെഎംസിസി കൽപ്പറ്റ മണ്ഡലം പ്രസിഡന്റ് അബ്ദുൽ അസീസ് മുണ്ടക്കൈ, സെക്രട്ടറി സാഹിർ മുണ്ടക്കൈ എന്നിവർ കെഎംസിസി സംഘത്തിനു മുന്നിൽ കാര്യങ്ങൾ വിശദീകരിച്ചു. ചൂരൽമല മുണ്ടക്കൈ പുനരധിവാസ പദ്ധതിയുടെ മുസ്ലിം ലീഗ് സംസ്ഥാന ഉപസമിതി ഓഫീസിൽ നടന്ന കൂടികാഴ്ചയിൽ മുസ്‌ലിം ലീഗ് പുനരധിവാസ പദ്ധതി ഉപസമിതി അംഗവും യൂത്ത് ലീഗ് സ്റ്റേറ്റ് സെക്രട്ടറിയുമായ ടി.പി.എം ജിഷാൻ, മുസ്‌ലിം ലീഗ് കണ്ണൂർ ജില്ലാ പ്രസിഡന്റ് അബ്ദുൽ കരീം ചേലേരി യൂത്ത് ലീഗ് അഖിലേന്ത്യ വൈസ് പ്രസിഡന്റ് മുഫീദ തെസ്നി, കുവൈത്ത് കെ.എം.സി.സി തൃശൂർ ജില്ലാ പ്രസിഡന്റ് ഹബീബുള്ള മുറ്റിച്ചൂർ, കണ്ണൂർ ജില്ലാ പ്രസിഡന്റ് നാസർ തളിപ്പറമ്പ്, കോഴിക്കോട് ജില്ലാ ജനറൽ സെക്രട്ടറി അസീസ് പേരാമ്പ്ര വൈസ് പ്രസിഡന്റ് ഷുക്കൂർ ഏകരൂൽ എന്നിവർ സംസാരിച്ചു. കെഎംസിസി വയനാട് ജില്ലാ സെക്രട്ടറി അഷ്റഫ് ദാരിമി പ്രാർത്ഥന നടത്തി.

പതിനാറ് കുടുംബാംഗങ്ങൾ നഷ്ടപെട്ട സാഹിറിനെയും പൂർണമായും വീട് നഷ്ടപെട്ട അബ്ദുൽ ലത്തീഫ്, നൗഫൽ അടക്കമുള്ള ദുരിതബാധിത പ്രദേശങ്ങളിലെ കുവൈത്തിൽ നിന്നുള്ള പ്രവാസികളെ സമാശ്വസിപ്പിച്ച സംഘത്തിൽ കുവൈത്ത് കെഎംസിസി ജില്ലാ മണ്ഡലം നേതാക്കളായ വി.പി അബ്ദുള്ള, ഇസ്മായിൽ കോട്ടക്കൽ, സുഹൈൽ നൂറാംതോട്, നൗഫൽ കുഞ്ഞോമ്, റഫീഖ് ഇ.കെ, ഫൈസൽ ചേരമ്പടി, സൈഫുള്ള പാലോളി, ജമാൽ കൊടുവള്ളി, കരീം നീലിയത്ത്, ഫൈസൽ എൻ.കെ, യൂസുഫ് പാലോളി, ജലീൽ മാട്ടൂൽ, പുനത്തിൽ കുഞ്ഞബ്ദുള്ള, ബഷീർ കെ,കെ തുടങ്ങിയവർ ഉണ്ടായിരുന്നു.

## ഉരുളെടുത്ത ഉയിരുകളെ ഓർത്ത് ദുരന്തഭൂമിയിൽ സാഹിർ മുണ്ടക്കൈ

ഷാഹുൽ ബേപ്പൂർ
കുവൈത്ത്

ഏതൊരു പ്രവാസിയെയും പോലെ കുടുംബത്തോടൊപ്പം അവധിക്കാലം ആഘോഷിക്കാൻ വലിയ പ്രതീക്ഷകളോടെയാണ് സഹീർ മുണ്ടക്കൈ നാട്ടിലേക്ക് പോയത്. എന്നാൽ താൻ പോകുന്നത് വലിയൊരു ദുരന്തമുഖത്തേക്ക് ആണെന്ന് ആ സഹോദരൻ സ്വപ്നത്തിൽ പോലും കരുതി കാണില്ല. ചൂരൽമല മുണ്ടക്കൈ പ്രദേശങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടലിൽ സാഹിറിന് തന്റെ കുടുംബത്തിലുള്ള പതിനാറ് പേരെയാണ് നഷ്ടമായത്.

ചന്ദ്രികക്ക് വേണ്ടി സാഹിറുമായി സംസാരിക്കുമ്പോൾ പല സമയത്തും ഞാൻ അറിയാതെ തന്നെ എന്റെ കണ്ണ് നിറഞ്ഞു പോയിട്ടുണ്ട് സാഹിർ പറയുന്നത് ഇങ്ങനെയാണ്

സാഹിറിന്റെ വീട്, സാഹിറിന്റെ ഉമ്മയും അനിയനും താമസിക്കുന്ന തറവാട് വീട്, സാഹിറിന്റെ ഭാര്യയുടെ മാതാപിതാക്കളും അളിയനും താമസിക്കുന്ന ഭാര്യവീട് പിന്നെ സാഹിറിന്റെ മൂത്ത അളിയൻ താമസിക്കുന്ന മറ്റൊരു വീട് അങ്ങനെ മുണ്ടക്കൈ ഭാഗത്ത് ഒരു കിലോമീറ്റർ ചുറ്റളവിൽ നാല് വീടുകളിൽ ആയാണ് അവരുടെ കുടുംബം കഴിഞ്ഞിരുന്നത്. ഒരു രാവ് പുലർന്നപ്പോൾ ആ നാല് വീടുകളിൽ ബാക്കി ആയത് സാഹിറിന്റെ വീട് മാത്രമാണ്. തറവാടും ഭാര്യവീടും അളിയന്റെ വീടും മണ്ണെടുത്തു അതിനൊപ്പം ആ വീട്ടിൽ ഉണ്ടായിരുന്ന തന്റെ പ്രിയപ്പെട്ടവരെയും. സാഹിറിന്റെ തറവാട്ടിൽ ഉണ്ടായിരുന്ന ഉമ്മ അനിയൻ അനിയന്റെ ഭാര്യ അനിയന്റെ രണ്ടു മക്കൾ അടക്കം അഞ്ച് പേരും, ഭാര്യ വീട്ടിൽ ഉണ്ടായിരുന്ന ഭാര്യയുടെ ഉപ്പ, ഉമ്മ, അളിയന്റെ ഭാര്യ അവരുടെ മൂന്ന് മക്കൾ കൂടാതെ മൂത്ത അളിയന്റെ വീട് താഴ്ന്ന പ്രദേശത്ത് ആയത് കൊണ്ട് അവിടെങ്ങളിൽ ഉള്ളവർ മാറി താമസിക്കണം എന്ന അലേർട്ട് കേട്ട് അളിയനും ഭാര്യയും അവരുടെ മൂന്ന് മക്കളും ആ രാത്രി അവരുടെ വീട് പൂട്ടി സാഹിറിന്റെ ഭാര്യവീട്ടിൽ വന്നിരുന്നു അവരടക്കം പതിനൊന്ന് പേരും അങ്ങനെ മൊത്തം പതിനാറ് പേരെയാണ് ഈ ദുരന്തം സാഹിറിൽ നിന്നകറ്റിയത്. അതിൽ ഒൻപത് ആളുകളുടെ മയ്യത്തുകൾ ആണ് ഇതുവരെ കണ്ടു കിട്ടിയത്. വർഷങ്ങളായി കുവൈത്തിൽ ജോലി ചെയ്യുന്ന സാഹിർ മുസ്ലിം ലീഗ് പ്രവർത്തകനും കുവൈത്ത് കെഎംസിസി കല്പറ്റ മണ്ഡലം സെക്രട്ടറിയുമാണ്. ഇന്നലെ വരെ തന്നോടൊപ്പം ഉണ്ടായിരുന്ന തന്റെ ഉമ്മയും സഹോദരനും ഭാര്യ വീട്ടുകാരും അവരുടെ മക്കളും എല്ലാം കണ്ണുതുറന്നു പൂട്ടുന്ന വേഗത്തിൽ വിട്ട് പോയ ഞെട്ടലിൽ നിന്ന് ഇതുവരെ കരകയറാൻ സാധിക്കാത്ത സാഹിറിന്റെ ഏക ആശ്വാസം തനിക്കും ഭാര്യക്കും മക്കൾക്കും ജീവൻ എങ്കിലും ബാക്കി ലഭിച്ചു എന്നത് മാത്രമാണ്. ദുരിതാശ്വാസ ക്യാമ്പിൽ മുന്നോട്ടുള്ള ജീവിതത്തിന്റെ ആകുലതകളെക്കാൾ ഇനിയും കണ്ടു കിട്ടാത്ത തന്റെ ഉറ്റവരുടെ ഓർമ്മകൾ ആണ് സാഹിറിന്റെ മനസ്സിനെ നീറ്റികൊണ്ടിരിക്കുന്നത്.



സാഹിർ മുണ്ടക്കൈ കുവൈത്ത് കെഎംസിസി സ്റ്റേറ്റ് ജനറൽ സെക്രട്ടറി കാരി മുസ്തഫക്കൊപ്പം

## വയനാടിന് കൈത്താങ്ങായി അബുദാബിയിലെ ബിൻ ജാഫർ റെസ്റ്റോറന്റ്




അബുദാബി: മുസഫയിലെ ബിൻ ജാഫർ റെസ്റ്റോറന്റിലെ കഴിഞ്ഞ ദിവസത്തെ കച്ചവടത്തിലെ മുഴുവൻ വരുമാനവും വയനാട് പ്രകൃതി ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് വേണ്ടി മാറ്റി വെച്ചു. മാനേജ്മെന്റും ജീവനക്കാരും ഒരുപോലെ പങ്കാളിത്തം വഹിച്ച് മാതൃകയായി. ഈ ജീവകാരുണ്യ പ്രവർത്തനത്തിൽ ജീവനക്കാരും സപ്ലെയർമാരും ഉപഭോക്താക്കളും പങ്കാളികളായതോടെ വലിയ വിജയമായി. അബുദാബി പറപ്പൂർ പഞ്ചായത്ത് കെഎംസിസി വൈസ് പ്രസിഡന്റ് ടി.കെ ഷാഫിയും സഹോദരന്മാരുമാണ് ഈ ദൗത്യത്തിന് മുന്നിട്ടിറങ്ങിയത്. സഹപ്രവർത്തകരുടെ പിന്തുണകൂടി ലഭിച്ചത് ഏറെ പ്രചോദനമായെന്ന് മാനേജ്മെന്റ് പ്രധിനിധി ടി.കെ ഷാഫി പറഞ്ഞു. സ്ഥാപനത്തിൽ കഴിഞ്ഞ ലഭിച്ച വരുമാനം അബുദാബി വേങ്ങര മണ്ഡലം കെഎംസിസി നേതാക്കളുടെയും പഞ്ചായത്ത് നേതാക്കളുടെയും സാന്നിധ്യത്തിൽ കൈമാറുമെന്ന് ബിൻ ജാഫർ മാനേജ്മെന്റ് അറിയിച്ചു.

### വെടിനിർത്തൽ ചർച്ച ഈ മാസം 15ന്

## സർവം തകർക്കുന്ന യുദ്ധവെറി

ഗസ്സ: പത്തുമാസമായി ഫലസ്തീനിയൻ മണ്ണിൽ മിസൈലുകൾ കൊണ്ട് യുദ്ധവെറി തീർക്കുന്ന ഇസ്രാഈൽ ഗസ്സയിലെ സർവവും തകർത്തെറിയുന്നു. നിരാലംബരായി അഭയാർത്ഥി ക്യാമ്പുകളിൽ കഴിയുന്നവരെ പോലും വെറുതെവിടാതെ ബെഞ്ചമിൻ നെതന്യാഹുവിന്റെ ഇസ്രാഈൽ ഭരണകൂടം ക്രൂരവിനോദമാടുകയാണ്. ചോരിക്കൊതിയോടെ ഒരോ മുക്കിലും മൂലയിലും ആളുകളെ തിരഞ്ഞു പിടിച്ച് കൊന്നൊടുക്കുന്നു. കഴിഞ്ഞ 24 മണിക്കൂറിനിടെ 22 പേർ ഇസ്രാഈൽ ആക്രമണത്തിൽ കൊല്ലപ്പെട്ടു. നിരവധി പേർക്ക് പരിക്കേറ്റു. ഖാൻ യൂനുസിന്റെ കിഴക്കൻ മേഖലയിലുള്ളവരോട് ഒഴിഞ്ഞു പോകണമെന്ന് ഇസ്രാഈൽ വീണ്ടും മുന്നറിയിപ്പു നൽകിയിരിക്കുകയാണ്. പിഞ്ചുകുഞ്ഞുങ്ങളെയും വയോജനങ്ങളെയും കൊണ്ട് കാൽനടയായാണ് പലരും സുരക്ഷിത താവളങ്ങൾ തേടി പോകുന്നത്. ഗസ്സയിലെ ഒരിടവും സുരക്ഷിതമല്ലാത്തതിനാൽ കിട്ടുന്ന ഇടങ്ങളിൽ താൽക്കാലിക ടെന്റടിച്ച് കഴിയുകയാണ് പലരും. ഏറെ ദൂരം നടക്കാൻ സാധിക്കാത്തതിനാൽ വൃദ്ധജനങ്ങളാവട്ടെ പാലയനത്തിനിടെ മരിച്ചു പോവണമെന്ന് ആഗ്രഹിക്കുന്നവരുമുണ്ടെന്ന് അൽജസീറ റിപ്പോർട്ട് ചെയ്തു. ജൂലൈ ആദ്യത്തിൽ ഖാൻ യൂനുസിൽ നിന്ന് ഇസ്രാഈൽ സേന കൂട്ട ഒഴിപ്പിക്കൽ നടത്തിയിരുന്നു. ഇതിനു പിന്നാലെയാണ് വീണ്ടും കൂട്ടഒഴിപ്പിക്കലിന് ആഹ്വാനം ചെയ്തത്. സുരക്ഷിതമെന്ന് കണക്കാക്കിയിട്ടുള്ള തെക്കൻ മേഖലയായ അൽ മവാസിയിൽ ഇന്നലെയും ഇസ്രാഈൽ ബോംബിട്ട് തകർത്തു. കുട്ടികൾ ഉൾപ്പെടെ അഞ്ചു പേർ കൊല്ലപ്പെട്ടു. നിരവധി പേർക്ക് പരിക്കേറ്റിട്ടുണ്ട്. ഖാൻ യൂനുസിലുണ്ടായ ആക്രമണത്തിൽ നാലു പേർ കൊല്ലപ്പെട്ടു.

ഹമാസിന്റെയും ഹിസ്ബുല്ലയുടെ തലവന്മാർ കൊല്ലപ്പെട്ടതിനു പിന്നാലെ വീണ്ടും വെടിനിർത്തൽ ചർച്ചകൾക്കായി ഖത്തറും ഈജിപ്തും അമേരിക്കയും ശ്രമം പുനരാരംഭിച്ചു. ഈ മാസം 15ന് കെയ്റോയിലോ ദോഹയിലോ ചർച്ച നടക്കുകയാണെങ്കിൽ പ്രതിനിധി സംഘത്തെ അയക്കുമെന്ന് ഇസ്രാഈൽ വ്യക്തമാക്കി. ഹമാസ് തലവനായി യഹിയ സിൻവാറിനെ തിരഞ്ഞെടുത്തതിനു ശേഷമുള്ള ആദ്യ ചർച്ചയാണ് നടക്കാനിരിക്കുന്നത്. വെടിനിർത്തൽ ചർച്ചകൾക്കായുള്ള ഖത്തർ ഉൾപ്പെടെ രാജ്യങ്ങളുടെ ശ്രമങ്ങളെ ഒമാൻ സ്വാഗതം ചെയ്തു. പൂർണ പിന്തുണ നൽകുമെന്ന് ഒമാൻ വിദേശകാര്യമന്ത്രി ബദർ ബിൻ ഹമദ് അൽ ബുസൈദി പറഞ്ഞു.സ്കൂളുകളിൽ അഭയം തേടിയവർക്കു നേരെയും കഴിഞ്ഞ ദിവസം ഇസ്രാഈൽ ബോംബിട്ടു. അൽസഹ്റ സ്കൂളിലും അബ്ദുൽ ഫതാഹ് ഹമൂദ് സ്കൂളിലുമാണ് ബോംബിട്ടത്. 12 പേർ ഇവിടെ കൊല്ലപ്പെട്ടു.

### ബംഗ്ലാദേശ് കലാപം
## പിന്നിൽ പാക് ചാര സംഘടനയെന്ന് ഹസീനയുടെ മകൻ

ധാക്ക: ബംഗ്ലാദേശ് കലാപത്തിന് പിന്നിൽ പാകിസ്താൻ ചാരസംഘടനയായ ഐ.എസ്.ഐയാണെന്ന് ഷെയ്ഖ് ഹസീനയുടെ മകൻ സജീബ് വാസെദ് ജോയ്. ചാരസംഘടനയുടെ ഇടപെടലിന് തെളിവുകളുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ആക്രമണങ്ങളും പ്രതിഷേധങ്ങളും വളരെ ഏകോപിതവും സൂക്ഷ്മമായി ആസൂത്രണം ചെയ്തതുമാണ്. സമൂഹമാധ്യമങ്ങളിൽ കലാപസാഹചര്യം രൂക്ഷമാക്കാനുള്ള മനപൂർവമായ ശ്രമങ്ങളുമുണ്ടായി. സ്ഥിതി നിയന്ത്രണവിധേയമാക്കാൻ സർക്കാർ എന്ത് ചെയ്താലും അത് കൂടുതൽ ആളിക്കത്തിക്കാനാണ് ഐ.എസ്.ഐ ശ്രമിച്ചതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അതേസമയം, ബംഗ്ലാദേശിൽ ജനാധിപത്യം പുനസ്ഥാപിച്ചാലുടൻ ഷെയ്ഖ് ഹസീന തിരിച്ചെത്തുമെന്നും അദ്ദേഹം പറഞ്ഞു

### 1200 തടവുകാർ രക്ഷപ്പെട്ടു

ധാക്ക: കലാപത്തെത്തുടർന്ന് രാഷ്ട്രീയ അരക്ഷിതാവസ്ഥ ഉടലെടുത്ത ബംഗ്ലാദേശിൽ നിന്ന് ഭീകരർ ഉൾപ്പെടെ 1200 തടവുകാർ ജയിലിൽ നിന്ന് രക്ഷപ്പെട്ടു. ഇതേത്തുടർന്ന് ഇന്ത്യയിലെ അതിർത്തി രക്ഷാസേന (ബി.എസ്.എഫ്) സുരക്ഷ ശക്തമാക്കി. മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീന രാജിവെച്ച് രാജ്യം വിട്ടതിനു പിന്നാലെയാണ് ജയിലിൽ നിന്ന് തടവുകാർ രക്ഷപ്പെട്ടത്.

## സിസ്റ്റത്തിൽ മാറ്റം, റേഷനരി വിതരണം താളം തെറ്റി

കോഴിക്കോട് : ഈ പോസ് മെഷീനിലെ തകരാറ് കാരണം സ്ഥിരമായി തടസ്സപ്പെടുന്ന റേഷൻ വിതരണത്തിന് കൂനിന്മേൽ കുരുവായി സിസ്റ്റത്തിൽ വരുത്തിയ മാറ്റവും 'പണി'യായി. ഏതാനും മാസങ്ങളായി റേഷൻ കടകളിൽ ഏതെങ്കിലും ഇനം അരി സ്റ്റോക്കില്ലെങ്കിൽ മറ്റു വെറൈറ്റിയിൽ നിന്ന് വിതരണം ചെയ്യുന്ന സിസ്റ്റം ഇ -പോസ് യന്ത്രത്തിൽ ക്രമീകരിച്ചിരുന്നത് കൊണ്ട് റേഷനരി വിതരണം മുടക്കമില്ലാതെ നടന്നിരുന്നു. പുഴുക്കലരി ഇല്ലെങ്കിൽ പച്ചരി കൂടുതലായും കൊടുക്കാനും പച്ചരി ഇല്ലെങ്കിൽ പുഴുക്കലരി കൂടുതലായി കൊടുക്കാനും കഴിഞ്ഞിരുന്നു. ആഗസ്റ്റ് മാസത്തിൽ ഈ സംവിധാനം നിർത്തലാക്കിയത് കൊണ്ട് ഒരോ താലൂക്കുകളിലും നിശ്ചയിക്കപെട്ട പോളീസിയിലൂടെ മാത്രമാണ് വിതരണം ചെയ്യാനാവുന്നത്.

മുൻഗണനാ വിഭാഗമായ മഞ്ഞ, പിങ്ക്, സംസ്ഥാന പദ്ധതിയായ നീല, വെള്ള, തുടങ്ങിയ കാർഡുകാരുടെ പുഴുങ്ങല്ലരി, പച്ചരി, കുത്തരി എന്നിവയിൽ ഏതെങ്കിലും ഒരു ഇനം അരി സ്റ്റോക്കില്ലെങ്കിൽ ആ വിഹിതം റേഷൻ ഉപഭോക്താക്കൾക്ക് പോളീസി അനുസരിച്ചു ക്രമീകരിച്ചത് കൊണ്ട് വിതരണം ചെയ്യാനാവുന്നില്ല. റേഷൻ കരാറുകാരുടെ സമരം മൂലമാണ് പോളിസി പ്രകാരമുള്ള അരി റേഷൻ കടകളിൽ എത്താത്തത്.

റേഷൻ സാധനങ്ങളെത്തിക്കുന്ന കരാറുകാരുടെ സമരം മൂലം പല റേഷൻ കടകളിലും ഭക്ഷ്യ ധാന്യ ക്ഷാമ രൂക്ഷമാണ്. മുഴുവനായി സാധനങ്ങൾ കിട്ടാത്തതിനാൽ പല തവണ ഉപഭോക്താക്കൾക്ക് റേഷൻ കടകളിലെത്തേണ്ടി വരുന്നു. ഉപഭോക്താവിന്റെ പദ്ധതിയിൽ ഉൾപ്പെട്ട ഏതെങ്കിലും ഇനം അരി സ്റ്റോക്കില്ലെങ്കിൽ ഇതര വിഭാഗത്തിൽ നിന്ന് അതേ ഇനം മൈനസായി വിതരണം ചെയ്യാനുള്ള സംവിധാനമൊരുക്കണമെന്ന് ആൾ കേരളാ റേഷൻ ഡീലേഴ്സ് അസോസിയേഷൻ ആവശ്യപ്പെട്ടു.

## റാപ്പ് ഗായകൻ ട്രവിസ് സ്കോട്ട് അറസ്റ്റിൽ

പാരിസ്: ലോകപ്രശസ്ത അമേരിക്കൻ റാപ്പ് ഗായകൻ ട്രവിസ് സ്കോട്ട് എന്ന ജാക്വസ് ബെർമൻ വെബ്സ്റ്റർ പാരിസിൽ അറസ്റ്റിലായി. ഒളിംപിക്സിനായി പാരിസിലെത്തിയ സ്കോട്ട് ആഢംബര ഹോട്ടലായ ജോർജസ് വിയിൽ സുരക്ഷാഉദ്യോഗസ്ഥനുമായി വാക്കേറ്റമുണ്ടാക്കിയെന്നാരോപിച്ചാണ് അറസ്റ്റ്. ഇന്നലെ വൈകിട്ടോടെയാണ് സംഭവം. സ്വന്തം സുരക്ഷാ ഉദ്യോഗസ്ഥനുമായി വഴക്കിട്ട സ്കോട്ടിനെ തടയാൻ ശ്രമിച്ച സുരക്ഷാ ഉദ്യോഗസ്ഥനോട് താരം മോശമായി പെരുമാറി. ഇതാണ് അറസ്റ്റിൽ കലാശിച്ചതെന്ന് പാരിസ് പബ്ലിക് പ്രോസിക്യൂട്ടറുടെ ഓഫീസ് വ്യക്തമാക്കി.

## കോംഗോയിൽ കുരങ്ങുപനി പടരുന്നു

### 14000 കേസുകൾ, മരണം 511

ബ്രസ്സാവില്ല: ആഫ്രിക്കൻ രാജ്യമായ കോംഗോയിൽ കുരങ്ങുപനി പടർന്നുപിടിക്കുന്നു. ഈ വർഷം മാത്രം പതിനാലായിരത്തിലധികം പേർക്ക് രോഗം സ്ഥിരീകരിച്ചു. 511 പേർക്ക് ജീവഹാനി സംഭവിച്ചു. രോഗവ്യാപനം തടയാൻ കടുത്ത ജാഗ്രത പാലിക്കണമെന്ന് ലോകാരോഗ്യ സംഘടനയുടെ ഡയറക്ടറായ ടെഡ്രോസ് അഥനോം ഗെബ്രിയേസസ് പറഞ്ഞു. വർഷങ്ങളായി കോംഗോയിൽ കുരങ്ങുപനി വ്യാപനമുണ്ട്. എന്നാൽ ഇത്തവണ എക്കാലത്തെയും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തതായാണ് വിവരം. ഈ വർഷം ജനുവരി മുതൽ ജൂൺ വരെയുള്ള കണക്കുകൾ മാത്രം കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലാണെന്നാണ് ഔദ്യോഗിക കണക്കുകൾ തെളിയിക്കുന്നത്. കോംഗോയുടെ അയൽ രാജ്യങ്ങളായ കെനിയയിലും റുവാൻഡയിലും ഉഗാണ്ടയിലും രോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

# നിരീക്ഷണം

അല്ലാഹു നല്ല വചനത്തിന് എങ്ങനെയാണ് ഉപമ നൽകിയിരിക്കുന്നത് എന്ന് നീ കണ്ടില്ലേ? (അത്) ഒരു നല്ല മരം പോലെയാകുന്നു. അതിൻറെ മുരട് ഉറച്ചുനിൽക്കുന്നതും അതിൻറെ ശാഖകൾ ആകാശത്തേക്ക് ഉയർന്ന് നിൽക്കുന്നതുമാകുന്നു.

( വിശുദ്ധ ഖുർആൻ: 14: 24 )

gulfchandrikanews@gmail.com

ഗൾഫ് ചന്ദ്രിക

1446 സഫർ 06 • 1199 കർക്കിടകം 26

## ഇന്ത്യൻ ഹോക്കിയുടെ വൻമതിൽ

രണ്ടു പതിറ്റാണ്ടോളം കരുതലോടെ നിലയുറപ്പിച്ച ഗോൾ പോസ്റ്റിൽ നിന്ന് പി.ആർ ശ്രീജേഷ് മാറിനിൽക്കുമ്പോൾ ഇന്ത്യൻ ഹോക്കിക്ക് നഷ്ടമാകുന്നത് കരുത്തുറ്റ വൻമതിലിനെയാണ്. പാരീസ് ഒളിമ്പിക്സോടെ അന്താരാഷ്ട്ര ഹോക്കിയോട് വിടപറയുമെന്ന് മുൻകൂട്ടി പ്രഖ്യാപിച്ച അദ്ദേഹം തുടർച്ചയായി രണ്ടാം ഒളിമ്പിക്സ് മെഡലും രാജ്യത്തിന് സമ്മാനിച്ചാണ് തന്റെ വിടവാങ്ങൽ ആഘോഷമാക്കിത്തീർത്തത്. വിസ്മയകരമായ പ്രകടനത്തിലൂടെ ഒന്നിലധികം മത്സരങ്ങളിൽ ടീമിനെ ഒറ്റക്ക് ചുമലിലേറ്റിയ ശ്രീയോട് രാജ്യത്തെ കായിക പ്രേമികളൊന്നടങ്കം പറയുന്നത് ഇല്ല ശ്രീജേഷ്, കളിമതിയാക്കാൻ സമയമായിട്ടില്ല എന്നാണ്. കരിയറിന്റെ ഏറ്റവും ഉന്നതിയിൽ നിൽക്കുമ്പോൾ കളിക്കളത്തോട് വിടപറയാൻ കഴിയുകയെന്നത് ഒരു കായിക താരത്തിന്റെ സ്വപ്നതുല്യമായ നേട്ടമാണ്. സ്പെയിനിനെതിരായ വെങ്കല പോരാട്ടത്തിന്റെ അവസാന നിമിഷത്തിലും കളിയുടെ ഗതിമാറ്റിക്കുറിക്കുമായിരുന്ന പനാൽട്ടി തട്ടിത്തെറിപ്പിച്ച ശ്രജേഷ് ഇനിയും നിരവധി അങ്കങ്ങൾക്ക് ബാല്യമുണ്ടെന്ന് തെളിയിച്ചുകൊണ്ടാണ് കളിമതിയാക്കിയത്. അത്കൊണ്ടാണ് ശ്രീജേഷ് അടുത്ത ഒളിമ്പിക്സ് വരെയെങ്കിലും തുടരണമെന്ന് ആധുനിക ഇന്ത്യൻ ഹോക്കിയുടെ ഇതിഹാസമായ ധൻരാജ് പിള്ള അഭ്യർത്ഥിച്ചിരിക്കുന്നത്.

ശ്രീജേഷിന്റെ കാലം ഇന്ത്യൻ ഹോക്കിയുടെ സുവർണകാലം കൂടിയായിരുന്നു എന്നതാണ് യാഥാർത്ഥ്യം. ഗോൾപോസ്റ്റിന് പിന്നിൽ പാറപോലെ അദ്ദേഹം ഉറച്ചുനിന്നപ്പോൾ ആ ആത്മവിശ്വാസത്തിൽ നിന്ന് പ്രചോദനം നേടി ദേശീയ ഹോക്കി ടീം പഴയ പ്രതാപത്തിലേക്ക് തിരിച്ചു നടക്കുകയായിരുന്നു. ഒളിമ്പിക്സിലും ലോകകപ്പിലും ലോക കായിക മേളകളിലും സ്വർണവും വെള്ളിയും വെങ്കലവും തരാതരം പോലെ വാരിക്കൂട്ടിയിരുന്ന ഇന്ത്യ, യൂറോപ്യൻ രാജ്യങ്ങളുടെ കടന്നുകയറ്റത്തോടെ വെറും കാഴ്ച്ചക്കാരായി മാറിയ കാലത്താണ് ശ്രീജേഷ് ഇന്ത്യൻ ദേശീയ ടീമിന്റെ മുഖശ്രീയായി കടന്നുവരുന്നത്. ചരിത്രത്തിലാദ്യമായി ഇന്ത്യയില്ലാതെയാണ് ബീജിംഗ് ഒളിമ്പിക്സിൽ ഹോക്കി മത്സരങ്ങൾ നടന്നത്. എന്നാൽ 2011 ൽ ശ്രീജേഷ് അരങ്ങേറ്റം കുറിച്ചതോടെ 2012 ലെ ലണ്ടൻ ഒളിമ്പിക്സിൽ രാജ്യം തിരിച്ചെത്തി. എല്ലാ മത്സരങ്ങളിലും തോറ്റുപോയ ടീം തിരിച്ചെത്തിയപ്പോൾ പരിഹാസങ്ങളുടെ കൂരമ്പുകളായിരുന്നു ശ്രീജേഷിനും സംഘത്തിനും ഏറ്റുവാങ്ങേണ്ടിവന്നത്. പണക്കൊഴുപ്പിന്റെ താളത്തുടിപ്പായി മാറിയ ക്രിക്കറ്റിന്റെ വർണപ്പൊലിമയിൽ, രാജ്യത്തിന്റെ കായിക പൈതൃകത്തിന്റെ മഹാപ്രതീകത്തെ പുറം കാൽകൊണ്ട് തട്ടിമാറ്റാൻ പാർത്ത് നിൽക്കുന്ന നമ്മുടെ അധികാരികൾ ഹോക്കിയുടെ ഈ ദൗർഭാഗ്യകരമായ അവസ്ഥ ഒരവസരമായി മാറ്റുകയായിരുന്നു. ഈ സാഹചര്യത്തിൽ നിന്നാണ് തുടർച്ചയായി രണ്ടു ഒളിമ്പിക്സുകളിൽ വെങ്കലവും മറ്റനേകം ചാമ്പ്യൻഷിപ്പുകളിൽ നിരവധി മെഡലുകളുമായി ശ്രീജേഷും ഇന്ത്യൻ ഹോക്കിയും തിരിച്ചുവന്നിരിക്കുന്നത്.

രാജ്യത്തെ ഏതൊരു കായിക താരത്തിനും പ്രചോദനവും പാഠപുസ്കവുമാണ് ശ്രീജേഷ്. ഹോക്കിയെന്ന കായിക വിനോദത്തിന് വിദൂര സാധ്യത പോലും കൽപ്പിക്കപ്പെടാത്ത ഒരു സാഹചര്യത്തിൽനിന്നാണ് ദുർഘടമായ വഴികളിലൂടെ സഞ്ചരിച്ച് ആരുംകൊതിക്കുന്ന നേട്ടത്തിലേക്ക് അദ്ദേഹം എത്തിയത്. അത്‌ലറ്റായി മാറണമെന്ന ആഗ്രഹവുമായി പരിശീലനത്തിനെത്തിയ ശ്രീജേഷ് ശാരീരിക യോഗ്യതയില്ലെന്ന കാരണത്താൽ തിരിച്ചയക്കപ്പെടുകയായിരുന്നു. എന്നാൽ ആഗ്രഹങ്ങൾക്കുമേൽ മണ്ണുവാരിയിടുന്നതിന് പകരം തന്റെ മേഖലയേതെന്ന് കണ്ടെത്താനുള്ള ശ്രമത്തിൽ മുഴുകുകയായിരുന്നു അദ്ദേഹം. ആ അന്വേഷണത്തിന്റെ അനന്തരഫലം ഇന്ത്യൻ ഹോക്കിക്ക് എക്കാലത്തെയും മികച്ച ഗോൾക്കീപ്പറെ ലഭിച്ചുവെന്നതായിരുന്നു. കേരളത്തിനാകട്ടേ രണ്ടുതവണ ഒളിമ്പിക് മെഡൽ കഴുത്തിലണിഞ്ഞ ഒരേയൊരു കായിക താരത്തെയും ലഭിച്ചു.

ഒരു വലിയ ജനവിഭാഗത്തെ ഹോക്കിയെന്ന കായിക വിനോദത്തിലേക്ക് ചേർത്തുനിർത്തിയാണ് ശ്രീജേഷ് പടയിറങ്ങുന്നത്. സച്ചിൻ ടെണ്ടുൽക്കർ ക്രിക്കറ്റിനും നീരജ് ചോപ്ര ജാവലിൻ ത്രോക്കും നൽകിയതിൽ നിന്നും ഒട്ടുംകുറവല്ല ആ സംഭാവന. പക്ഷേ ശ്രീജേഷിന് അർഹിച്ച അംഗീകാരം ലഭിച്ചോ എന്ന ചോദ്യം നമ്മുടെ ഭരണകൂടങ്ങളെയും പൊതുസമൂഹത്തെയും അലോസരപ്പെടുത്താൻ പര്യാപ്തമാണ്. നേട്ടങ്ങളുടെ പറുദീസയിലെത്തിയിട്ടും ഈ യുവാവ് അൽപമെങ്കിലും ആഘോഷിക്കപ്പെടാൻ കളമൊഴിയുന്നതുവരെ നാം കാത്തു നിൽക്കുകയായിരുന്നു. ശ്രീജേഷിനോട് നന്ദി പറയുന്നതോടൊപ്പം ക്ഷമാപണവും നടത്താൻ ഈ അവസരം ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

### അടിക്കുറിപ്പ്

ശ്രീജേഷ്,
വർഷങ്ങളായി ഹൃദയംകൊണ്ടാണ് നിങ്ങൾ ഗോളുകൾ തടഞ്ഞുനിർത്തുന്നത്. നിങ്ങളുടെ സമർപ്പണവും പ്രതിബദ്ധതയും സ്പോർട്സിനോടുള്ള താൽപര്യവും അതുല്യമാണ്. ബ്രിട്ടനെതിരെ 42 മിനുട്ട് നേരം പത്തുപേരുമായി കളിക്കേണ്ടിവന്നപ്പോൾ നിങ്ങൾ അസാധ്യ കരുത്തിലായിരുന്നു. ഇന്ത്യൻ ഹോക്കി താങ്കളാൽ ആദരിക്കപ്പെട്ടിരിക്കുന്നു. ഇത്രയും കാലത്തെ ത്യാഗത്തിന് നന്ദി. ഇനിയുള്ള ജീവിതത്തിനും കരിയറിനും എല്ലാവിധ ഭാവുകങ്ങളും.

**സച്ചിൻ ടെണ്ടുൽക്കർ**

### ചരിത്രത്തിൽ ഇന്ന്

1792 ഫ്രഞ്ച് വിപ്ലവം: ത്വിലെരിയെസ് കൊട്ടാര ആക്രമണം. ഫ്രാൻസിലെ ലൂയി പതിനാറാമനെ അറസ്റ്റു ചെയ്യുന്നു.
1913 രണ്ടാം ബാൽക്കൻ യുദ്ധം അവസാനിക്കുന്നു: ബൾഗേറിയ, റുമാനിയ, സെർബിയ, മോണ്ടിനെഗ്രോ, ഗ്രീസ് എന്നീ രാജ്യങ്ങളുടെ പ്രതിനിധികൾ യുദ്ധം അവസാനിപ്പിച്ചുകൊണ്ടുള്ള ബുക്കാറസ്റ്റ് ഉടമ്പടി ഒപ്പുവയ്ക്കുന്നു.
1990 മഗല്ലൻ ശൂന്യാകാശഗവേഷണ വാഹനം ശുക്രനിലെത്തുന്നു.
2000 ലോകജനസംഖ്യ ആറ് ബില്യൺ കടക്കുന്നു.
2003 റഷ്യൻ ബഹിരാകാശഗവേഷകനായ യുറി ഇവാനോവിച്ച് മലെൻചെൻകോ ബഹിരാകാശത്തുവെച്ച് വിവാഹം ചെയ്യുന്ന ആദ്യ മനുഷ്യനായി.

# ബംഗ്ലാദേശ്: മുഹമ്മദ് യൂനുസ് എന്ന പ്രതീക്ഷ



ഉസ്മാൻ താമരത്ത്

**2006** ലെ നൊബേൽ സമ്മാന ജേതാവും സാമ്പത്തിക വിദഗ്ദനുമായ മുഹമ്മദ് യൂനുസ് ജനകീയ പ്രക്ഷോഭത്താൽ തിളച്ചുമറിയുന്ന ബംഗ്ലാദേശിൽ ഇടക്കാല പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തിരിക്കുന്നു. പതിനാറ് വർഷത്തെ ഷെയ്ക്ക് ഹസീന യുഗത്തിന് അന്ത്യം കുറിച്ച തെരുവു പ്രക്ഷോഭത്തിന് നേതൃത്വമുണ്ടായില്ലെന്ന ആക്ഷേപത്തിനുള്ള മറുപടിയും രാജ്യം അകപ്പെട്ട അസ്ഥിര



തക്കും അസമാധാനത്തിനുമുള്ള ലേപനവുമാണ് മുഹമ്മദ് യൂനുസെന്ന് ചിലരെങ്കിലും അവകാശപ്പെടുന്നു. പാരീസിലെ ഒളിമ്പിക്സ് വേദിയിൽ നിന്ന് ധാക്കയിലേക്ക് പറന്നിറങ്ങിയ യൂനുസ് ബംഗ്ലാദേശ് ജനതയോട് ശാന്തരാകാനും സമാധാന വഴിയേ രാജ്യത്തെ വീണ്ടെടുക്കാനും അഭ്യർത്ഥിച്ചുകൊണ്ടാണ് ഇന്നലെ രാത്രി 8 മണിക്ക് സ്ഥാനമേറ്റത്. പട്ടാള മേധാവി വഖാറുസ്സമാൻ അറിയിച്ചതു പ്രകാരം പതിനഞ്ചംഗ ഉപദേശക സമിതിയാണ് പ്രധാനമന്ത്രിക്കൊപ്പമുള്ളത്.

ഗ്രാമീൺ ബാങ്ക് സ്ഥാപകനായ മുഹമ്മദ് യൂനുസ് ബംഗ്ലാദേശിൽ നടപ്പാക്കിയ സാമ്പത്തിക സാമൂഹിക ശാക്തീകരണ പ്രവർത്തനങ്ങളാണ് നിലവിലുള്ള അനിശ്ചിതാവസ്ഥക്ക് പരിഹാരമായി അദ്ദേഹത്തെ പ്രധാനമന്ത്രി സ്ഥാനത്തേക്ക് കൊണ്ടുവരാൻ ഇടയാക്കിയത്. ദാരിദ്ര്യവും തൊഴിലില്ലായ്മയും വർദ്ധിച്ചു വന്ന ഹസീന ഭരണം ജനത്തെ തെരുവിലെത്തിക്കുകയായിരുന്നു. മൈക്രോ വായ്പാ സംരംഭത്തിലൂടെ ബംഗ്ലാദേശിലെ ഗ്രാമീണ കുടുംബങ്ങളിൽ പ്രതീക്ഷയുടെ വെളിച്ചം പകർന്നയാളാണ് മുഹമ്മദ് യൂനുസ്. സ്ത്രീ ശാക്തീകരണത്തിനും ആരോഗ്യ വിദ്യാഭ്യാസ മുന്നേറ്റത്തിനും പ്രായോഗികമായ സാമ്പത്തിക പിന്തുണ നല്കുകയാണ് മൈക്രോ ഫിനാൻസിലൂടെ അദ്ദേഹം ചെയ്തത്. തന്റെ ആശയങ്ങളുടെ സാമ്പത്തിക ദർശനം അദ്ദേഹം രചിച്ച രണ്ട് പുസ്തകങ്ങളിൽ വിശദമായി വിവരിക്കുന്നുണ്ട്. 'Banker to the poor","Creating a world without povetry " എന്നിവയാണ് പ്രശസ്തമായ കൃതികൾ. സ്വയം തൊഴിൽ പരിപോഷണം, ദാരിദ്ര്യ നിർമ്മാർജ്ജനം, എന്നിവക്കായുള്ള ഫലപ്രദമായ പരിഹാരമായി ലോകം അദ്ദേഹത്തിന്റെ ആശയങ്ങളെ സ്വീകരിച്ചു. രാഷ്ട്രീയ പാരമ്പര്യവും കാഴ്ചപ്പാടും അവകാശപ്പെടാവുന്ന സാമ്പത്തിക വിദഗ്ദൻ കൂടിയാണ് അദ്ദേഹം.

മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ കടുത്ത വിമർശകനും നിലവിലുള്ള രാഷ്ട്രീയ വ്യവസ്ഥക്കെതിരായ ബദൽ നിർദ്ദേശകനുമാണ് മുഹമ്മദ് യൂനുസ്. 2007 ലെ പൊതു തിരഞ്ഞെടുപ്പിൽ താൻ രൂപീകരിച്ച നാഗരിക് ശക്തി എന്ന പാർട്ടിയുടെ ആഭിമുഖ്യത്തിൽ പ്രധാനമന്ത്രി പദത്തിലേക്ക് മത്സരിക്കാൻ ശ്രമിച്ചെങ്കിലും ശക്തമായ രാഷ്ട്രീയ സമ്മർദ്ദത്താൽ ആ ശ്രമം വേണ്ടെന്ന് വെക്കുകയായിരുന്നു. സാമൂഹ്യ പരിഷ്ക്കരണത്തിന്റെ വാഹകനും പ്രയോക്താവുമായിട്ടാണ് ബംഗ്ലാദേശ് ജനത അദ്ദേഹത്തെ കണ്ടിട്ടുള്ളത്. 2010 അന്ത്യത്തിൽ തുനീസ്യയിൽ നിന്ന് ഏകാധിപതിയായ സൈനുൽ ആബിദീൻ ബിൻ അലിക്കെതിരായി തെരുവിൽ നിന്ന് പൊട്ടിപ്പുറപ്പെട്ട കലാപത്തോടും അനുബന്ധ പ്രക്ഷോഭങ്ങളോടും ശ്രീലങ്കയിലുണ്ടായ ഭരണ വിരുദ്ധ സംഹാര താണ്ഡവത്തോടും സമീകരിക്കാവുന്ന സംഭവം തന്നെയാണ് ഷെയ്ക്ക് ഹസീന ഭരണകൂടത്തിനെതിരായും ഉണ്ടായിരിക്കുന്നത്.

തെരുവിലെ ജനക്കൂട്ട ഉന്മാദത്തിന് അറുതി വന്നിട്ടില്ലെങ്കിലും വലിയൊരു സാംസ്കാരിക സമൂഹം ജനകീയ പ്രക്ഷോഭത്തെ പിന്തുണക്കുന്നു എന്ന തിരിച്ചറിവാണ് പട്ടാളത്തിനും പോലീസിനും ഉണ്ടായിരിക്കുന്നത് എന്ന് ശ്രദ്ധേയമാണ്. ജനകീയ പ്രക്ഷോഭങ്ങൾക്ക് പൊതുവെയുള്ള വൈകല്യം നേതൃദാരിദ്ര്യമാണ്. പക്ഷേ ബംഗ്ലാദേശ് പ്രക്ഷോഭം അങ്ങനെയല്ല എന്ന് കരുതേണ്ടി വരികയാണ്. എഴുത്തുകാർ, കവികൾ, കലാകാരൻമാർ, ചലച്ചിത്ര പ്രവർത്തകർ, എല്ലാം ഈ അനിവാര്യമായ അട്ടിമറിക്ക് ഇന്ധനം പകർന്നിട്ടുണ്ട്. രാഷ്ട്ര ശിൽപിയായ ഷെയ്ഖ് മുജീബുറഹ്മാൻ 1971 ൽ അധികാരത്തിലേറിയ തൊട്ടടുത്ത വർഷം തന്നെ നടപ്പാക്കിയ സർക്കാർ

> ബംഗ്ലാദേശിൽ ഇപ്പോൾ രൂപമെടുത്ത സംഘർഷത്തിന് അയവു വരുത്താനും സമാധാനം വീണ്ടെടുക്കാനും ഇടക്കാല പ്രധാനമന്ത്രിക്കും കൗൺസിലിനും പട്ടാളത്തിനും കഴിയുമോ എന്നാണ് എല്ലാവരും ഉറ്റുനോക്കുന്നത്. മൂന്ന് മാസത്തിനകം നടക്കേണ്ട തിരഞ്ഞെടുപ്പിലേക്ക് പോകാൻ കഴിയും വിധം ശാന്തിയും സമാധാനവും പുനസ്ഥാപിക്കാൻ മികച്ച ഭരണ നൈപുണ്യവും നയതന്ത്ര വൈദഗ്ധ്യവും ഇടക്കാല പ്രധാനമന്ത്രിക്ക് കാഴ്ചവെക്കാൻ കഴിയുമെങ്കിൽ നല്ലത്. അല്ലെങ്കിൽ ജനാധിപത്യത്തെ നിഴൽ പോലെ പിന്തുടരുന്ന പട്ടാളാധിപത്യത്തിന്റെയും സ്വേഛാധിപത്യത്തിന്റെയും കൈകളിലായിരിക്കും ആ രാഷ്ട്രം അമരാൻ പോകുന്നത്.

ഉദ്യോഗ പ്രാതിനിധ്യ ക്വാട്ട അക്കാലം മുതൽ തന്നേ ജനവിരുദ്ധമെന്ന് വിശേഷിപ്പിക്കപ്പെട്ടതാണ്. 30 ശതമാനവും സ്വാതന്ത്ര്യ സമര സേനാനികളുടെ പരമ്പരയിൽ വരുന്നവർക്കാണ് നിജപ്പെടുത്തിയത്.1975 ൽ പട്ടാള അട്ടിമറിയിൽ അദ്ദേഹം വധിക്കപ്പെട്ടു.

സ്വാതന്ത്ര്യത്തിന്റെ അരനൂറ്റാണ്ട് പിന്നിട്ടുകൊണ്ടിരിക്കുന്ന ഈ വേളയിൽ ഭരണകൂടം അട്ടിമറിക്കപ്പെട്ട അനുഭവം ആ നാട് അകപ്പെട്ട അരാജകത്വം എത്രമേൽ ആഴത്തിലുള്ളതാണെന്ന് ബോധ്യപ്പെടുത്തുന്നു. ആകെ നിയമനങ്ങളുടെ 56 ശതമാനം വരെ സംവരണ ക്വാട്ടയായി വന്നിരുന്ന നിയമത്തിനെതിരായി എക്കാലത്തും ബംഗ്ലാദേശിലെ വിദ്യാർത്ഥികളും യുവാക്കളും ശബ്ദിച്ചിട്ടുണ്ട്. 2018 ലെ തിരഞ്ഞെടുപ്പിന് മുമ്പ് ജനഹിതം ഉൾക്കൊണ്ടായിരുന്നു വിവാദ സംവരണ ക്വാട്ട ഷെയ്ഖ് ഹസീന റദ്ദ് ചെയ്തത്. പിന്നീട് ഇക്കഴിഞ്ഞ ജൂൺ മാസത്തിൽ കോടതി അത് വീണ്ടും നടപ്പാക്കാൻ ഉത്തരവിട്ടതാണ് ബംഗ്ലാദേശിൽ ആളിപ്പടർന്ന കലാപത്തിന് കാരണമായത്. ബംഗ്ലാദേശിലെ ജനാധിപത്യം സ്വേഛാധിപത്യത്തോട് ചേർന്ന് നില്ക്കുന്നു എന്ന ധാരണ കൂടുതൽ ശക്തിപ്പെട്ടത് ഇക്കഴിഞ്ഞ 2024 പുതുവർഷാരംഭം നടന്ന തിരഞ്ഞെടുപ്പിലാണ്. 46 ശതമാനം പേർ മാത്രം പങ്കെടുത്ത തിരഞ്ഞെടുപ്പ്. ബംഗ്ലാ നാഷനലിസ്റ്റ് പാർട്ടി, ജമാഅത്തെ ഇസ്‌ലാമി, തുടങ്ങിയ പ്രമുഖ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് ബഹിഷ്കരിക്കേണ്ടി വന്ന തിരഞ്ഞെടുപ്പായിരുന്നു നടന്നത്. മുൻ പ്രധാനമന്ത്രിയും ബി.എൻ . പി. നേതാവുമായ ബീഗം ഖാലിദ സിയയെ തടവിലാക്കി.

അവരുടെ പാർട്ടി നേതാക്കൾക്ക് മത്സരിക്കാൻ അവസരം നൽകിയില്ല. എതിരാളികളില്ലാതെ തുടർച്ചയായി പ്രധാനമന്ത്രിയാകാൻ ഭരണഘടനയെ പോലും നോക്കുകുത്തിയാക്കി. നിലവിലുള്ള ഭരണകൂടം രാജിവെച്ചാണ് പുതിയ തിരഞ്ഞെടുപ്പിനെ നേരിടേണ്ടത് എന്ന ഭരണഘടനാ ഭേദഗതി കൊണ്ടുവരാൻ പോരാടിയ ഷെയ്ക് ഹസീന തന്നെ അത് ലംഘിച്ച് പ്രധാനമന്ത്രി പദത്തിലിരുന്ന് തിരഞ്ഞെടുപ്പിനെ നേരിട്ടു. തിരഞ്ഞെടുപ്പ് കമ്മീഷൻ ഉൾപ്പെടെയുള്ള ഭരണഘടനാ സ്ഥാപനങ്ങളെ വരുതിയിലാക്കി. നിഷ്പക്ഷവും നിർഭയവുമായി നടക്കേണ്ട തിരഞ്ഞെടുപ്പിനെ അട്ടിമറിച്ചു. അടിയന്തരാവസ്ഥക്ക് സമാനം പരിഷ്ക്കാരങ്ങൾ കൊണ്ടുവന്നു. ആവിഷ്ക്കാര സ്വാതന്ത്ര്യത്തെ നിഷ്കാസനം ചെയ്തു. ഇതെല്ലാമാണ് യഥാർത്ഥത്തിൽ ഇന്ന് ബംഗ്ലാദേശ് അകപ്പെട്ട അവസ്ഥയുടെ അണിയറ വസ്തുതകൾ. ഏറെ നയതന്ത്ര കരുതലോടെയാണ് ഇന്ത്യ ബംഗ്ലാദേശ് സംഘർഷത്തെ കാണുന്നത്.

അന്നാട്ടിലെ ന്യൂനപക്ഷങ്ങൾ ആക്രമിക്കപ്പെടുന്നു എന്ന ഭീതിജനകമായ വാർത്തകൾ വന്നു കൊണ്ടിരിക്കുന്നു. ആയിരക്കണക്കായ ഇന്ത്യക്കാർ തങ്ങളും കച്ചവട സ്ഥാപനങ്ങളും ആക്രമണത്തിന് വിധേയമാകുന്നതിനാൽ പലായനം ചെയ്ത് തുടങ്ങി. അതിർത്തികളിൽ വലിയ തോതിൽ ഇന്ത്യയിലേക്ക് രക്ഷപ്പെടുന്നതിന് ജനക്കൂട്ടമെത്തുന്നതായി സൈന്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യൻ ഭരണകൂടം സമീപകാലത്ത് കൊണ്ടുവന്നതും നടപ്പാക്കാൻ ശ്രമിക്കുന്നതുമായ ഭരണ നടപടികൾ ബംഗ്ലാദേശ് കലാപത്തെ ഇന്ത്യാ വിരുദ്ധവും കൂടിയാക്കി മാറ്റുന്നു. ഇത് ബംഗ്ലാദേശിലെ ന്യൂനപക്ഷ ജനതയുടെ ജീവിതത്തെ അസ്വസ്ഥമാക്കുന്നു.

ബംഗ്ലാദേശിൽ ഇപ്പോൾ രൂപമെടുത്ത സംഘർഷത്തിന് അയവു വരുത്താനും സമാധാനം വീണ്ടെടുക്കാനും ഇടക്കാല പ്രധാനമന്ത്രിക്കും കൗൺസിലിനും പട്ടാളത്തിനും കഴിയുമോ എന്നാണ് എല്ലാവരും ഉറ്റുനോക്കുന്നത്. മൂന്ന് മാസത്തിനകം നടക്കേണ്ട തിരഞ്ഞെടുപ്പിലേക്ക് പോകാൻ കഴിയും വിധം ശാന്തിയും സമാധാനവും പുനസ്ഥാപിക്കാൻ മികച്ച ഭരണ നൈപുണ്യവും നയതന്ത്ര വൈദഗ്ധ്യവും ഇടക്കാല പ്രധാനമന്ത്രിക്ക് കാഴ്ചവെക്കാൻ കഴിയുമെങ്കിൽ നല്ലത്. അല്ലെങ്കിൽ ജനാധിപത്യത്തെ നിഴൽ പോലെ പിന്തുടരുന്ന പട്ടാളാധിപത്യത്തിന്റെയും സ്വേഛാധിപത്യത്തിന്റെയും കൈകളിലായിരിക്കും ആ രാഷ്ട്രം അമരാൻ പോകുന്നത്. അവാമി ലീഗും ബി.എൻ.പി.യും ഉൾപ്പെടെയുള്ള രാഷ്ട്രീയപ്പാർട്ടികൾ ജനാധിപത്യ മാർഗത്തിൽ കൈ കോർക്കുകയായിരിക്കും ബംഗ്ലാദേശിന്റെ ഭാവിക്ക് കരണീയം.

# കേന്ദ്രം കണ്ണടക്കുന്നതെന്തുകൊണ്ട്



ഗഫൂർ കോൽകളത്തിൽ

**കേ**രളം കണ്ട ഏറ്റവും വലിയ ഉരുൾപ്പെട്ടലിനും മഹാദുരന്തത്തിനും സാക്ഷ്യം വഹിച്ച വയനാടിന്റെ പുനരധിവാസ പ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ചകളും നിർദേശങ്ങളും സജീവമാണല്ലോ. നല്ല പാർപ്പിടങ്ങളിൽ മികച്ച രീതിയിൽ കഴിഞ്ഞുകൂടിയവർക്കിപ്പോൾ തിരിച്ചുവരാൻ ഒരിടമില്ലന്നത് എത്രയും വേഗം പരിഹരിക്കപ്പെടണം. താമസം, കുടിവെള്ളം, തൊഴിൽ, വരുമാനം, വിദ്യാഭ്യാസം, ചികിത്സ തുടങ്ങി എല്ലാം വീണ്ടെടുക്കേണ്ടതുണ്ട്.




ബുധനാഴ്ച്ച ചേർന്ന മുസ്‌ലിം ലീഗ് സംസ്ഥാന കമ്മിറ്റിയുടെ പ്രമേയം ഈ വിഷയത്തിന്റെ ഗൗരവത്തെയാണ് ബോധ്യപ്പെടുത്തുന്നത്. ഇവിടെ സർക്കാറുകളും രാഷ്ട്രീയ, സാമുഹിക പ്രസ്ഥാനങ്ങളുമൊക്കെ അവരുടേതായ ഉത്തരവാദിത്തം നിർവഹിക്കണം.

ഈ സാഹചര്യത്തിൽ സാദിഖലി ശിഹാബ് തങ്ങളുടെ നേതൃത്വത്തിൽ മുസ്‌ലിം ലീഗും രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസ് പാർട്ടിയും നൂറു വീടുകൾ നിർമിക്കുമെന്ന് ഇതിനകം പ്രഖ്യാപിച്ചിട്ടുള്ളത് മാതൃകാപരവും ആശ്വാസകരവുമാണ്. കൂടാതെ കർണാടക സർക്കാരും സ്വകാര്യ വ്യക്തികളും സംഘടനകളും സ്ഥാപനങ്ങളും നിരവധി വാഗ്ദാനങ്ങൾ നൽകി എന്നതും ഏറെ പ്രശംസനീയമാണ്. എന്നാൽ വയനാട് ദുരന്തത്തോടും ദുരിതബാധിതരോടും കേന്ദ്ര സർക്കാർ തുടരുന്ന മൗനം സംസ്ഥാനത്തോടുള്ള കടുത്ത അവഗണനയും അനീതിയുമാണ്. ദുരന്തമുണ്ടായി പത്ത് ദിവസം കഴിഞ്ഞിട്ടും പുനരധിവാസത്തിന് കേന്ദ്രസർക്കാറിൽ നിന്ന് യാതൊരുവിധത്തിലുള്ള പ്രഖ്യാപനമോ വാഗ്ദത്തമോ ഉണ്ടായിട്ടില്ല. വയനാട് ദുരന്തത്തെ ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന് സംസ്ഥാനം ഒരുമിച്ച് ആവശ്യപ്പെട്ടിട്ടും ഇത് സംബന്ധമായി ഒരു പ്രതികരണവും കേന്ദ്രം നടത്തിയില്ല. ദുരന്ത പ്രദേശം നേരിട്ട് കണ്ട ലോകസഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധിയും, കേരളത്തിൽനിന്നുള്ള എം.പിമാരും വയനാട് ദുരന്തം ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന് പാർലിമെന്റിൽ ആവശ്യപ്പെട്ടതാണ്. സംസ്ഥാന സർക്കാറും ഇക്കാര്യം ഉന്നയിച്ചിട്ടുണ്ട്. എന്നിട്ടും പ്രധാനമന്ത്രിയോ അഭ്യന്തരമന്ത്രിയോ ഈവിഷയത്തിൽ പ്രതികരണം നടത്തിയില്ല. കേരളത്തോടുള്ള രാഷ്ട്രീയ വിവേചനമാണോ കേന്ദ്രത്തിന്റേതെന്ന് എന്ന ചോദ്യം ഇവിടെ ഉയർന്നുവരികയാണ്. നൂറുക്കണക്കിനാളുകളുടെ ജീവനും സ്വത്തും അപഹരിച്ച ഈ മഹാദുരന്ത ഭൂമിയിൽ പുനരധിവാസം നടത്തി പൂർവ സ്ഥിതിയിലേക്ക് കൊണ്ട് വരിക എന്നത് ഏറെ ശ്രമകരമായ ദൗത്യമാണ്. ഇതിന് സാമ്പത്തികമായി വലിയ പിന്തുണ ആവശ്യമാണ്. അതുകൊണ്ടാണ് കേന്ദ്രസർക്കാറിൽ നിന്നുള്ള സാമ്പത്തിക പിന്തുണ ഉറപ്പുവരുത്തുന്നതിന് ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന ആവശ്യം ശക്തമായിട്ടുള്ളത്.

2005ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിലെ വകുപ്പനുസരിച്ചാണ് അപകടങ്ങളെ നിയമപരമായി ദുരന്തം എന്ന് നിർവചിക്കപ്പെടുന്നത്. ഇത് പ്രകാരം ഏതെങ്കിലും പ്രദേശത്ത് സ്വാഭാവികമോ മനുഷ്യ നിർമിതമോ ആയ കാരണങ്ങളാൽ ആകസ്മികമായോ അശ്രദ്ധ കൊണ്ടോ ഉണ്ടാകുന്ന വലിയ അപകടങ്ങളെയാണ് ദുരന്തമായി കണക്കാക്കുന്നു. കാര്യമായ രീതിയിൽ ജീവനാശം സംഭവിക്കുകയോ സ്വത്തുവകകൾ നശിക്കുകയോ നശിപ്പിക്കപ്പെടുകയോ പരിസ്ഥിതിയെ ഗുരുതരമായി ബാധിക്കുകയോ ചെയ്യണം. ദുരന്ത ബാധിത പ്രദേശത്തെ സമൂഹത്തിന് അപകടം നേരിടാനുള്ള ശേഷിക്കപ്പുറമുള്ള സ്വഭാവമോ വ്യാപ്തിയോ ഉണ്ടായിരിക്കണം. ഭൂകമ്പം, വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ചുഴലിക്കാറ്റ്, സുനാമി, നഗര വെള്ളപ്പൊക്കം, ഉഷ്ണതരംഗം മുതലായവയാണ് സാധാരണയായി ദുരന്തത്തിൽ ഉൾപ്പെടുന്നത്. ആണവ, ജൈവ, രാസ സ്വഭാവമുള്ള മനുഷ്യനിർമിത ദുരന്തവും ഇതിൽ ഉൾപ്പെടും. ദേശീയ ദുരന്തത്തെ നിർവചിക്കുന്നതിനുള്ള നിർദേശങ്ങൾ കേന്ദ്ര സർക്കാർ നേരത്തെ പരിശോധിച്ചിരുന്നു. പ്രകൃതിദുരന്തത്തെ ദേശീയ ദുരന്തമായി പ്രഖ്യാപിക്കാൻ പ്രത്യേകമായ എക്സിക്യൂട്ടീവ് സംവിധാനങ്ങളോ നിയമപരമായ വ്യവസ്ഥകളോ ഇല്ലെന്നാണ് ഇപ്പോൾ ചൂണ്ടിക്കാണിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ ഏതെങ്കിലും ദുരന്തത്തെ ദേശീയ ദുരന്തമായി നിർവചിക്കാൻ നിശ്ചിത മാനദണ്ഡവുമില്ല.

പത്താം ധനകാര്യ കമ്മീഷൻ നിർദേശങ്ങൾ പരിശോധിച്ചതനുസരിച്ച് സംസ്ഥാനത്തെ ജനസംഖ്യയുടെ മൂന്നിലൊന്ന് ആളുകളെ ബാധിക്കുകയാണെങ്കിൽ ദുരന്തത്തെ അപൂർവമായ തീവ്രതയുള്ള ദേശീയ ദുരന്തം എന്ന് വിളിക്കാമെന്നായിരുന്നു നിർദേശം. ഇതേ സമയം അപൂർവ തീവ്രതയുടെ ദുരന്തം എന്താണെന്ന് പ്രത്യേകമായി നിർവചിച്ചിട്ടുമില്ല. ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിലെ വകുപ്പനുസരിച്ച് ദുരന്തത്തെ നിർവചിക്കുമ്പോൾ വയനാടിനെ ഈ ആക്റ്റ് പ്രകാരമുള്ള ദുരന്ത പരിധിയിൽ ഉൾപ്പെടുത്താവുന്നതാണ്. സ്വാഭാവികമായി സംഭവിച്ച അപകടം, കാര്യമായ രീതിയിൽ ജീവനാശം സംഭവിച്ചു, സ്വത്തുവകകൾ നശിച്ചു, പരിസ്ഥിതിയെ ഗുരുതരമായി ബാധിച്ചു എന്നീ പ്രത്യേകതകളും ദുരന്ത ബാധിത പ്രദേശത്തെ സമൂഹത്തിന് അപകടം നേരിടാനുള്ള ശേഷിക്കപ്പുറമുള്ള സ്വഭാവമോ വ്യാപ്തിയോ ഉണ്ടായിരിക്കണമെന്ന വ്യവസ്ഥയും വയനാട് ദുരന്തത്തിനുണ്ട്. ദുരന്തത്തിന്റെ തീവ്രതയും വ്യാപ്തിയും, പ്രശ്നം കൈകാര്യം ചെയ്യാനുള്ള സംസ്ഥാനത്തിന്റെ ശേഷി, ആശ്വാസ പദ്ധതികൾ നടപ്പാക്കാനുള്ള വിഭവ ശേഷി എന്നീ പ്രധാനമായ അടിസ്ഥാന കാര്യങ്ങളും ഇവിടെ ബാധകമാണ് .

2013ലെ ഉത്തരാഖണ്ഡ് വെള്ളപ്പൊക്കവും 2014 ലെ ആന്ധ്രാപ്രദേശിലെ ഹുദ്ഹുദ് ചുഴലിക്കാറ്റും തീവ്രമായ ദുരന്തങ്ങളായി തരംതിരിച്ചിട്ടുള്ള സാഹചര്യത്തിൽ വയനാട് ദുരന്തത്തെയും അപൂർവ ത്രീവതയുള്ള ദുരന്തമായി കാണാവുന്നതാണ്. ഒരു ദുരന്തത്തെ ദേശീയ ദുരന്തമായി പ്രഖ്യാപിക്കപ്പെടുകയാണെങ്കിൽ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് സാമ്പത്തികമായി പിന്തുണ നൽകേണ്ടി വരും. ദേശീയ ദുരന്ത നിവാരണ നിധിയിൽ നിന്നുള്ള അധിക സഹായവും ഈ മേഖലയിലേക്ക് കേന്ദ്രം പരിഗണിക്കേണ്ടിവരും. കേന്ദ്രവും സംസ്ഥാനവും തമ്മിൽ 3:1 അനുപാതത്തിലാണ് ദുരന്ത നിവാരണ ഫണ്ട് രൂപീകരിക്കുക. കൂടാതെ സംസ്ഥാനത്തിന്റെ വിഭവങ്ങൾ അപര്യാപ്തമാകുന്ന പക്ഷം, ദേശീയ ദുരന്ത കണ്ടിജൻസി ഫണ്ടിൽ നിന്ന് അധിക സഹായവും പരിഗണിക്കപ്പെടും. ദേശീയ ദുരന്ത കണ്ടിജൻസി ഫണ്ടിന് 100% ധനസഹായം നൽകുന്നത് കേന്ദ്ര സർക്കാറാണ്. വായ്പകളുടെ തിരിച്ചടവിൽ നൽകുന്ന ആശ്വാസം, ദുരന്ത ബാധിതർക്ക് ഇളവ് വ്യവസ്ഥകളിൽ പുതിയ വായ്പകൾ എന്നിവയും പരിഗണിക്കപ്പെടും.

ചൂരൽമല, മുണ്ടക്കൈ പ്രദേശത്തെ ഉരുൾ എടുത്തത് ഒരു ജനതയുടെ സർവസ്വവുമാണ്. ജീവഹാനി സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം, അപകടം സംഭവിച്ചവരുടെ ചികിത്സ, വീടും സ്ഥലവും, മറ്റു സൗകര്യങ്ങളും ഉൾപ്പെടെയുള്ള പുരധിവാസത്തിന് വൻതുക ആവശ്യമാണ്. ഉപജീവിത മാർഗങ്ങളും തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ അനവധി കാര്യങ്ങളാണ് ഇവർക്ക് ഒരുക്കാനുള്ളത്. ദുരന്ത നിമിഷം മുതൽ ഇന്നുവരെയും ദുരിതബാധിതരെ ചേർത്തുപിടിക്കാനും രക്ഷാപ്രവർത്തനങ്ങളിലും കേരളം മാതൃകയാകുമ്പോൾ ഇതിനൊപ്പം ചേർന്ന് നിൽക്കാൻ ബാധ്യതയുള്ള കേന്ദ്ര സർക്കാർ വയനാടിനോടുള്ള നിഷേധാത്മക നിലപാട് അങ്ങേയറ്റം ദുഃഖകരമാണ്. സംസ്ഥാനത്തെ രണ്ട് കേന്ദ്ര സഹമന്ത്രിമാർ ഇവിടം സന്ദർശിച്ചിരുന്നുവെങ്കിലും ദേശീയ ദുരന്ത പ്രഖ്യാപനത്തിന്റെ സാധ്യത പഠിക്കട്ടെ എന്നാണ് പ്രതികരിച്ചിട്ടുള്ളത്. ദുരന്തത്തിന്റെ പന്ത്രണ്ടാം നാളായ ഇന്ന് വയനാട് സന്ദർശിക്കാനെത്തുന്ന പ്രധാനമന്ത്രിക്ക് ഒരു ജനതയെ മുഴുവൻ തീരാദുഃഖത്തിലാഴ്ത്തിയ ഈ ദുരന്തത്തിൻറെ ആഴവും വ്യാപ്തിയും ബോധ്യപ്പെടാൻ കഴിയുമെന്ന് പ്രത്യാശിക്കാം.

RNI 3018/1957 Vol No. 91. Issue No.209 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikode at Chandrika Press, Y M C A road, Kozhikode - 673 001.
Editor-Kamal Varadoor (responsible for selection of news under PRB Act). Phone: 0495-2766032, 2765122, Fax: 0495-2765950. Email-chandrika1000@gmail.com, chandadvt@gmail.com



## ജിഎസ്ടി ഇളവ് അനുവദിക്കില്ല

ന്യൂഡൽഹി: ആരോഗ്യ ഇൻഷുറൻസ് പ്രീമിയത്തിന് ജി.എസ്.ടി ഇളവ് നൽകണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യം തള്ളി കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. ജി.എസ്.ടി കൗൺസിലിൽ കേന്ദ്രം തനിയെയല്ല തീരുമാനമെടുക്കുന്നത്. കൗൺസിലിൽ മൂന്നിൽ രണ്ട് അംഗസംഖ്യ സംസ്ഥാനങ്ങളുടെ ധനമന്ത്രിമാരാണ്. ബഹളമുണ്ടാക്കുന്നതിനുപകരം തങ്ങളുടെ സംസ്ഥാനങ്ങളിലെ ധനമന്ത്രിമാരോട് അടുത്ത ജി.എസ്.ടി കൗൺസിൽ യോഗത്തിൽ വിഷയമുന്നയിക്കാൻ പറയുകയാണ് പ്രതിപക്ഷം ചെയ്യേണ്ടത്. ജി.എസ്.ടി നിലവിൽ വരുന്നതിനുമുമ്പ് ഇൻഷുറൻസ് പ്രീമിയങ്ങൾക്കുമേൽ സംസ്ഥാനങ്ങൾ നികുതി ഈടാക്കിയിരുന്നു.



## ബി.ജെ.പിയുടെ പേര് മാറ്റണം

ന്യൂഡൽഹി: ബി.ജെ.പിക്ക് എല്ലാറ്റിലും കച്ചവടക്കണ്ണാണെന്നും ഈ സാഹചര്യത്തിൽ ആ പാർട്ടിയുടെ പേര് ഭാരതീയ സമീൻ(കച്ചവട) പാർട്ടി എന്നാക്കണമെന്നും സമാജ്‌വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ്. ആദ്യം പ്രതിരോധ മേഖല വിറ്റഴിച്ചു, പിന്നെ റെയിൽവേയെ വിറ്റഴിച്ചു, പിന്നെ പൊതുമേഖല സ്ഥാപനങ്ങൾ ഒന്നൊന്നായി വിറ്റഴിച്ചു. ഇപ്പോൾ വഖഫ് സ്വത്തുക്കളിൽ കണ്ണു വച്ചിരിക്കുകയാണ്. ഇതിനു വേണ്ടിയാണ് വഖഫ് ബോർഡുകളുടെയും വഖഫ് കൗൺസിലിന്റെയും അധികാരം റദ്ദു ചെയ്യുന്ന നിയമ ഭേദഗതിയുമായി കേന്ദ്ര സർക്കാർ രംഗത്തെത്തിയത്. ബി.ജെ.പി റിയൽ എസ്റ്റേറ്റ് കമ്പനിയെപ്പോലെയാണ് പ്രവർത്തിക്കുന്നത്.

# ഇന്ത്യ വാർത്തകൾ

## ചുരുക്കത്തിൽ

### റഷ്യൻ സൈന്യത്തിലെ ഇന്ത്യക്കാരുടെ മോചനം: പ്രതികരിച്ച് കേന്ദ്രം

ന്യൂഡൽഹി: അനധികൃതമായി റഷ്യൻ സൈന്യത്തിലേക്ക് റിക്രൂട്ട് ചെയ്യപ്പെട്ട ഇന്ത്യക്കാരുടെ മോചനത്തിനായി കാത്തിരിക്കുകയാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ഇന്ത്യൻ യുവാക്കളെ റഷ്യയിലേക്ക് അയച്ച മനുഷ്യക്കടത്തുകാരെക്കുറിച്ച് സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ (സി.ബി.ഐ) മതിയായ തെളിവുകൾ കണ്ടെത്തിയിട്ടുണ്ടെന്നും 69 ഇന്ത്യൻ പൗരന്മാർ ഇപ്പോഴും റഷ്യൻ സൈന്യത്തിൽ നിന്ന് മോചനത്തിനായി കാത്തിരിക്കുകയാണെന്നും അദ്ദേഹം ലോക്സഭയിൽ പറഞ്ഞു. കേരളത്തിൽ നിന്നുള്ള അടൂർ പ്രകാശ് എം.പിയുടെ ചോദ്യത്തിന് മറുപടി പറയുകയായിരുന്നു അദ്ദേഹം. റഷ്യൻ ആർമിയിലേക്ക് അനധികൃതമായി റിക്രൂട്ട് ചെയ്ത 91 ഇന്ത്യൻ പൗരന്മാരുടെ വിവരങ്ങൾ തങ്ങളുടെ പക്കലുണ്ട്. എട്ട് പേർ മരിക്കുകയും 14 പേർ തിരിച്ചെത്തുകയും ചെയ്തിട്ടുണ്ട്. 69 പേർ മോചനത്തിനായി കാത്തിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്ര മോദി റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി ഇക്കാര്യം സംസാരിക്കുകയും റഷ്യൻ സൈന്യത്തിൽ സേവനമനുഷ്ഠിക്കുന്ന ഇന്ത്യൻ പൗരന്മാരെ മോചിപ്പിക്കുമെന്ന് ഉറപ്പ് ലഭിക്കുകയും ചെയ്തതായും അദ്ദേഹം കൂട്ടിച്ചേർത്തു. അനധികൃതമായി റഷ്യൻ പട്ടാളത്തിലേക്ക് റിക്രൂട്ട് ചെയ്ത 19 വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെ ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രണ്ട് പ്രതികൾ ഏപ്രിലിലും രണ്ട് പേർ മെയിലും അറസ്റ്റിലായതായും മന്ത്രി പറഞ്ഞു.

### ഇസ്രാഈലിലേക്കുള്ള വിമാന സർവീസ് റദ്ദാക്കിയത് നീട്ടി എയർ ഇന്ത്യ

ന്യൂഡൽഹി: പശ്ചിമേഷ്യയിലെ നിലവിലെ സംഘർഷ സാധ്യതാ പശ്ചാത്തലത്തിൽ ഇസ്രാഈലിലേക്കുള്ള വിമാന സർവീസ് റദ്ദാക്കിയത് നീട്ടി എയർ ഇന്ത്യ. ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ ടെൽ അവീവിലേക്കുള്ള സർവീസ് നിർത്തിവയ്ക്കുന്നതായി എയർ ഇന്ത്യ അറിയിച്ചു. നേരത്തെ ആഗസ്റ്റ് എട്ടു വരെ എയർ ഇന്ത്യ സർവീസ് നിർത്തിവച്ചിരുന്നു. ഇതാണ് ഇപ്പോൾ നീട്ടിയിരിക്കുന്നത്. 'മിഡിൽ ഈസ്റ്റിന്റെ ചില ഭാഗങ്ങളിലെ നിലവിലെ സാഹചര്യം കണക്കിലെടുത്ത് ടെൽ അവീവിലേക്കും തിരിച്ചുമുള്ള ഞങ്ങളുടെ വിമാനങ്ങളുടെ ഷെഡ്യൂൾ ചെയ്ത ഓപ്പറേഷൻ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ നിർത്തി'- എയർ ഇന്ത്യ എക്സിൽ കുറിച്ചു. 'അവിടുത്തെ സ്ഥിതിഗതികൾ തുടർച്ചയായി നിരീക്ഷിച്ചു വരികയാണ്. ടെൽഅവീവിലേക്കും തിരിച്ചുമുള്ള യാത്രയ്ക്കായി ടിക്കറ്റ് ബുക്ക് ചെയ്ത യാത്രക്കാർക്ക് പണം തിരികെ നൽകും. ഞങ്ങളുടെ അതിഥികളുടെയും ജീവനക്കാരുടേയും സുരക്ഷയ്ക്ക് ഞങ്ങൾ മുൻഗണന നൽകുന്നു'- എയർ ഇന്ത്യ അറിയിച്ചു. വിമാനം റദ്ദാക്കലുകളെക്കുറിച്ചും റീഫണ്ടുമായി ബന്ധപ്പെട്ട അന്വേഷണങ്ങളെക്കുറിച്ചുമുള്ള കൂടുതൽ വിവരങ്ങൾക്ക് യാത്രക്കാർക്ക് 011 69329333/01169329999 എന്ന നമ്പറിൽ 24 മണിക്കൂറും ബന്ധപ്പെടാമെന്നും എയർ ഇന്ത്യ അറിയിച്ചു. നേരത്തെ, ആഗസ്റ്റ് രണ്ടിനായിരുന്നു ഇസ്രാഈലിലേക്കും തിരിച്ചുമുള്ള സർവീസുകൾ നിർത്തിവയ്ക്കുന്നതായി എയർ ഇന്ത്യ അറിയിച്ചത്.

ജൂലൈ 31ന് തെഹ്റാനിലുണ്ടായ ആക്രമണത്തിൽ ഹമാസ് രാഷ്ട്രീയകാര്യ സമിതി തലവൻ ഇസ്മായിൽ ഹനിയയും അംഗരക്ഷകനും കൊല്ലപ്പെട്ടതിനു പിന്നാലെ, ഇസ്രാഈലും ഇറാനും തമ്മിലുള്ള തർക്കം വർധി



രാജ്യസഭയിൽ സമാജ്‌വാദി പാർട്ടി അംഗം ജയാ ബച്ചനെ അധിക്ഷേപിച്ച സഭാധ്യക്ഷൻ ജഗദീപ് ധൻകറിന്റെ നടപടിയിൽ പ്രതിഷേധിച്ച് സോണിയാ ഗാന്ധിയുടെ നേതൃത്വത്തിൽ പ്രതിപക്ഷ എം.പിമാർ ഇറങ്ങിപ്പോരുന്നു

# രാജ്യസഭയിൽ നാടകീയത

## ഏറ്റുമുട്ടി ധൻകറും ജയാ ബച്ചനും

### ഇംപീച്ച്മെന്റിന് പ്രതിപക്ഷം

ന്യൂഡൽഹി: രാജ്യസഭയിൽ സമാജ്‌വാദി പാർട്ടി അംഗം ജയാ ബച്ചനെ അധിക്ഷേപിച്ച സഭാധ്യക്ഷൻ ജഗദീപ് ധൻകറിന്റെ നടപടി വിവാദത്തിൽ. ജയാ ബച്ചനെ, ജയ അമിതാഭ് ബച്ചൻ എന്ന് ധൻകർ അഭിസംബോധന ചെയ്തതാണ് വിവാദത്തിന് തിരികൊളുത്തിയത്. രാജ്യസഭയിൽ ജയാ ബച്ചനെ ചർച്ചക്ക് വേണ്ടി സഭാധ്യക്ഷൻ ക്ഷണിച്ചിരുന്നു. ഈ സമയം 'ജയ അമിതാഭ് ബച്ചൻ' എന്ന് ധൻകർ പരിഹാസ രൂപേണ പരാമർശിക്കുകയായിരുന്നു.

താനൊരു അഭിനേത്രിയാണെന്നും ഒരാളുടെ ഭാവപ്രകടനങ്ങൾ കൃത്യമായി മനസ്സിലാക്കാൻ സാധിക്കുമെന്നും ജയാ ബച്ചൻ മറുപടി നൽകി. അധ്യക്ഷൻ തന്നെ അപമാനിച്ചെന്നും തന്നോട് മാപ്പ് പറയാതെ പ്രതിഷേധത്തിൽ നിന്നും പിൻമാറില്ലെന്നും അവർ വ്യക്തമാക്കി. ഇതോടെ ജയാ ബച്ചനും ജഗദീപ് ധൻകറും തമ്മിൽ രൂക്ഷമായ വാക്ക് പോരാണ് നടന്നത്. തന്നെ ആരും പഠിപ്പിക്കേണ്ടതില്ലെന്ന് ജഗദീപ് ധൻകർ പ്രതികരിച്ചു.





ജഗദീപ് ധൻകർ, *ജയാ ബച്ചൻ*

ജയ ഒരു പ്രശസ്തയായ കലാകാരിയായിരിക്കാം, എന്നാൽ സഭയുടെ അച്ചടക്കം ബാധകമാണെന്നും ധൻകർ ശക്തമായ ഭാഷയിൽ തിരിച്ചടിച്ചു. പ്രതിഷേധത്തെ തുടർന്ന് സോണിയാ ഗാന്ധിയുടെയും തൃണമൂൽ കോൺഗ്രസ് അംഗം ഡെറക് ഒബ്രിയന്റെയും നേതൃത്വത്തിൽ പ്രതിപക്ഷം രാജ്യസഭയിൽ നിന്ന് ഇറങ്ങിപ്പോയി. പ്രതിപക്ഷ അംഗങ്ങളെ സഭാധ്യക്ഷൻ തുടർച്ചയായി അപമാനിക്കുന്നുവെന്ന് കോൺഗ്രസ് ജനറൽ സെക്രട്ടറിയും എം.പിയുമായ ജയറാം രമേശ് ആരോപിച്ചു. പ്രതിപക്ഷ അംഗങ്ങൾക്ക് സംസാരിക്കാൻ തുടർച്ചയായി അവസരം നിഷേധിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. മറ്റ് പ്രതിപക്ഷ നേതാക്കളും ജയ ബച്ചന് പിന്തുണയുമായി രംഗത്തെത്തി.

നാല് തവണ എം.പിയായ വ്യക്തിക്കാണ് ഈ ദുരനുഭവമെന്ന് ശിവസേന (യു.ബി.ടി) അംഗം പ്രിയങ്കാ ചതുർവേദി പ്രതികരിച്ചു. അതേസമയം ജയാ ബച്ചനെ അപമാനിച്ചെന്ന് ചൂണ്ടിക്കാട്ടി രാജ്യസഭാ അധ്യക്ഷനെതിരെ പ്രതിപക്ഷം ഇംപീച്ച്മെന്റ് നടപടിക്കുള്ള നീക്കം തുടങ്ങി. പ്രമേയത്തിൽ പ്രതിപക്ഷ എംപിമാർ ഒപ്പുവയ്ക്കുന്ന നടപടിക്രമങ്ങളാണ് സഭയിൽ ആരംഭിച്ചത്.

നിലവിൽ 14 ദിവസം മുൻപെങ്കിലും പ്രമേയം സമർപ്പിക്കണമെന്നുള്ളതിനാൽ ഈ സഭാ സമ്മേളനത്തിൽ ഇംപീച്ച്മെന്റ് അവതരിപ്പിക്കാൻ സാധ്യതയില്ല. കഴിഞ്ഞ മാസം ഡെപ്യൂട്ടി ചെയർപേഴ്സൺ ഹരിവംശ് നാരായൺ സിങും ജയാ ബച്ചനെതിരെ ഇതേ പരാമർശം നടത്തിയിരുന്നു.

## മുംബൈ കോളജിലെ വിലക്ക് നീക്കി

# ഹിജാബ് ധരിക്കാം സുപ്രീംകോടതി

### 'പൊട്ടും സിന്ദൂരവും ഇട്ടവരെ തടയുമോ'

ന്യൂഡൽഹി: മുംബൈ സ്വകാര്യ കോളജിലെ മുസ്‌ലിം വിദ്യാർത്ഥികൾക്ക് ഹിജാബ് ധരിക്കാമെന്ന് സുപ്രീം കോടതി. എൻ.ജി ആചാര്യ ആന്റ് ഡി.കെ മാർത്ത കോളജിലെ മുസ്‌ലിം വിദ്യാർത്ഥികൾ നൽകിയ ഹർജിയിലാണ് സുപ്രീംകോടതിയുടെ നിർണായക ഉത്തരവ്.

ഹിജാബ് നിരോധനം ശരിവെച്ചുള്ള ബോംബെ ഹൈക്കോടതി വിധിക്കെതിരെയായിരുന്നു ഹർജി. ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, സഞ്ജയ് കുമാർ എന്നിവരുൾപ്പെട്ട രണ്ടംഗ സുപ്രീം കോടതി ബെഞ്ചാണ് കേസിൽ സ്റ്റേ അനുവദിച്ചത്. പെൺകുട്ടികൾക്ക് വസ്ത്രധാരണത്തിനുള്ള സ്വാതന്ത്ര്യം നൽകണമെന്നും ഇക്കാര്യത്തിൽ കോളജ് കുട്ടികളെ നിർബന്ധിക്കരുതെന്നും സുപ്രീംകോടതി വ്യക്തമാക്കി. കുട്ടികളുടെ മതം വെളിപ്പെടുമെന്നതിനാലാണ് ഇത്തരമൊരു ഉത്തരവിറക്കിയതെന്നായിരുന്നു കോളജിന്റെ വാദം. എന്നാൽ, മതം വെളിപ്പെടുത്താനാവില്ലേ എന്നായിരുന്നു ഈ വാദത്തോടുള്ള ജസ്റ്റിസ് സഞ്ജീവ് ഖന്നയുടെ ചോദ്യം. കുട്ടികളുടെ പേരുകളിലൂടെ മതം വെളിവാകില്ലേ. ഇത് ഒഴിവാക്കാൻ പേരുകൾക്ക് പകരം നമ്പറുകൾ ഉപയോഗിക്കാൻ അവരെ നിർബന്ധിക്കുമോയെന്നും കോടതി ചോദിച്ചു. 2008 മുതൽ നിലവിലുള്ള കോളജ് ഹിജാബ് നിരോധിക്കാൻ ഇപ്പോൾ തീരുമാനമെടുക്കാനുള്ള കാരണമെന്താണ്. ഇത്രയും കാലം എന്തുകൊണ്ട് ഇത്തരമൊരു തീരുമാനമെടുത്തില്ലെന്നും കോടതി ചോദിച്ചു.



അപ്പീൽ നൽകിയ വിദ്യാർത്ഥികൾ എല്ലായ്പ്പോഴും ഹിജാബ് ധരിക്കാറില്ലെന്ന് കോളജിന് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷിക മാധവി ദിവാൻ പറഞ്ഞു. എന്തു ധരിക്കണമെന്ന് പെൺകുട്ടികളുടെ കാര്യമല്ലേ എന്നായിരുന്നു ജസ്റ്റിസ് സഞ്ജയ് കുമാറിന്റെ മറുചോദ്യം. എന്താണ് ധരിക്കേണ്ടത് എന്ന് പറഞ്ഞ് എങ്ങനെയാണ് സ്ത്രീകളെ ശാക്തീകരിക്കുക എന്നും അദ്ദേഹം ചോദിച്ചു. വിദ്യാർത്ഥികളുടെ സാമൂഹിക സാഹചര്യങ്ങൾ അധികൃതർ മനസ്സിലാക്കണം. ഹിജാബ് ധരിച്ച് പോകണമെന്ന് കുടുംബാംഗങ്ങൾ പറയുന്നുണ്ടാകാം. അവരോട് കോളജ് വിട്ടുപോകാൻ പറയരുത്. ഇതിനൊക്കെയുള്ള പരിഹാരം നല്ല വിദ്യാഭ്യാസമാണ്-ജസ്റ്റിസ് ഖന്ന പറഞ്ഞു.

മുഖം മറച്ചുള്ള നിഖാബും ബുർഖയും ആശയസംവേദനത്തിന് തടസ്സമാണെന്ന ദിവാന്റെ വാദം കോടതി അംഗീകരിച്ചു. നിഖാബ് ക്ലാസിൽ അനുവദിക്കേണ്ടതില്ലെന്നും ക്യാംപസിൽ മതചടങ്ങുകൾ നടത്തരുതെന്നും കോടതി നിർദേശിച്ചു. ഉത്തരവ് ദുരുപയോഗം ചെയ്താൽ കോടതിയെ സമീപിക്കാമെന്നും ബെഞ്ച് വ്യക്തമാക്കി.

### ജമ്മു കശ്മീരിൽ തിരഞ്ഞെടുപ്പ് ഉടനെന്ന് രാജീവ് കുമാർ

ശ്രീനഗർ: ജമ്മുകശ്മീരിൽ എത്രയും വേഗം നിയമസഭ തിരഞ്ഞെടുപ്പ് നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ. വോട്ടെടുപ്പ് നടപടി അട്ടിമറിക്കാൻ ഒരു ശക്തിയേയും അനുവദിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി. എല്ലാ രാഷ്ട്രീയ പാർട്ടികളും തിരഞ്ഞെടുപ്പ് നടത്താൻ ശക്തമായി വാദിക്കുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഒരുക്കം വിലയിരുത്താൻ തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഗ്യാനേഷ് കുമാർ, എസ്.എസ് സന്ധു ഉൾപ്പെടെയുള്ള മൂന്നംഗ സമിതി നിലവിൽ ജമ്മു കശ്മീരിലാണുള്ളത്.

## മനീഷ് സിസോദിയയുടെ ജാമ്യം; കെജ്‌രിവാളും പ്രതീക്ഷയിൽ

ന്യൂഡൽഹി: മദ്യനയ അഴിമതി കേസിൽ ഡൽഹി മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയക്ക് ജാമ്യം ലഭിച്ചത്, ഇതേ കേസിൽ ജയിലിൽ കഴിയുന്ന മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിനും ഗുണം ചെയ്യുമെന്ന് ഇരുവരുടെയും അഭിഭാഷകനായ അഭിഷേക് മനു സിങ്‌വി.

നടപടിക്രമങ്ങൾ പൂർത്തിയാക്കി സിസോദിയ ഇന്നലെ രാത്രിയോടെ തിഹാർ ജയിലിൽ നിന്ന് പുറത്തിറങ്ങിയിരുന്നു. വിചാരണ നീണ്ടുപോകുന്നത് മൗലികാവകാശത്തിന്റെ ലംഘനമാണെന്ന് വ്യക്തമാക്കിയാണ് ജസ്റ്റിസ് ബി.ആർ. ഗവായ് അധ്യക്ഷനായ സുപ്രീംകോടതി ബഞ്ച് മനീഷ് സിസോദിയക്ക് ജാമ്യമനുവദിച്ചത്. ഇതേ കേസിൽ ഇക്കഴിഞ്ഞ മാർച്ചിലാണ് കെജ്‌രിവാളിനെ ഇ.ഡി അറസ്റ്റ് ചെയ്തത്.



*കെജ്‌രിവാളും സിസോദിയയും*

ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി മൂന്നാഴ്ചത്തെ ഇടക്കാല ജാമ്യം ലഭിച്ചിരുന്നു. ജൂണിൽ ഇ.ഡി കേസിൽ ജാമ്യം ലഭിച്ച് പുറത്തിറങ്ങാനിരിക്കെ സി.ബി.ഐ ജയിലിലെത്തി അറസ്റ്റ് ചെയ്യുകയായിരുന്നു. ഈ കേസിലെ അറസ്റ്റുമായി ബന്ധപ്പെട്ട് കെജ്‌രിവാൾ നൽകിയ ഹർജി സുപ്രീംകോടതിയുടെ പരിഗണനയിലാണ്. അഴിമതി കേസിലെ പ്രധാന ഗൂഢാലോചനക്കാരനാണ് കെജ്‌രിവാളെന്ന് നേരത്തെ സി.ബി.ഐ അറിയിച്ചതിനെ തുടർന്ന് കോടതി ജാമ്യം നിഷേധിച്ചിരുന്നു.

എന്നാൽ സിസോദിയക്ക് ജാമ്യം ലഭിച്ച സാഹചര്യത്തിൽ കെജ്‌രിവാളിനും ഇളവ് ലഭിച്ചേക്കുമെന്നാണ് പ്രതീക്ഷ. നിലവിൽ അദ്ദേഹത്തിന്റെ കസ്റ്റഡി കാലാവധി ഈ മാസം 20 വരെ നീട്ടിയിട്ടുണ്ട്.

## ബംഗ്ലാദേശ് അതിർത്തിയിലെ സാഹചര്യം നിരീക്ഷിക്കാൻ സമിതി

ന്യൂഡൽഹി: ബംഗ്ലാദേശിലെ സംഭവ വികാസങ്ങളുടെ പശ്ചാത്തലത്തിൽ ഇന്ത്യ- ബംഗ്ലാദേശ് അതിർത്തിയിലെ നിലവിലെ സ്ഥിതിഗതികൾ നിരീക്ഷിക്കാൻ സമിതിക്ക് രൂപം നൽകി കേന്ദ്രസർക്കാർ. ആഭ്യന്തരമന്ത്രി അമിത് ഷായാണ് ഇക്കാര്യം അറിയിച്ചത്. ബംഗ്ലാദേശ് അധികൃതരുമായി സമിതി ആശയവിനിമയം നടത്തുമെന്നും ബംഗ്ലാദേശിലുള്ള ഇന്ത്യക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുമെന്നും അമിത് ഷാ വ്യക്തമാക്കി. ബി.എസ്.എഫ് ഈസ്റ്റേൺ കമാൻഡ് എ.ഡി.ജി സമിതിക്ക് നേതൃത്വം നൽകും. ബംഗ്ലാദേശിലെ ഇന്ത്യക്കാരുടേയും ന്യൂനപക്ഷ വിഭാഗങ്ങളുടേയും സുരക്ഷ ഉറപ്പുവരുത്താൻ, കേന്ദ്രം നിയോഗിച്ച സമിതി ബംഗ്ലാദേശ് അധികൃതരുമായി ആശയവിനിമയം നടത്തുമെന്നും അമിത് ഷാ പറഞ്ഞു. ബംഗ്ലാദേശ് സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ അതിർത്തിയിൽ സുരക്ഷ ശക്തമാക്കിയിട്ടുണ്ട്.

## വിദ്യാഭ്യാസ രംഗത്ത് വീണ്ടും തമിഴ്നാട് മാതൃക

ചെന്നൈ: സർക്കാർ സ്കൂളുകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി ഉന്നത വിദ്യാഭ്യാസത്തിന് പോകുന്ന ആൺകുട്ടികൾക്കായി 1000 രൂപ പ്രതിമാസ സഹായം പദ്ധതി പ്രഖ്യാപിച്ച് തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ.

'പുതുമൈ പെൺ' എന്ന പേരിൽ പെൺകുട്ടികൾക്ക് സമാനമായ സാമ്പത്തിക സഹായ പദ്ധതി നേരത്തെ ആരംഭിച്ചിരുന്നു. പദ്ധതി പ്രകാരം ഉന്നത വിദ്യാഭ്യാസത്തിനായി പോകുന്ന പെൺകുട്ടികൾക്ക് സർക്കാർ സ്കൂളുകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയതിന് ശേഷം പ്രതിമാസം 1000 രൂപ ലഭിക്കും. ഈ പദ്ധതിയാണ് ഇപ്പോൾ ആൺകുട്ടികൾക്കും ഉറപ്പാക്കിയത്. 'തമിഴ് പുതൽവൻ' എന്നാണ് പദ്ധതിക്ക് പേര് നൽകിയിട്ടുള്ളത്.

ഉന്നതവിദ്യാഭ്യാസം നേടുന്നതിന് വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതികൾ ആവിഷ്കരിച്ച് ആരംഭിച്ചതെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു. 2022 സെപ്റ്റംബർ അഞ്ചിന് 'പുതുമൈ പെൺ' പദ്ധതി ആരംഭിച്ചതുമുതൽ, 2.09 ലക്ഷത്തിലധികം പെൺകുട്ടികൾക്ക് പ്രയോജനം ലഭിച്ചു. 2024ൽ 64,231 പേർ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തി. ഇതുവരെ 'പുതുമൈ പെൺ പദ്ധതി'ക്കായി സർക്കാർ 371.77 കോടി രൂപ ചെലവഴിച്ചു. 2024-2025 സാമ്പത്തിക വർഷത്തിൽ 370 കോടി രൂപ അനുവദിച്ചിട്ടുമുണ്ട്.

ഈ വർഷം ആദ്യം തമിഴ് മീഡിയം സർക്കാർ എയ്ഡഡ് സ്കൂളിൽ പഠിക്കുന്ന പെൺകുട്ടികൾക്കും സഹായം ലഭിക്കുന്ന തരത്തിൽ പദ്ധതി വിപുലീകരിച്ചിരുന്നു. 'തമിഴ് പുതൽവൻ' പദ്ധതി പ്രകാരം സർക്കാർ സ്കൂളുകളിൽ ആറ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പഠിച്ച് ഉന്നത വിദ്യാഭ്യാസത്തിനായി പോകുന്ന ആൺകുട്ടികൾക്ക് എല്ലാ മാസവും 1000 രൂപ നൽകും. 3.28 ലക്ഷം വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കും.

### 'ബംഗ്ലാദേശ് സമാധാനത്തിലേക്ക് മടങ്ങേണ്ടത് അനിവാര്യത'

## മുഹമ്മദ് യൂനുസിന് ആശംസ നേർന്ന് ഖാർഗെയും രാഹുലും

ന്യൂഡൽഹി: ബംഗ്ലാദേശിൽ ഇടക്കാല മന്ത്രിസഭക്ക് നേതൃത്വം നൽകുന്ന നൊബേൽ ജേതാവ് മുഹമ്മദ് യൂനുസിന് ആശംസ നേർന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയും പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും. ബംഗ്ലാദേശ് സമാധാനത്തിലേക്കും സാധാരണനിലയിലേക്കും വേഗത്തിൽ തിരിച്ചുവരുമെന്ന് ഖാർഗെ പ്രത്യാശ പ്രകടിപ്പിച്ചു.

ബംഗ്ലാദേശിലെ ഇടക്കാല സർക്കാറിന്റെ തലവനായി സത്യപ്രതിജ്ഞ ചെയ്ത പ്രഫ. മുഹമ്മദ് യൂനുസിന് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പേരിൽ ആശംസകൾ നേരുന്നു. ഇന്ത്യക്കാരായ ഞങ്ങൾ ചരിത്രപരമായ ബന്ധം പങ്കിടുന്ന അയൽ രാജ്യമായ ബംഗ്ലാദേശ് സാധാരണ നിലയിലും സമാധാനത്തിലും തിരിച്ചെത്തുമെന്ന് ആത്മാർഥമായി പ്രതീക്ഷിക്കുന്നു. ന്യൂനപക്ഷങ്ങൾ ഉൾപ്പെടെ ബംഗ്ലാദേശിലെ മുഴുവൻ ജനങ്ങളുടെയും സുരക്ഷക്കായി ഞങ്ങൾ പ്രാർഥിക്കുന്നുവെന്നും ഖാർഗെ എക്സിൽ കുറിച്ചു.

ബംഗ്ലാദേശ് ഇടക്കാല സർക്കാറിന്റെ തലവനായി സത്യപ്രതിജ്ഞ ചെയ്ത പ്രഫ. മുഹമ്മദ് യൂനുസിന് ആശംസകൾ. സമാധാനത്തിലേക്കും സാധാരണനിലയിലേക്കും വേഗത്തിൽ മടങ്ങിയെത്തേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണെന്നു രാഹുൽ എക്സിൽ കുറിച്ചു. മൈക്രോഫിനാൻസിലെയും സാമൂഹിക സംരംഭകത്വത്തിലെയും ഇതിഹാസമാണ് യൂനുസ് എന്ന് കോൺഗ്രസ് ജനറൽ സെക്രട്ടറി ജയറാം രമേശ് പ്രശംസിച്ചു. എനിക്ക് അദ്ദേഹത്തെ നന്നായി അറിയാം. 2011-2014 കാലയളവിൽ ഞാനും ഗ്രാമവികസന മന്ത്രാലയത്തിലെ സഹപ്രവർത്തകരും വനിതാ സ്വയംസഹായ സംഘങ്ങളെ അടിസ്ഥാനമാക്കിയുള്ള ദേശീയ ഗ്രാമീണ ഉപജീവന ദൗത്യമായ 'ആജീവിക'ക്ക് വേണ്ടി അദ്ദേഹത്തിന്റെ ഗ്രാമീൺ ബാങ്ക് സംരംഭങ്ങളെ കുറിച്ച് പഠിക്കുകയും നിരീക്ഷിക്കുകയും ചെയ്തിരുന്നു.

യൂനുസിന്റെ പ്രവർത്തനങ്ങളോട് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഡോ. മൻമോഹൻ സിങ് താൽപര്യം കാണിച്ചിരുന്നു. ധാക്കയിലെ പുതിയ പദവിയിൽ അദ്ദേഹത്തിന് ഇന്ത്യ എല്ലാവിധ ആശംസകളും നേരുന്നു. ലോകത്തിന് അദ്ദേഹത്തിൽ വലിയ പ്രതീക്ഷകളുണ്ട്. എല്ലാറ്റിനും ഉപരിയായി ബംഗ്ലാദേശിന്റെ അതിശയകരമായ സാംസ്കാരിക വൈവിധ്യവും സാമ്പത്തിക ശക്തിയും സംരക്ഷിക്കപ്പെടുകയും കൂടുതൽ വളരാൻ അനുവദിക്കുകയും ചെയ്യുമെന്ന് ജയറാം രമേശ് ചൂണ്ടിക്കാട്ടി.

വ്യാഴാഴ്ചയാണ് ബംഗ്ലാദേശിൽ നൊബേൽ ജേതാവ് മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിൽ 15 അംഗ ഇടക്കാല മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്. വിദ്യാർഥി പ്രക്ഷോഭത്തെ തുടർന്ന് പ്രധാനമന്ത്രി ശൈഖ് ഹസീന രാജിവെച്ച് രാജ്യംവിടുകയും പാർലമെന്റ് പിരിച്ചുവിടുകയും ചെയ്തതിന് പിന്നാലെ നടന്ന ചർച്ചകൾക്കൊടുവിലാണ് ഇടക്കാല മന്ത്രിസഭ നിലവിൽവന്നത്. പ്രധാനമന്ത്രിക്ക് തുല്യമായ മുഖ്യ ഉപദേശകനെന്ന പദവിയായിരിക്കും മുഹമ്മദ് യൂനുസ് വഹിക്കുക.

### ലാലുവിന്റെ സഹായിയുടെ 113 കോടിയുടെ സ്വത്ത് ഇ.ഡി കണ്ടുകെട്ടി

പറ്റ്ന: ജോലിക്കു പകരം ഭൂമി ഇടപാടുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ആർ.ജെ.ഡി അധ്യക്ഷനും മുൻ റെയിൽവേ മന്ത്രിയുമായ ലാലു പ്രസാദ് യാദവിന്റെ സഹായി അമിത് കട്യാലിന്റെ 113 കോടി രൂപയുടെ സ്വത്തുകൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി) കണ്ടുകെട്ടി. ഹരിയാനയിലെ ഗുരുഗ്രാമിലുള്ള 70 ഏക്കർ ഭൂമി, 12 ഫ്ളാറ്റുകൾ, മുംബൈയിലെ രണ്ടു ഫ്ളാറ്റുകൾ, ഡൽഹിയിലെ ബഹുനില കെട്ടിടം, ജോനാപുരിലെ ഫാംഹൗസ്, ബാങ്കുകളിലെ 27 കോടി രൂപയുടെ സ്ഥിരനിക്ഷേപം എന്നിവയാണ് കണ്ടുകെട്ടിയത്. അമിത് കട്യാലിന്റെയും ബന്ധിക്കളുടെയും ഉടമസ്ഥതയിലുള്ള റിയൽ എസ്റ്റേറ്റ് സ്ഥാപനങ്ങളുടെ മറവിൽ വ്യാപകമായി ബിനാമി, കള്ളപ്പണ ഇടപാടുകൾ നടത്തിയെന്നാണ് ഇ.ഡിയുടെ ആരോപണം.

## 500 മാതൃക യൂണിറ്റുകൾ: യൂത്ത് ലീഗ് ദേശീയ ക്യാമ്പയിന് തുടക്കം

ന്യൂഡൽഹി: യൂത്ത് ലീഗ് ദേശീയ കമ്മിറ്റിയുടെ 500 മാതൃക യൂണിറ്റ് കമ്മിറ്റി രൂപീകരണത്തിന്റെ ദേശീയതല ഉദ്ഘാടനം ഡൽഹി സീമാപുരി നിയോജക മണ്ഡലത്തിലെ കബൂത്തർ ചൗക്കിൽ ദേശീയ പ്രസിഡന്റ് ആസിഫ് അൻസാരി നിർവഹിച്ചു.

ആദ്യ ദിനത്തിൽ ഡൽഹി കോർപറേഷനിലെ സുന്ദർ നഗരി, ദിൽഷാദ് ഗാർഡൻ കമ്മിറ്റികൾ രൂപീകരിച്ചു. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ 500 മാതൃക യൂണിറ്റ് കമ്മിറ്റികളും 100 നിയോജക മണ്ഡലം കമ്മിറ്റികളും രൂപീകരിച്ച് സംഘടന പ്രവർത്തനം ശക്തമാക്കാനുള്ള 'ചിന്തൻ മിലൻ' പ്രഖ്യാപനങ്ങളുടെ ഭാഗമായുള്ള ക്യാമ്പയിൻ നാല് മാസം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ഉത്തരേന്ത്യയിൽ സ്വാധീനം വർധിപ്പിക്കാനുള്ള വിപുലമായ കർമ്മ പദ്ധതികളും ചിന്തൻ മിലനിൽ തയ്യാറാക്കിയിരുന്നു. ക്യാമ്പയിൻ കാലയളവിൽ പ്രവർത്തന ഫണ്ട് ശേഖരണവും നടക്കും.

യൂത്ത് ലീഗ് ഡൽഹി സംസ്ഥാന പ്രസിഡന്റ് ശഹസാദ് അബ്ബാസി അധ്യക്ഷത വഹിച്ചു. ദേശീയ ഓർഗനൈസിങ് സെക്രട്ടറി ടി.പി അഷ്റഫലി പദ്ധതികൾ വിശദീകരിച്ചു. വൈസ്പ്രസിഡന്റ് അഡ്വ. ഷിബു മീരാൻ മുഖ്യപ്രഭാഷണം നടത്തി. സെക്രട്ടറി സി.കെ ശാക്കിർ, എക്സിക്യൂട്ടീവ് അംഗം അഡ്വ. മർസൂഖ് ബാഫഖി, എം.എസ്.എഫ് ദേശീയ പ്രസിഡന്റ് പി.വി അഹമ്മദ് സാജു, ആതിഫ് ഖാൻ, മുഹമ്മദ് സാബിർ, മുഹമ്മദ് അസറുദീൻ, റംസാൻ പ്രസംഗിച്ചു.

*യൂത്ത് ലീഗ് ദേശീയ കമ്മിറ്റിയുടെ 500 മാതൃക യൂണിറ്റ് കമ്മിറ്റി രൂപീകരണത്തിന്റെ ദേശീയതല ഉദ്ഘാടനം ദേശീയ പ്രസിഡന്റ് ആസിഫ് അൻസാരി നിർവഹിക്കുന്നു*





മുണ്ടക്കൈയിൽ ക്യാമ്പിൽ നിന്നും എത്തിയവർക്കൊപ്പം ജനകീയ തിരച്ചിൽ നടത്തുന്ന സന്നദ്ധ പ്രവർത്തകർ

# ഉറ്റവരുടെ ഉടലുകൾ തേടി...

**കെ.എസ് മുസ്തഫ**
മുണ്ടക്കൈ

കുത്തിയൊലിച്ചെത്തിയ ഉരുൾദുരന്തത്തിൽ മരണമെടുത്ത ഉറ്റവരുടെ ഉടലുകൾ തേടി തകർന്നടിഞ്ഞ മണ്ണിൽ ഉടയവരെത്തി. പാടേ തകർന്നും പരിക്കേറ്റും ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവരടക്കമാണ് ഇന്നലെ സ്വന്തക്കാർ മണ്ണിനടയിൽ പെട്ട് പോയിടത്ത് വീണ്ടുമെത്തിയത്. രക്ഷാപ്രവർത്തകരുടെയും മണ്ണുമാന്തി യന്ത്രങ്ങളുടെയും സഹായത്തോടെ നടന്ന തിരച്ചിലിൽ അവർ പൊട്ടിയർന്ന വീടുകളുടെ അവശിഷ്ടങ്ങൾ കണ്ട് തേങ്ങി. ഒറ്റ രാത്രിയിൽ ഇല്ലാതായ തങ്ങളുടെ നാട്ടിൽ ഇനിയൊന്നും ബാക്കിയില്ലെന്ന തീരാനോവിൽ ഉച്ചയോടെ ബന്ധുക്കൾ കുന്നിറങ്ങി.

ഉരുൾപൊട്ടലിൽ വൻനാശനഷ്ടമുണ്ടായ പുഞ്ചിരിമട്ടത്തും മുണ്ടക്കൈയിലും ചൂരൽമലയിലുമാണ് ഇന്നലെ കാണാതായവരുടെയും മരിച്ചവരുടെയും ബന്ധുക്കളെയും ഉൾപ്പെടുത്തി നടത്തിയത്.

ദുരിതാശ്വാസ ക്യാമ്പുകളിലും ബന്ധുവീടുകളിലും മറ്റുമായി കഴിയുന്നവരിൽ രജിസ്റ്റർ ചെയ്ത 190 പേരാണ് തിരച്ചിൽ സംഘത്തോടൊപ്പം ചേർന്നത്.

എന്നാൽ മരണ താഴ്‌വരയിൽ നിന്ന് ഒന്നും കണ്ടെത്താനായില്ല. എൻഡിആർഎഫ്, ഫയർഫോഴ്സ്, പൊലീസ് വിഭാഗങ്ങൾക്കൊപ്പം റവന്യു വകുപ്പ് ജീവനക്കാരും പ്രദേശവാസികളും ജനപ്രതിനിധികളും സന്നദ്ധപ്രവർത്തകരും അണിനിരന്നു.

ദുരന്തത്തിൽ കാണാതായ പരമാവധിയാളുകളെയും കണ്ടെത്താൻ സാധ്യമായ എല്ലാ വഴികളിലൂടെയും ശ്രമിക്കുകയെന്ന ദൗത്യവുമായാണ് രാവിലെ 7 മുതൽ ഉച്ചയ്ക്ക് 12.30 വരെ ജനകീയ തിരച്ചിൽ നടന്നത്.

## തിരച്ചിലിനെത്തിയത് രണ്ടായിത്തിലേറെ പേർ

കൽപ്പറ്റ: ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പ്രഭവ കേന്ദ്രമായ പുഞ്ചിരിമട്ടം, മുണ്ടക്കൈ ടൗൺഭാഗം, ചൂരൽമല സ്കൂൾ റോഡ് എന്നിവടങ്ങളിലെല്ലാം പ്രത്യേക വിഭാഗങ്ങളായി തിരിഞ്ഞാണ് തിരച്ചിൽ നടത്തിയത്.

ആറ് വിഭാഗങ്ങളിലായുള്ള സംഘം പ്രധാനയിടങ്ങളെല്ലാം അരിച്ചുപെറുക്കി. എൻ.ഡി.ആർ.എഫ് 120, കേരള പോലീസ് കെ 9 സ്ക്വോഡ്, ഫയർ ഫോഴ്സ് 530 അംഗങ്ങൾ, 45 വനപാലകർ, എസ്.ഒ.എസിലെ 61 പേർ, ആർമി എം.ഇ.ജി വിഭാഗത്തിലെ 23 അംഗങ്ങൾ, ഐ.ആർ.ബി യിലെ 14 അംഗങ്ങൾ, ഒഡീഷ പൊലീസ് ഡോഗ് സ്ക്വോഡ്, കേരള പോലീസിലെ 780 അംഗങ്ങൾ, റവന്യവകുപ്പിന്റെ ആറ് ടീമുകളിലായുള്ള 50 അംഗങ്ങൾ, 48 ടീമുകളിലായി 864 വളണ്ടിയർമാർ, 54 ഹിറ്റാച്ചികൾ, 7 ജെ.സി.ബി കൾ എന്നിങ്ങനെ വിപുലമായ സന്നാഹവുമായായിരുന്നു തിരച്ചിൽ. ഉത്തരമേഖല ഐ.ജി. കെ സേതുരാമൻ തെരച്ചിൽ സംഘത്തിന് നേതൃത്വം നൽകി.

കാണാതായവരുടെ ബന്ധുക്കളും പ്രദേശവാസികളും ജനപ്രതിനിധികളും ചൂണ്ടിക്കാണിച്ച സ്ഥലങ്ങളിലും ആവശ്യപ്പെട്ട സ്ഥലങ്ങളിലുമെല്ലാം പരിശോധന നടത്തി. സംശയമുള്ള ഇടങ്ങൾ മണ്ണുമാന്തി യന്ത്രങ്ങളുപയോഗിച്ച് മണ്ണുനീക്കി പരിശോധിച്ചു.

ജില്ലാ ഭരണകൂടം തയ്യാറാക്കിയ പട്ടിക പ്രകാരം ദുരന്തത്തിൽ 131 പേരാണ് ഇനിയും കാണാമറയത്തുള്ളത്.

## വയനാട്ടിൽ സൗജന്യ നൈപുണ്യ പരിശീലന കേന്ദ്രം പ്രഖ്യാപിച്ച് ജെയിൻ യൂണിവേഴ്സിറ്റി

കൊച്ചി: വയനാട് ദുരിതബാധിത മേഖലയിലെ പുതുതലമുറക്ക് സുരക്ഷിത ഭാവി ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ സൗജന്യമായി നൈപുണ്യ പരിശീലനം നൽകുന്ന അന്താരാഷ്ട്ര സ്കില്ലിങ് സെന്റർ വയനാട്ടിൽ സ്ഥാപിക്കുമെന്ന് ജെയിൻ യൂണിവേഴ്സിറ്റി അറിയിച്ചു. ദുരിതബാധിതരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ടൂറിസം ഹോസ്പിറ്റാലിറ്റി മേഖലയിൽ വയനാട്ടിൽ നിന്നുള്ള പ്രഗത്ഭരായ യുവാക്കളെ വാർത്തെടുക്കുകയാണ് ലക്ഷ്യം. പ്രകൃതി ദുരന്തത്തിൽ ഉറ്റവരെയും ജീവിതമാർഗവും നഷ്ടമായവരെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുകയെന്ന ലക്ഷ്യത്തോടെയാണ് പദ്ധതി പ്രഖ്യാപിച്ചതെന്ന് ജെയിൻ യൂണിവേഴ്സിറ്റി ന്യൂ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ ഡോ. ടോം ജോസഫ് പറഞ്ഞു. സ്കില്ലിങ് സെന്റർ പദ്ധതിക്ക് പുറമെ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 25 ലക്ഷം രൂപ സംഭാവനയായി നൽകും. ദുരിതബാധിത മേഖലയിൽപ്പെട്ട ഉന്നതവിദ്യാഭ്യാസം ആഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് സൗജന്യ വിദ്യാഭ്യാസവും ജെയിൻ യൂണിവേഴ്സിറ്റി പ്രഖ്യാപിച്ചിട്ടുണ്ട്. ഓഫ്‌ലൈൻ വിദ്യാഭ്യാസം ആഗ്രഹിക്കുന്നവർക്ക് ജെയിൻ യൂണിവേഴ്സിറ്റിയുടെ കൊച്ചി ക്യാമ്പസിൽ സൗജന്യ പഠനം നടത്താം. നേരിട്ടെത്താൻ സാധിക്കാത്ത വിദ്യാർഥികൾക്ക് സൗജന്യ ഓൺലൈൻ പഠനത്തിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഉരുൾപ്പൊട്ടലിൽ തകർന്ന മുണ്ടക്കൈയിലെ സ്കൂൾ പുനർനിർമിക്കുന്നതിന് ആവശ്യമായ പിന്തുണ നൽകുമെന്നും ദുരിതബാധിത മേഖലയിലെ എല്ലാ സ്കൂൾ വിദ്യാർഥികൾക്കും പഠനോപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുമെന്നും ഡോ. ടോം ജോസഫ് പറഞ്ഞു.

## വള്ളിക്കുന്ന് നിയോജക മണ്ഡലത്തിന്റെ കൈത്താങ്ങ് ആദ്യ ഗഡു 50 ലക്ഷം

മലപ്പുറം: സംസ്ഥാന മുസ്‌ലിം ലീഗ് കമ്മിറ്റിയുടെ വയനാട് പുനരധിവാസ പദ്ധതിയിലേക്ക് വള്ളിക്കുന്ന് നിയോജക മണ്ഡലം മുസ്‌ലിം ലീഗ് കമ്മിറ്റിയുടെ കൈത്താങ്ങ്. നിയോജക മണ്ഡലം പ്രസിഡന്റ് ഡോ. വി.പി അബ്ദുൽ ഹമീദിന്റെ ഇടപെടലിനെ തുടർന്ന് പള്ളിക്കൽ പഞ്ചായത്ത് വാർഡ് 18 അങ്കപറമ്പ് സ്വദേശിയായ കെ.എൻ അൻവറിന്റെ 50 ലക്ഷം രൂപയുടെ ചെക്ക് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾക്ക് കുഞ്ഞാലിക്കുട്ടിയുടെ സാന്നിധ്യത്തിൽ കൈമാറി. പരിപാടിയിൽ പി.എം.എ സലാം, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ, അഡ്വ. മുഹമ്മദ് ഷാ, പി അബ്ദുൽ ഹമീദ് മാസ്റ്റർ എം.എൽ.എ, ഡോ. വി.പി അബ്ദുൽ ഹമീദ് സാഹിബ്, പി.എം. എ സമീർ, കെ.പി അമീർ, പേങ്ങാട്ട് അബ്ദുൽ ഖാദർ, വി.പി അബ്ദു ഷുക്കൂർ, കെ.എൻ കുഞ്ഞിപോക്കർ എന്ന ബാവ, കെ.എൻ ഷാജഹാൻ, കെ.പി ബാബു ചേലേമ്പ്ര, പി.ഇ മുനീർ മാസ്റ്റർ, പി.വി സുഹൈർ, ഇൻസാഫ്, പി.വി റിയാസ്, ജാസിം പങ്കെടുത്തു.

### ഭീതിയൊഴിയാതെ വയനാട്: ഭൂകമ്പമല്ലെന്ന് സ്ഥിരീകരണം

## ഭൂമിക്കടിയിൽ നിന്ന് ഉഗ്രശബ്ദവും തുടർപ്രകമ്പനവും

കൽപ്പറ്റ: ഉരുൾദുരന്തത്തിൽ വിറങ്ങലിച്ച് നിൽക്കുന്ന വയനാടൻ ജനതയുടെ ആധിയുയർത്തി ഭൂമിക്കടിയിൽ ഉഗ്ര ശബ്ദവും തുടർപ്രകമ്പനവും. എടക്കൽ ഗുഹ സ്ഥിതി ചെയ്യുന്ന അമ്പുകുത്തിമല, അമ്പലവയൽ വില്ലേജിലെ റീജ്യണൽ അഗ്രികൾച്ചറൽ റിസച്ച് സ്റ്റേഷൻ, മാങ്കോമ്പ്, പടിപറമ്പ്, വൈത്തിരി താലൂക്കിലെ സുഗന്ധഗിരി, അച്ചൂരാനം വില്ലേജിലെ സേട്ടുകുന്ന്, വെങ്ങപ്പള്ളി വില്ലേജിലെ കാരാറ്റപ്പടി, മൈലാടിപ്പടി, ചോലപ്പുറം, തൈക്കുംതറ ഭാഗങ്ങളിലാണ് ഭൂമിക്കടിയിൽ നിന്നും വൻശബ്ദവും മുഴക്കവും അനുഭവപ്പെട്ടത്. ആശങ്കയിലായ ജനങ്ങളെ ജില്ലാ ഭരണകൂടം ഇടപ്പെട്ട് മാറ്റുകയും പ്രദേശങ്ങളിലെ സ്കൂളുകൾക്ക് ഉച്ചയോടെ അവധി നൽകുകയും ചെയ്തു. മണിക്കൂറുകളുടെ ആശങ്കക്കൊടുവിൽ ഭൂകമ്പമല്ലെന്ന് ഔദ്യോഗിക സ്ഥിരീകരണം വന്നു. സംസ്ഥാനത്തിനകത്തോ, സമീപ പ്രദേശങ്ങളിലോ സ്ഥാപിച്ച ഭൂചലനമാപിനികളിലൊന്നും ഭൂമികുലുക്കം രേഖപ്പെടുത്തിയിട്ടില്ലെന്ന് ഔദ്യോഗികമായി അറിയിക്കുകയായിരുന്നു.

ഇന്നലെ രാവിലെ പത്ത് മണിയോടെയാണ് ഭീതിപ്പെടുത്തുന്ന തരത്തിൽ ശബ്ദവും തുടർന്ന് പ്രകമ്പനവും ഉണ്ടായത്. പലരും ശബ്ദം കേട്ട് എന്താണെന്ന് അറിയാതെ പരിഭ്രാന്തരായി. താഴ്വാരങ്ങളിലെ വീടുകളിലും കച്ചവട സ്ഥാപനങ്ങളിലും മുഴക്കത്തിന്റെ തുടർച്ചപോലെ ചെറിയ പ്രകമ്പനവും ഉണ്ടായതായി ജനങ്ങൾ പറഞ്ഞു. മുഴക്കത്തിന്റെ ശബ്ദം കിലോമീറ്ററുകളോളം അകലെ വരെ കേട്ടിരുന്നു. ഉരുൾ പൊട്ടൽ കഴിഞ്ഞ് പത്ത് ദിവസത്തിന് ശേഷം ഇത്തരത്തിൽ ഒരു ശബ്ദം കേട്ടതാണ് ആളുകളിൽ കൂടുതൽ പരിഭ്രാന്തി സൃഷ്ടിച്ചത്.

അധികൃതരെത്തി മലയുടെ അടിവാരങ്ങളായ എടക്കൽ, അമ്പുകുത്തി വെള്ളച്ചാട്ടം, തെക്കൻകൊല്ലി, 2019ൽ മണ്ണിടിച്ചിൽ ഉണ്ടായ അമ്പുകുത്തി മലയുടെ കിഴക്കൻ ചെരിവ് എന്നിവിടങ്ങളിൽ പരിശോധന നടത്തി. ഉരുൾപൊട്ടലോ മണ്ണിടിച്ചിലോ ഉണ്ടായ പ്രദേശങ്ങളിൽ ഭൂമിക്കടിയിൽ പല തട്ടുകളിലായി വലിയ മൺകൂനകൾ ഉണ്ടാകാറുണ്ട്. ഈ പാളികൾ ഇളകി നിരപ്പായ നിലയിലെത്തുന്നത് ഇത്തരം പ്രദേശങ്ങളിൽ സ്വാഭാവികമാണ്. ഭൂമിക്കടിയിലെ മൺപാളികൾ തമ്മിലുള്ള ഘർഷണം പ്രദേശത്ത് കുലുക്കവും ശബ്ദവും സൃഷ്ടിക്കാറുണ്ട്. വയനാട്ടിൽ പല സ്ഥലങ്ങളിലും ഇതാകാം അനുഭവപ്പെട്ടതെന്നാണ് ഔദ്യോഗിക കണ്ടെത്തൽ. സംസ്ഥാനത്തിനകത്തും സമീപ പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള ഭൂകമ്പമാപിനികളിൽ നാഷണൽ സെന്റർ ഫോർ സീസ്മോളജി (എൻ.സി.എസ്), ന്യൂഡൽഹിയിലെ ഭൗമശാസ്ത്ര മന്ത്രാലയം (എം. ഒ.ഇ.എസ്) എന്നിവ സൂക്ഷ്മ നിരീക്ഷണം നടത്തുന്നുണ്ട്. രാജ്യത്തിനകത്തും അയൽദേശങ്ങളിലും റിക്ടർ സ്കെയിലിൽ 3.0യും അതിനുമുകളിലും തീവ്രതയുള്ള ഭൂകമ്പങ്ങൾ മുഴുവൻ സമയം നിരീക്ഷണത്തിലാണ്.

## ഇന്നലെ നാല് മൃതദേഹങ്ങൾ കണ്ടെത്തിയെങ്കിലും എയർലിഫ്റ്റ് ചെയ്യാനായില്ല

ചൂരൽമല: മുണ്ടക്കൈ ഉരുൾദുരന്തത്തിൽ ഇന്നലെ നാല് മൃതദേഹങ്ങൾ കണ്ടെത്തിയെങ്കിലും ദുർഘടപ്രദേശമായതിനാൽ എയർലിഫ്റ്റ് ചെയ്യാനായില്ല. ഇന്ന് പ്രധാനമന്ത്രിയുടെ സന്ദർശനമുള്ളതിനാൽ രക്ഷാപ്രവർത്തനം നടക്കുന്നില്ല. അതോടെ ഒരു ദിവസം കൂടി ഈ മൃതദേഹങ്ങൾ അനാഥമായി പുഴയോരത്ത് കിടക്കേണ്ടിവരും. സന്നദ്ധപ്രവർത്തകരാണ് ഇന്നലെ സൂചിപ്പാറ വനമേഖലയിൽ മൃതദേഹങ്ങൾ കണ്ടെത്തിയത്. ഉടനെ വനം, റവന്യൂ അധികൃതരേയും കലക്ട്രേറ്റിലെ കൺട്രോൾ റൂമിലും വിവരമറിയിച്ചു. മണിക്കൂറുകൾക്ക് ശേഷം ഹെലിക്കോപ്റ്റർ സംഭവസ്ഥലത്തെത്തിയെങ്കിലും രണ്ടുമൂന്നു തവണ വട്ടം ചുറ്റിയതല്ലാതെ ഒന്നും ചെയ്യാതെ മടങ്ങി. മൂന്നുമണിക്ക് വീണ്ടുമെത്തിയ ഹെലിക്കോപ്റ്ററിൽ നിന്നും പി.പി കിറ്റോ മറ്റു അനുബന്ധ സൗകര്യങ്ങളോ നൽകാതെ ബോഡി പൊതിയാനുള്ള കവറും ഗ്ലൗസും മാത്രം ഇട്ടുനൽകി മടങ്ങുകയാണുണ്ടായത്.

അരമണിക്കൂറിന് ശേഷം തിരച്ചിലവസാനിപ്പിക്കാനുള്ള നിർദ്ദേശം നൽകി സന്നദ്ധ പ്രവർത്തകരെ ഹെലികോപ്റ്ററിൽ ബത്തേരിയിലെത്തിക്കുകയായിരുന്നു. അതിനിടെ ദുരന്തത്തിൽ ഇതുവരെ 226 മരണം സ്ഥിരീകരിച്ചു. 403 ശരീരഭാഗങ്ങൾ കണ്ടെത്തി. 133 പേരെയാണ് കാണാതായത്. ഒരു മൃതദേഹവും മൂന്ന് ശരീര ഭാഗങ്ങളും വെള്ളിയാഴ്ച സംസ്കരിച്ചു. 90 ഡി.എൻ.എ സാമ്പിളുകൾ കൂടി ശേഖരിച്ചു. പരിശോധനകൾക്കായി 126 പേരുടെ രക്തസാമ്പിളുകൾ ശേഖരിച്ചു.

78 പേർ ആശുപത്രികളിൽ ചികിത്സയിലുണ്ട്. ജനകീയ തെരച്ചിൽ ഞായറാഴ്ചയും തുടരും. ക്യാമ്പിലുള്ളവരിൽ സന്നദ്ധരായവരെ കൂടി ഉൾപ്പെടുത്തിയാകും തെരച്ചിൽ. തിരച്ചിൽ എത്ര ദിവസം കൂടി എന്ന് തീരുമാനിച്ചിട്ടില്ലെന്ന് മന്ത്രിമാർ അറിയിച്ചു.



വള്ളിക്കുന്ന് നിയോജക മണ്ഡലം മുസ്‌ലിം ലീഗ് കമ്മിറ്റിയുടെ കൈത്താങ്ങ് പദ്ധതിയിലേക്കുള്ള ആദ്യ ഗഡു പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾക്ക് കൈമാറുന്നു

# പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിന് എന്തു നടപടിയാണുള്ളതെന്ന് ഹൈക്കോടതി

കൊച്ചി: സംസ്ഥാനത്ത് പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിന് എന്തു നടപടിയാണുള്ളതെന്നു സർക്കാരിനോട് ഹൈക്കോടതി. സംസ്ഥാനത്ത് പരിസ്ഥിതി ഓഡിറ്റ് നടത്തിയിട്ടുണ്ടോയെന്ന് കോടതി ആരാഞ്ഞു. പ്രകൃതിദുരന്തങ്ങളെ കുറിച്ച് മുന്നറിയിപ്പ് നൽകുന്നതും നടപടികൾ എടുക്കുന്നതും സംബന്ധിച്ച് എന്ത് സംവിധാനമാണ് സംസ്ഥാനത്തുള്ളതെന്നും കോടതി ചോദിച്ചു. ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയോട് കോടതി റിപ്പോർട്ട് തേടി.

പ്രകൃതിദുരന്തങ്ങളെ കുറിച്ച് മുന്നറിയിപ്പ് നൽകുന്ന സംവിധാനങ്ങൾ വേണം. സർക്കർ വകുപ്പുകൾ കാര്യക്ഷമമാകണമെന്നും, വകുപ്പുകൾ തമ്മിൽ ഏകോപനം വേണമെന്നും കോടതി നിരീക്ഷിച്ചു. വയനാട് ഉരുൾപൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട സ്വമേധയാ എടുത്ത കേസിലാണ് ഹൈക്കോടതിയുടെ നിരീക്ഷണം. ജസ്റ്റിസ് ജയശങ്കർ നമ്പ്യാർ, ജസ്റ്റിസ് വി എസ് ശ്യാംകുമാർ എന്നിവരുൾപ്പെട്ട ബെഞ്ചാണ് കേസ് പരിഗണിച്ചത്. കേരളത്തിന്റെ സമഗ്രമായ ജിയോ മാപ്പിങ് തയ്യാറാക്കണം. ഏതൊക്കെ പ്രദേശങ്ങളാണ് പരിസ്ഥിതി ദുർബലമായവയെന്ന് കണ്ടെത്തണം. ഓരോ ജില്ലയിലും പാരിസ്ഥിതിക പഠനം വേണം. ക്വാറികൾക്കും മറ്റും അനുമതി നൽകേണ്ടത് ഇതിന്റെ അടിസ്ഥാനത്തിൽ വേണമെന്നും കോടതി നിർദേശിച്ചു. പരിസ്ഥിതി ദുർബല പ്രദേശങ്ങൾ കണ്ടെത്തുന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ നയങ്ങളും ചട്ടങ്ങളും മാറ്റേണ്ടതുണ്ട്. നയം മാറ്റത്തിനായി ശാസ്ത്രീയ പഠന റിപ്പോർട്ടുകൾ പരിഗണിക്കാമെന്നും കോടതി നിർദേശിച്ചു. സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തുടങ്ങിയവരെ കക്ഷി ചേർത്തു. സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ ഏറ്റവും പുതിയ റിപ്പോർട്ട് ഹാജരാക്കാൻ കോടതി നിർദ്ദേശം നൽകി. കേസിൽ അമിക്കസ് ക്യൂറിയെയും കോടതി നിയമിച്ചു. മുൻ അഡീഷനൽ അഡ്വക്കറ്റ് ജനറൽ രഞ്ജിത്ത് തമ്പാനെയാണ് അമിക്കസ് ക്യൂറി ആയി ചുമതലപ്പെടുത്തിയത്. എല്ലാ വെള്ളിയാഴ്ചയും കേസ് പരിഗണിക്കുമെന്ന് കോടതി വ്യക്തമാക്കി.

## നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഹർജി

കൊച്ചി: വയനാട്ടിലെ ഉരുൾപൊട്ടലിൽ ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ ഹർജി. മീനച്ചിൽ സ്വദേശി ജയിംസ് വടക്കനാണ് ഹൈക്കോടതിയെ സമീപിച്ചത്. ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുക, ഉരുൾപൊട്ടൽ മേഖലയിലുള്ളവരെ പുനരധിവസിപ്പിക്കുക, പ്രദേശത്തെ പാരിസ്ഥിതിക പ്രശ്നങ്ങൾ പഠിക്കാൻ വിദഗ്ധ സമിതിയെ വെക്കുക, പ്രദേശത്തെ അനധികൃത നിർമ്മാണം, ഖനനം , കയ്യേറ്റം എന്നിവ സിബിഐ പോലുള്ള ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കുക, അന്വേഷണത്തിന് ഐ.ജി.റാങ്കിലുള്ള ഉദ്യോഗസ്ഥനെ നിയോഗിക്കുക, സംസ്ഥാനത്തിനോട് കൃത്യമായ ദുരന്തനിവാരണ പ്ലാൻ സമർപ്പിക്കാൻ പറയുക എന്നിവയാണ് ഹർജിയിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ.



വയനാട് മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്ത പ്രദേശത്ത് ഇന്നലെ ജനകീയ തിരച്ചിലിന് തുടക്കം കുറിച്ചപ്പോൾ

# പുനരധിവാസം: പ്രതിപക്ഷത്തെയും ഉൾപ്പെടുത്തി സമിതി രൂപീകരിക്കണമെന്ന് കോൺഗ്രസ്

തിരുവനന്തപുരം: വയനാട് പുനരധിവാസ പദ്ധതി ഫലപ്രദവും സുതാര്യവുമായി നടപ്പാക്കുന്നതിനായി പ്രതിപക്ഷ എം.എൽ.എമാരെയും വിദ്ഗധരെയും ഉൾപ്പെടുത്തി ഉന്നതതല വയനാട് പുനരധിവാസ സമിതിക്ക് രൂപം നൽകാൻ സർക്കാർ തയ്യാറാകണമെന്ന് കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരൻ. ഭൂമിയും വീടും നഷ്ടപ്പെട്ടവർ, വിദ്യാർത്ഥികൾ, വയോധികർ എന്നിവരെയെല്ലാം മുന്നിൽ കണ്ടുള്ള പുനരധിവാസത്തിന് മാതൃകാപരമായ രൂപരേഖ തയ്യാറാക്കണം. കുറെ വാഗ്ദാനങ്ങൾ മാത്രം പോര, അവ കൃത്യമായി നടപ്പാക്കുന്നുണ്ടെന്നും അതിൽ ഒരുവിധത്തിലുള്ള വീഴ്ച ഉണ്ടാകുന്നില്ലെന്നും സമിതിക്ക് നിരീക്ഷിക്കാൻ കഴിയണം.

ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയേണ്ടിവന്ന അവസാനത്തെ വ്യക്തിക്കും സുരക്ഷിതമായ ജീവിത സാഹചര്യം ഒരുക്കുമ്പോൾ മാത്രമാണ് പുനരധിവാസ പ്രക്രിയ പൂർത്തിയാകുക. അതുകൊണ്ട് പുനരധിവാസത്തിനായി നീക്കിവെയ്ക്കുന്ന തുകയുടെ വിനിയോഗം ദുരിതബാധിർക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്ന ഭൂമി, പുനഃനിർമ്മിക്കുന്ന വീടുകൾ തുടങ്ങിയവ അവർക്ക് ഉപയോഗപ്രദമായിരിക്കണം. മുൻകാലങ്ങളിൽ പ്രകൃതിക്ഷോഭ ദുരന്തബാധിതർക്കായി സർക്കാർ നൽകിയ വീടുകളെയും പുനരധിവസിപ്പിച്ച പ്രദേശത്തെയും സംബന്ധിച്ച് രൂക്ഷമായ ആക്ഷേപം ഉയരുന്ന സ്ഥിതിക്ക് അത്തരം അവസ്ഥ വയനാട് ദുരന്തബാധിർക്ക് ഉണ്ടാകാൻ പാടില്ലെന്നും സുധാകരൻ പറഞ്ഞു.

ദുരന്തബാധിതരായ ഓരോ കുടുംബവും നാളിതുവരെ ജീവിച്ചുവന്നിരുന്ന സാഹചര്യങ്ങളും ചുറ്റുപാടുകളും പഠിച്ച് അതനുസരിച്ചുള്ള പുനരധിവാസ പദ്ധതി ആവിഷ്കരിക്കുന്നതാണ് ഉചിതം. സർക്കാർ പ്രഖ്യാപിച്ച ധനസഹായം ലഭിക്കുന്നതിന് തടസ്സമാകുന്ന നിയമവശങ്ങൾ ലഘൂകരിക്കാനും നടപടിയുണ്ടാകണം. സർക്കാരിന്റെ കണക്കനുസരിച്ച് 138 പേരെയാണ് ഇനിയും കണ്ടെത്താനുള്ളത്. അന്തിമ പട്ടികയിൽ ഈ സംഖ്യ ഇനിയും കൂടിയേക്കാം. കാണാതായവരെ കണ്ടെത്താനുള്ള തിരച്ചിൽ നടത്തുന്നതിൽ വീഴ്ചയുണ്ടാകരുത്. പുനരധിവാസം സർക്കാർ നൽകുന്ന ഔദാര്യമെന്ന മട്ടിലല്ല, മറിച്ച് ദുരിതബാധിർക്കുള്ള അവകാശമാണെന്ന ബോധ്യത്തെടെയാണ് കൈകാര്യം ചെയ്യേണ്ടത്.

സമ്പാദ്യവും ഭൂമിയും ജീവനോപാധികളും നഷ്ടപ്പെട്ടവരുടെ പുനരധിവാസ പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ മുൻകാല പിഴവുകൾ ഒരുവിധത്തിലും കടന്നുകൂടരുത്. പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ പ്രഖ്യാപിക്കുന്ന പുനരധിവാസ പദ്ധതികൾ പൂർണ്ണമായ അർത്ഥത്തിൽ നടപ്പാക്കപ്പെടാതെ പൊടിപിടിച്ച രേഖകൾ മാത്രമാകുന്ന സഹചര്യം വയനാട് ഉണ്ടാകരുത്. സമയബന്ധിതമായി പുനരധിവാസം നടപ്പാക്കണം. വയനാട് പുത്തുമല,കവളപ്പാറ, ഇടുക്കി പെട്ടിമുടി എന്നിവിടങ്ങളിലെ ഉരുൾപൊട്ടലിൽ ദുരിതം അനുഭവിച്ചവരിൽ പലർക്കും ഇപ്പോഴും സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യം കിട്ടാനുണ്ടെന്നത് സർക്കാർ മറക്കരുതെന്നും കെ.സുധാകരൻ പറഞ്ഞു.


നാദാപുരത്ത് മുസ്‌ലിം ലീഗ് ജനകീയ ഫണ്ട് സമാഹരണ യജ്ഞത്തിൽ പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പങ്കാളിയായപ്പോൾ

## മുസ്‌ലിംലീഗിന്റെ വയനാട് ഫണ്ടിൽ പങ്കാളിയായി പ്രതിപക്ഷ നേതാവ്

നാദാപുരം: മുസ്‌ലിംലീഗ് സംസ്ഥാന കമ്മിറ്റി പ്രഖ്യാപിച്ച വയനാട് പുനരധിവാസ ഫണ്ട് പുരോഗമിക്കുമ്പോൾ നാദാപുരത്തെ ഫണ്ട് സമാഹരണത്തിൽ പ്രതിപക്ഷ നേതാവ് വി.ഡി സതീശനും പങ്കാളിയായി. വിലങ്ങാട് ദുരന്തഭൂമി സന്ദർശിച്ച ശേഷം സ്വകാര്യ സന്ദർശനത്തിന് നാദാപുരത്ത് എത്തിയ സതീശൻ സ്വന്തം പോക്കറ്റിൽ നിന്നും 500 രൂപയുടെ നോട്ട് എടുത്ത് ബക്കറ്റിൽ നിക്ഷേപിക്കുകയായിരുന്നു.

ഓരോ ഘട്ടത്തിലും മുസ്‌ലിം ലീഗ് സ്വീകരിക്കുന്ന മനുഷ്യ സ്നേഹപരമായ സമീപനങ്ങളും വേദനിക്കുന്നവരെ ഒപ്പം ചേർത്തുകൊണ്ടുള്ള പ്രവർത്തനങ്ങളും ഏറെ മാതൃകാപരമാണെന്ന് അദ്ദേഹം പറഞ്ഞു. മുസ്‌ലിംലീഗ് നേതാക്കളായ സി.കെ സുബൈർ, സി.വി.എം വാണിമേൽ, ബംഗ്ലത്ത് മുഹമ്മദ്, എൻ.കെ മൂസ, ഡി.സി.സി പ്രസിഡണ്ട് കെ പ്രവീൺകുമാർ, അഡ്വ. ഐ മൂസ, അബ്ദുല്ല വയലോളി, പഞ്ചായത്ത് പ്രസിഡണ്ട് വി.വി മുഹമ്മദലി, വാർഡ് മെമ്പർ അബ്ബാസ് കണേക്കൽ, നാദാപുരം അർബൻ ബാങ്ക് ചെയർമാൻ എം.കെ അഷ്റഫ്, എം.ഇ.ടി ചെയർമാൻ യു.വി യൂനുസ് ഹസ്സൻ തുടങ്ങിയവർ സന്നിഹിതരായി.


പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സന്ദർശനത്തിന് മുന്നോടിയായി ചൂരൽമലയിൽ നടന്ന ട്രയൽ റൺ

## അമ്മയുടെ മെഗാ ഷോ: വരുമാന വിഹിതം വയനാടിന്

കൊച്ചി: അമ്മയുടെ മെഗാ ഷോ ഈ മാസം 20ന് അങ്കമാലി അഡ്‌ലക്സ് കൺവൻഷൻ സെന്ററിൽ നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. അമ്മയും കേരള ഫിലിം പ്രൊഡ്യൂസേഴ്സ് അസോസിയേഷനും നടത്തുന്ന പരിപാടിയിൽ നിന്നുള്ള വരുമാനത്തിന്റെ ഒരു വിഹിതം വയനാട്ടിലെ ദുരിത ബാധിതർക്ക് നൽകും. എൺപതോളം കലാകാരൻമാർ പങ്കെടുക്കും.

വൈകിട്ട് 4.30 മുതൽ ആരംഭിക്കുന്ന ഷോയിലേക്ക് ടിക്കറ്റ് വഴിയായിരിക്കും പ്രവേശനം. നടൻ ദിലീപ് അമ്മ അംഗമല്ലത്തതിനാൽ ഷോയുടെ ഭാഗമാകില്ല. സിനിമ നിർമിക്കാനുള്ള തീരുമാനം അമ്മ ഇപ്പോൾ എടുത്തിട്ടില്ല. ഷോ കൂടാത വെബ് സീരീസ്, അല്ലെങ്കിൽ ചെറിയ ബജറ്റിലുള്ള സിനിമ എന്നിവ ആലോചനയിലുണ്ടെന്നും സിദ്ദീഖ് പറഞ്ഞു. പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ ജോയിന്റ് സെക്രട്ടറി ലിസ്റ്റിൻ സ്റ്റീഫൻ, ജനറൽ സെക്രട്ടറി ബി രാഗേഷ് എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.




## സർട്ടിഫിക്കറ്റ് വീണ്ടെടുക്കൽ ക്യാമ്പയിൻ

തിരുവനന്തപുരം: വയനാട്ടിലെ ഉരുൾപൊട്ടലിൽ രേഖകളും സർട്ടിഫിക്കറ്റുകളും നഷ്ടപ്പെട്ടവർക്ക് സർക്കാർ 'സർട്ടിഫിക്കറ്റ് വീണ്ടെടുക്കൽ ക്യാമ്പയിൻ' നടത്തും. ഐ.റ്റി മിഷന്റെ നേതൃത്വത്തിലാണ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. 12 ക്യാമ്പുകളാണ് ഇത്തരത്തിൽ വയനാട്ടിൽ പ്രവർത്തിക്കുക. റേഷൻ കാർഡ്, ആധാർ കാർഡ്, വോട്ടർ ഐ.ഡി, ഹെൽത്ത് കാർഡ്, യൂ.ഡി.ഐ.ഡി കാർഡ്, വിവിധ വകുപ്പുകൾ നേരത്തെ നൽകിയ സർട്ടിഫിക്കറ്റുകൾ എന്നിവ ക്യാമ്പുകളിൽ നേരിട്ട് ലഭിക്കും. കൂടുതൽ പ്രോസസ്സിംഗ് സമയം ആവശ്യമുള്ളവ ക്യാമ്പുകൾ കഴിഞ്ഞ് പിന്നീട് ലഭ്യമാക്കും. ബി.എസ്.എൻ.എൽ, കെ.എസ്.ഇ.ബി, അക്ഷയ തുടങ്ങിയ സർക്കാർ സംവിധാനങ്ങളും യജ്ഞത്തിൽ പങ്കാളികളാകും.

## അഞ്ചു വീടുകളുടെ നിർമ്മാണ ചുമതലയേറ്റ് ചെന്നിത്തല



തിരുവനന്തപുരം: വയനാട് പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നത് പ്രതിപക്ഷത്തെ കൂടി വിശ്വാസത്തിലെടുത്താകണമെന്ന് രമേശ് ചെന്നിത്തല. പുനരധിവാസ പ്രവർത്തനങ്ങൾക്ക് പ്രതിപക്ഷം പൂർണ്ണ സഹകരണം സർക്കാരിന് വാഗ്ദാനം ചെയ്തിട്ടുണ്ട്. പ്രതിപക്ഷനേതാവുമായി കൂടിയാലോചിച്ച് വേണം സർക്കാർ വയനാട് പുനരധിവാസ പാക്കേജ് തയ്യാറാക്കേണ്ടത്. രാഹുൽ ഗാന്ധി നൂറ് വീടുകൾ നിർമ്മിച്ച് നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. അതിൽ അഞ്ചുവീടുകളുടെ നിർമ്മാണ ചുമതല താൻ ഏറ്റെടുക്കും. പ്രതിപക്ഷ നേതാവും മറ്റുപല യു.ഡി.എഫ് എം.എൽ.എമാരും സമാന ആഗ്രഹം പങ്കുവെച്ചിട്ടുണ്ട്. അതിനുള്ള സ്ഥലം സർക്കാർ നൽകുമോയെന്നത് വ്യക്തവരുത്തണമെന്നും രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു.


മുസ്‌ലിംലീഗിന്റെ വയനാട് പുനരധിവാസ ഫണ്ടിലേക്കുള്ള സംഭാവനയായി പാറക്കൽ അബ്ദുല്ലയുടെ ഭാര്യ ജമീല നൽകിയ സ്വർണവളകൾ വനിതാലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി. കുൽസു ഏറ്റുവാങ്ങുന്നു.

## വയനാടിന് വേണ്ടി സ്വർണവളകൾ സംഭാവന നൽകി ജമീല

കോഴിക്കോട്: വയനാടിന്റെ കണ്ണീരൊപ്പാൻ സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ആഹ്വാനം ചെയ്ത പുനരധിവാസ ഫണ്ട് സമാഹരണം വിജയിപ്പിക്കുന്നതിന് വനിതകൾ രംഗത്തിറങ്ങണമെന്ന് വനിതാലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി. കുൽസു അഭ്യർത്ഥിച്ചു. ഇന്നും നാളെയുമായി നടക്കുന്ന ഹൗസ് ക്യാമ്പയിൻ വിജയിപ്പിക്കുന്നതിന് അതത് ശാഖകളിലെ വനിതാ ലീഗ് കമ്മിറ്റികൾ ശ്രദ്ധ ചെലുത്തണമെന്നും അവർ പറഞ്ഞു. വയനാട് ഫണ്ട് സമാഹരണത്തിന് വേറിട്ട മാതൃക തീർത്ത മുസ്‌ലിംലീഗ് സംസ്ഥാന സെക്രട്ടറി പാറക്കൽ അബ്ദുല്ലയുടെ ഭാര്യ ജമീലയെ വനിതാ ലീഗ് അഭിനന്ദിച്ചു.

മുസ്‌ലിംലീഗിന്റെ പുനരധിവാസ ഫണ്ടിലേക്ക് തന്റെ കൈകളിൽ നാല് വളകളാണ് ജമീല സംഭാവന ചെയ്തത്. ദുരന്തത്തിൽ അകപ്പെട്ട ഓരോ മനുഷ്യരെയും സ്വന്തം കൂടപ്പിറപ്പുകളെ പോലെ കണ്ട് അവർക്ക് വേണ്ടി നെഞ്ചുരുകി പ്രാർത്ഥിക്കുന്ന നമ്മുടെ സഹോദരിമാരെകൂടി പങ്കെടുപ്പിക്കുമ്പോൾ മാത്രമാണ് ഫണ്ട് സമാഹരണം പൂർണതയിൽ എത്തുകയുള്ളൂ എന്ന് പാറക്കൽ അബ്ദുല്ല പറഞ്ഞു. അഡ്വ. പി. കുൽസു ആഭരണങ്ങൾ ഏറ്റുവാങ്ങി. ചടങ്ങിൽ സംസ്ഥാന വൈസ് പ്രസിഡന്റ് പി. സഫിയ, കോഴിക്കോട് ജില്ലാ പ്രസിഡന്റ് ആമിന ടീച്ചർ, ആയിഷ ടീച്ചർ, സറീന കൊയിലാണ്ടി, നുസൈബ മൊട്ടേമ്മൽ, റജീന ഏറാമല തുടങ്ങിയവർ സംബന്ധിച്ചു.

## പാണക്കാട് ഖാസി ഫൗണ്ടേഷൻ മഹല്ല്തല സംഗമം ഏഴിന് മമ്പാട്; സ്വാഗതസംഘ രൂപീകരണം നാളെ

മലപ്പുറം: പാണക്കാട് ഖാസി ഫൗണ്ടേഷൻ മലപ്പുറം ജില്ലാ സംഗമങ്ങൾ നാല് കേന്ദ്രങ്ങളിലായി നടക്കും. അതിന്റെ ഭാഗമായി സെപ്റ്റംബർ 7 മമ്പാട് വെച്ച് വണ്ടൂർ, നിലമ്പൂർ, പെരിന്തൽമണ്ണ, ഏറനാട് എന്നീ മണ്ഡലങ്ങളിലെ പാണക്കാട് സയ്യിദന്മാർ ഖാളിമാരായിട്ടുള്ള മഹല്ലുകളുടെയും രക്ഷാധികാരികളായിട്ടുള്ള സ്ഥാപനങ്ങളുടെയും ഭാരവാഹികളും ഖത്വീബുമാരുമാണ് പങ്കെടുക്കുക. പരിപാടിയുടെ വിജയത്തിനായുള്ള സ്വാഗതസംഘ രൂപീകരണ കൺവൻഷൻ സയ്യിദ് റഷീദലി ശിഹാബ് തങ്ങളുടെ അധ്യക്ഷതയിൽ നാളെ രാവിലെ 9 മണിക്ക് മമ്പാട് കെ.പി.എസ് ഓഡിറ്റോറിയത്തിൽ ചേരും. പ്രസ്തുത പരിപാടിയിലേക്ക് വണ്ടൂർ, നിലമ്പൂർ, പെരിന്തൽമണ്ണ, ഏറനാട് എന്നീ മണ്ഡലങ്ങളിലെ ഭാരവാഹികളും പ്രാദേശിക അംഗങ്ങളും പങ്കെടുക്കണമെന്ന് ജില്ലാ കൺവീനർ കെ.എ റഹ്മാൻ ഫൈസി അറിയിച്ചു.

## സ്കൂൾ പരിസരം കേന്ദ്രീകരിച്ച് പൊലീസിന്റെ വ്യാപക പരിശോധന; 18 കുട്ടി ഡ്രൈവർമാർ പിടിയിൽ

മലപ്പുറം: ജില്ലാ പൊലീസ് സ്കൂൾ പരിസരം കേന്ദ്രീകരിച്ച് മൂന്ന് ദിവസങ്ങളിലായി നടത്തിയ വാഹന പരിശോധനയിൽ 203 കേസുകൾ രജിസ്റ്റർ ചെയ്തു. പരിശോധനയുടെ ഭാഗമായി നിയമലംഘനം നടത്തിയ 243 വാഹനങ്ങൾ പിടിച്ചെടുത്തു. ഹെൽമറ്റ് ഇല്ലാതെ വാഹനമോടിച്ചതിന് 2046 പേർക്കെതിരെയും ട്രിപ്പിൾ വെച്ച് വാഹനം ഓടിച്ച 259 പേർക്കെതിരേയും നിയമനടപടികൾ സ്വീകരിച്ചു. ലൈസൻസ് ഇല്ലാതെ ഇരുചക്രവാഹനമോടിച്ച 18 വയസ്സിന് താഴെയുള്ള 18 പേർക്കെതിരേയും നടപടി സ്വീകരിച്ചു. നിയമലംഘനം നടത്തിയ വാഹനത്തിന്റെ ഉടമക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും വാഹനം ഓടിച്ച കുട്ടികൾക്കെതിരെ സോഷ്യൽ ബാക്ക്ഗ്രൗണ്ട് റിപ്പോർട്ട് ജുവനൈൽ ജസ്റ്റിസ് ബോർഡിന് റിപ്പോർട്ടായി സമർപ്പിക്കും. കുട്ടികൾക്ക് വാഹനം നൽകിയതിന് വാഹന ഉടമകൾക്ക് എതിരെ കേസ് രജിസ്റ്റർ ചെയ്യും. വാഹനത്തിന്റെ പെർമിറ്റ് ഒരു വർഷത്തേക്ക് റദ്ദാക്കുന്നതിനും 25 വയസ് വരെ ലൈസൻസ് തടയുന്നതിനും എം.വി.ഡിക്ക് റിപ്പോർട്ട് സമർപ്പിക്കും.

# കേരള വാർത്തകൾ



താനൂർ, കൊണ്ടോട്ടി, മങ്കട നിയോജക മണ്ഡലംതല മുസ്‌ലിം ലീഗ് നേതൃസംഗമം ജില്ലാ ജനറൽ സെക്രട്ടറി പി അബ്ദുൽഹമീദ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

### തദ്ദേശ തിരഞ്ഞെടുപ്പ്:

## കൊണ്ടോട്ടി, മങ്കട, താനൂർ മണ്ഡലം നേതൃസംഗമങ്ങൾ പൂർത്തിയായി

### പെരിന്തൽമണ്ണ,തിരൂരങ്ങാടി,തിരൂർ,തവനൂർ നേതൃസംഗമങ്ങൾ ഇന്ന്

മലപ്പുറം: തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങളുടെ ഭാഗമായി മുസ്‌ലിം ലീഗ് മലപ്പുറം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ചു കൊണ്ടിരിക്കുന്ന നിയോജക മണ്ഡലംതല നേതൃയോഗങ്ങളിൽ മങ്കട കൊണ്ടോട്ടി താനൂർ നിയോജകമണ്ഡലങ്ങൾ ജില്ലാ മുസ്‌ലിം ലീഗ് ഓഫീസിൽ സംഗമിച്ചു. ജില്ലാ ജനറൽ സെക്രട്ടറി പി അബ്ദുൽഹമീദ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. ടി.വി ഇബ്രാഹീം എം.എൽ.എ, എം.എ ഖാദർ, പി സൈതലവി മാസ്റ്റർ, ഉമ്മർ അറക്കൽ, ഇസ്മായിൽ മൂത്തേടം, അൻവർ മുള്ളമ്പാറ, പി.എം.എ സമീർ, ഇബ്രാഹിം മുത്തൂർ, നൗഷാദ് മണ്ണശ്ശേരി, കെ.ടി അഷറഫ്, അഡ്വ ഹാരിഫ്, താമരത്ത് ഉസ്മാൻ, പി.എ ജബ്ബാർ ഹാജി, കുന്നത്ത് മുഹമ്മദ്, പി.കെ.സി അബ്ദുറഹ്മാൻ, അഷറഫ് താനൂർ പ്രസംഗിച്ചു. പെരിന്തൽമണ്ണ, തിരൂരങ്ങാടി നിയോജക മണ്ഡലങ്ങളുടെ നേതൃസംഗമം ഇന്ന് രാവിലെ 10 മണിക്കും തിരൂർ,തവനൂർ നിയോജക മണ്ഡലങ്ങളുടെ നേതൃസംഗമം ഉച്ചക്കു ശേഷം 2 മണിക്കും നടക്കും.



### നിത ഷഹീർ കൊണ്ടോട്ടി നഗരസഭ അധ്യക്ഷ

കൊണ്ടോട്ടി: കൊണ്ടോട്ടി നഗരസഭ ചെയർപേഴ്സണായി കോൺഗ്രസിന്റെ നിത ഷഹീറിനെ തിരഞ്ഞെടുത്തു. യു.ഡി.എഫ് ധാരണ പ്രകാരം മുസ്‌ലിം ലീഗിന്റെ സി.ടി. ഫാത്തിമത്ത് സുഹറാബി സ്ഥാനം ഒഴിഞ്ഞ സീറ്റിലേക്കാണ് ഇന്നലെ തിരഞ്ഞെടുപ്പ് നടന്നത്. ആകെ 40 സീറ്റുള്ള നഗരസഭയിൽ 32 വോട്ടുകൾ നിതക്ക് ലഭിച്ചു. കെ.പി. നിമിഷ ആയിരുന്നു എൽ.ഡി.എഫ് സ്ഥാനാർഥി. രണ്ടു വോട്ടുകൾ അസാധുവായി. ജില്ലാ റജിസ്റ്റാർ ജനറൽ അജിത് ശ്യാം ജോസഫ് ആയിരുന്നു വരണാധികാരി. നീറാട് വാർഡ് കൗൺസിലർ ആയ നിത ഷഹീർ ഇതോടെ സംസ്ഥാനത്തെ പ്രായം കുറഞ്ഞ നഗരസഭാ അധ്യക്ഷയായി. നിലവിൽ ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റി അധ്യക്ഷയായിരുന്നു. മുസ്‌ലിംലീഗിന് 23 കൗൺസിലർമാരും കോൺഗ്രസിന് എട്ട് കൗൺസിലർമാരുമാണ് ഭരണസമിതിയിലുള്ളത്. സത്യപ്രതിജ്ഞയ്ക്കു ശേഷം നടന്ന അനുമോദന യോഗം ടി.വി ഇബ്രാഹീം എം.എൽ.എ ഉദ്ഘാടനം ചെയ്തു. വൈസ് ചെയർമാൻ അഷ്റഫ് മടാൻ അധ്യക്ഷനായി. ഡി.സി.സി പ്രസിഡന്റ് വി.എസ് ജോയ്, മണ്ഡലം മുസ്‌ലിം ലീഗ് ജനറൽ സെക്രട്ടറി പി.കെ.സി അബ്ദുറഹ്മാൻ, ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് പുളിക്കൽ അഹമ്മദ് കബീർ, മുൻസിപ്പൽ മുസ്‌ലിം ലീഗ് ജനറൽ സെക്രട്ടറി എം.എ റഹീം, കെ.പി നിമിഷ, സി.ടി ഫാത്തിമത്ത് സുഹ്റാബി പ്രസംഗിച്ചു. സ്ഥാനാരോഹണത്തോടനുബന്ധിച്ച് പായസ വിതരണവും നടന്നു.

### പരപ്പനങ്ങാടിയിലും എടപ്പാളിലും

# നേരിയ ഭൂചലനത്തിൽ നടുക്കം

### ഭൂമിക്കടിയിൽ പ്രകമ്പനം; ഉഗ്രശബ്ദം കേട്ടെന്ന് നാട്ടുകാർ

മലപ്പുറം: മലപ്പുറം എടപ്പാളിലും പരപ്പനങ്ങാടിയിലും നേരിയ തോതിൽ ഭൂചലനം അനുഭവപ്പെട്ടതായി പ്രദേശവാസികൾ. ഉഗ്രശബ്ദവും പ്രകമ്പനവുമുണ്ടായതോടെ ഭീതിയിലാണ് ജനങ്ങൾ. എന്നാൽ ആശങ്കവേണ്ടെന്നും കേരളത്തിൽ ഭൂചലനമുണ്ടായിട്ടില്ലെന്നുമാണ് അധികൃതരിൽ നിന്നുള്ള വിശദീകരണം. മലപ്പുറത്തിന് പുറമെ വയനാട്, പാലക്കാട് ജില്ലകളിലും നേരിയ ഭൂചലനമുണ്ടായിട്ടുണ്ടെന്നാണ് വിവരം. വയനാട്ടിൽ നാനൂറിലധികം പേർ മരണപ്പെട്ട ദുരന്തത്തിന് പിന്നാലെയുണ്ടായ പ്രതിഭാസം നാടിനെയാകെ നടുക്കിയിരിക്കുകയാണ്. എന്നാൽ ഭയപ്പെടേണ്ട സ്ഥിതി നിലവിലില്ലെന്നാണ് ബന്ധപ്പെട്ടവർ പറയുന്നത്.
പരപ്പനങ്ങാടിയിലെ ചെട്ടിപ്പടി, കീഴ്ച്ചിറ പച്ചേരിപ്പാടം ഭാഗങ്ങളിലാണ് പ്രകമ്പനമുണ്ടായതായി നാട്ടുകാർ അറിയിച്ചത്. ഇന്നലെ രാവിലെ പത്തുമണിയോടെ ഉഗ്രശബ്ദത്തോടെ പ്രകമ്പനമുണ്ടായതെന്നാണ് പ്രദേശവാസികൾ പറയുന്നത്. രാവിലെ വീട്ടിൽ നിന്ന് പുറത്തിറങ്ങാനിരിക്കെ ഉഗ്രശബ്ദമുണ്ടായതായും ജനൽചില്ലുകൾ കുലുങ്ങിയതായും പച്ചേരിപ്പാടത്തെ പാറക്കൽ ഉദയൻ പറഞ്ഞു. വർഷങ്ങൾക്ക് മുമ്പ് പരപ്പനങ്ങാടി അങ്ങാടി കടപ്പുറത്ത് ഭൂചലനത്തിൽ ഒമ്പത് വീടുകൾക്ക് നാശനഷ്ടങ്ങളുണ്ടായിരുന്നു.
എടപ്പാൾ വട്ടംകുളം ചന്തക്കുന്നിലും ഭൂചലനം അനുഭവപ്പെട്ടതായി നാട്ടുകാർ. ഇടിമുഴക്കം പോലെ ശബ്ദവും ചെറിയതോതിൽ വിറയലും അനുഭവപ്പെട്ടതായി പാലിക്കുന്നത് ശുഹൈബ്, ചന്ത പറമ്പിൽ രാധ, ചെറൂള വളപ്പിൽ അലി, തുടങ്ങിയവർ പറഞ്ഞു.
വെള്ളിയാഴ്ച രാവിലെ പത്തരയോടെ അനുഭവപ്പെട്ടതായി പറയുന്ന ഭൂചലനം വൈകീട്ട് രണ്ട് മണിയോടെയാണ് വാർത്ത ചർച്ചകളിൽ ഇടം പിടിച്ചത്. മറ്റു നാട്ടുകാർ സംഭവം അറിഞ്ഞു വരുന്നേയുള്ളൂ. എടപ്പാൾ മേഖലയിലെ ഭൂമി കുലുക്കത്തെ കുറിച്ച് ഔദ്യോഗികമായ റിപ്പോർട്ടുകൾ ഒന്നും ലഭ്യമായിട്ടില്ല.

## വ്യാജ ആർ.സി നിർമാണം: തിരൂരങ്ങാടി ജോയിന്റ് ആർ.ടി.ഒയെ ചോദ്യം ചെയ്തു

### തിങ്കളാഴ്ച്ച വീണ്ടും ഹാജറാകാൻ പൊലീസ് നിർദേശം

തിരൂരങ്ങാടി: തിരൂരങ്ങാടി സബ് ആർ.ടി ഓഫീസിലെ വ്യാജ ആർ.സി നിർമാണ കേസിൽ തിരൂരങ്ങാടി ജോയിന്റ് ആർ.ടി.ഓയെ ചോദ്യം ചെയ്തു. കോഴിക്കോട് പന്നിയങ്കര സ്വദേശി സി.പി സക്കരിയ്യയെ കഴിഞ്ഞ ദിവസമാണ് തിരൂരങ്ങാടി പൊലീസ് ചോദ്യം ചെയ്തത്. ലീവിലുള്ള അദ്ദേഹത്തെ സ്റ്റേഷനിലേക്ക് വിളിച്ചു വരുത്തി ചോദ്യം ചെയ്തതായാണ് അറിവ്. തിങ്കളാഴ്ച്ചയോ ചൊവ്വാഴ്ച്ചയോ വീണ്ടും ഹാജരാകണമെന്ന് സക്കരിയ്യക്ക് പൊലീസ് നിർദേശം നൽകിയിട്ടുണ്ട്. വ്യാജ ആർ.സി നിർമാണവുമായി ബന്ധപ്പെട്ട് പൊലീസ് സ്റ്റേഷനിൽ പരാതി നൽകിയത് ഈ ഉദ്യോഗസ്ഥനായിരുന്നു.
2024 ജൂൺ 24-നാണ് സക്കരിയ്യ തിരൂരങ്ങാടി പൊലീസിൽ പരാതി നൽകിയത്. എന്നാൽ പരാതിയിൽ കേസെടുക്കാതെ വാഹനം നഷ്ടപ്പെട്ടവരെ വിളിച്ചു ഒത്തുതീർപ്പാക്കാനുള്ള ശ്രമങ്ങൾ നടന്നതോടെ തിരൂരങ്ങാടി മണ്ഡലം മുസ്‌ലിം യൂത്ത്‌ലീഗ് കമ്മിറ്റി പ്രതിഷേധവുമായി രംഗത്തെത്തുകയും പൊലീസ് കേസെടുക്കാൻ നിർബന്ധിതരാവുകയുമായിരുന്നു. വ്യാജ ആർ.സി നിർമാണത്തിന് ഓഫീസിൽ നിന്നും ഉദ്യോഗസ്ഥരുടെ സഹായമുണ്ടായിട്ടുണ്ടെന്നും അവരെ എല്ലാം നിയമത്തിന് മുന്നിൽ കൊണ്ട് വരണമെന്നാവശ്യപ്പെട്ടായിരുന്നു യൂത്ത്‌ലീഗിന്റെ സമരം.
എന്നാൽ വ്യാജ ആർ.സി ഉടമകളെ മാത്രം പ്രതികളാക്കിയാണ് ജൂലൈ 2-ന് തിരൂരങ്ങാടി പൊലീസ് കേസ് രജിസ്റ്റർ ചെയ്തത്. ഒരാഴ്ച്ചക്ക് ശേഷം വ്യാജ ആർ.സി നിർമാണത്തിലെ പ്രധാന കണ്ണിയായ പരപ്പനങ്ങാടി ഉള്ളണം മുണ്ടിയാൻകാവ് സ്വദേശി കരുവാടത്ത് നിസാർ(37), മിനി സിവിൽ സ്റ്റേഷന് അടുത്തുള്ള ടാർജറ്റ് ഓൺലൈൻ ഷോപ്പ് ഉടമയും പെരുവള്ളൂർ കരുവാൻകല്ല് പാലൻതോടു താമസക്കാരനുമായ നഈം(28), പരപ്പനങ്ങാടി ചെട്ടിപ്പടി സ്വദേശി കോട്ടുവാലന്റെ പുരക്കൽ ഫൈജാസ് (32) എന്നിവരെ പൊലീസ് അറസ്റ്റ് ചെയ്തിരുന്നു. ഇവർ നിർമാണത്തിനായി ഉപയോഗിച്ച ഉപകരണങ്ങളും മറ്റും പൊലീസ് പിടിച്ചെടുത്തു. ഈ കേസിൽ ഇത് വരെ എട്ട് വാഹനങ്ങളും പൊലീസ് പിടിച്ചെടുത്തിട്ടുണ്ട്.
കേസിലെ പ്രധാന പ്രതിയായ നിസാറിന്റെ മൊഴി പ്രകാരം വ്യാജ ആർ.സി നിർമ്മിക്കുന്നതിൽ ഉദ്യോഗസ്ഥർക്ക് പണം കൈമാറിയിട്ടുണ്ടെന്ന് പറഞ്ഞിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഓഫീസിലെ ക്ലർക്കുമാരെയും നേരത്തെ ചോദ്യം ചെയ്തിരുന്നു.
അതിന്റെ ഭാഗമായാണ് ജോയിന്റ് ആർ.ടി.ഓയെ കൂടി ചോദ്യം ചെയ്തത്. അദ്ധേഹം മെഡിക്കൽ ലീവിൽ ആയതിനാൽ കൂടുതൽ ചോദിക്കാതെ വിട്ടതായാണ് വിവരം. കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിനാണ് തിങ്കളാഴ്ച്ചയോ ചോവ്വാഴ്ച്ചയോ വീണ്ടും ഹാജരാകാൻ നിർദേശിച്ചിട്ടുള്ളത്. ഇന്നത്തോടെ അദ്ധേഹത്തിന്റെ മെഡിക്കൽ ലീവ് അവസാനിക്കും.
അതേ സമയം കേസ് രജിസ്റ്റർ ചെയ്ത് മാസം പിന്നിട്ടിട്ടും ഉദ്യോഗസ്ഥരുടെ അറസ്റ്റ് വൈകുന്നത് ഉന്നത ഇടപെടൽ മൂലമാണെന്ന് തിരൂരങ്ങാടി മണ്ഡലം മുസ്‌ലിം യൂത്ത്‌ലീഗ് കമ്മിറ്റി ആരോപിച്ചു. വ്യാജ ആർ.സി നിർമാണത്തിന് എല്ലാ ഒത്താശയും ചെയ്തത് തിരൂരങ്ങാടി ജോയിന്റ് ആർ.ടി.ഓഫീസറാണെന്ന പ്രധാന പ്രതിയുടെ മൊഴിയുണ്ട്. തിരൂരങ്ങാടി സബ് ആർ.ടി.ഓഫീസിലെ ജീവനക്കാർക്കും ഇതിൽ പങ്കുണ്ടെന്ന് പ്രതിയുടെ മൊഴിയിൽ വ്യക്തമാണ്. സാമ്പത്തിക ലാഭത്തിന് വേണ്ടി നിയമ സംവിധാനത്തെ അട്ടിമറിച്ച ഉദ്യോഗസ്ഥരെ സർവീസിൽ നിന്നും പുറത്താക്കാൻ ട്രാൻസ്പോർട്ട് മന്ത്രി തയ്യാറാകണം. ജോയിന്റ് ആർ.ടി.ഒ പൊലീസിൽ പരാതി നൽകിയത് തന്റെയും സഹ ജീവനക്കാരുടെയും കള്ളത്തരം പുറത്ത് വരാതിരിക്കാനാണെന്നും പുറത്തുള്ളവരെ മാത്രം പ്രതികളാക്കി കേസ് അവസാനിപ്പിക്കാൻ ശ്രമിച്ചാൽ അതിനെ ശക്തമായി നേരിടുമെന്നും യൂത്ത്‌ലീഗ് പറഞ്ഞു. മണ്ഡലം പ്രസിഡന്റ് യു.എ റസാഖ് അധ്യക്ഷനായി. ജില്ലാ സെക്രട്ടറി ഷരീഫ് വടക്കയിൽ ഉദ്ഘാടനം ചെയ്തു. പി.എം സാലിം, പി.പി ഷാഹുൽ ഹമീദ്, സി.കെ മുനീർ, ആസിഫ് പാട്ടശ്ശേരി, ഉസ്മാൻ കാച്ചടി, റിയാസ് തോട്ടുങ്ങൽ, തൈക്കാടൻ മമ്മുട്ടി ഫസലുദ്ദീൻ തയ്യിൽ, അസ്ക്കർ ഊപ്പാട്ടിൽ, അയ്യൂബ് തലാപ്പിൽ, കെ.പി അബ്ദുൽ ഗഫൂർ, മുസ്തഫ കളത്തിങ്ങൽ, പി.പി അഫ്സൽ, യു ഷാഫി പ്രസംഗിച്ചു.

## മുസ്‌ലിം യൂത്ത് ലീഗ് സാമൂഹിക പഠനകേന്ദ്രം ഉദ്ഘാടനം ഇന്ന്

മലപ്പുറം: മുസ്‌ലിം യൂത്ത് ലീഗ് മലപ്പുറം ജില്ലാ കമ്മിറ്റിയുടെ കീഴിൽ ആരംഭിക്കുന്ന സാമൂഹിക പഠന കേന്ദ്രത്തിന്റെ ഉദ്ഘാടനം ഇന്ന് രാവിലെ 9.30ന് മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി പി.എം സാദിഖലി നിർവഹിക്കും. മുസ്‌ലിം ലീഗ് ജില്ലാ സെക്രട്ടറി അൻവർ മുള്ളമ്പാറ പ്രസംഗിക്കും.
പഠന കേന്ദ്രത്തിന് കീഴിൽ ആരംഭിക്കുന്ന ആറ് മാസത്തെ ഡിപ്ലോമ കോഴ്സിനും ഇന്ന് തുടക്കമാവും. കോഴ്സിൽ ചേരുവാൻ സ്വയം തൽപരരായവരിൽ നിന്ന് അപേക്ഷ സ്വീകരിച്ച് ഇവർക്കായി പ്രവേശന പരീക്ഷയും മുഖാമുഖവും നടത്തിയതിന് ശേഷമാണ് പഠിതാക്കളെ തിരഞ്ഞെടുത്തത്.
ആദ്യമായിട്ടാണ് ഒരു യുവജന സംഘടന രാഷ്ട്രീയവും രാഷ്ട്രീയേതരവുമായ വിഷയങ്ങളിൽ പഠനവും ഗവേഷണവും ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു ഡിപ്ലോമ കോഴ്സിന് തുടക്കം കുറിക്കുന്നത്.
വ്യത്യസ്ത മേഖലകളിൽ പ്രാപ്തരായവരുടെ നേതൃത്വത്തിൽ വിവിധ ഘട്ടങ്ങളിലായി നടന്ന കൂടിയാലോചനകളുടെയും ചർച്ചകളുടെയും ഉപചർച്ചകളുടെയും അടിസ്ഥാനത്തിലാണ് ഇതിനാവശ്യമായ സിലബസ് രൂപപ്പെടുത്തിയത്. ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ ശ്രദ്ധേയരായ എഴുത്തുകാരുടേതായി പുറത്തിറങ്ങിയ ഇരുപതോളം പുസ്തകങ്ങളാണ് കോഴ്സിന് വേണ്ടി റഫർ ചെയ്യുന്നത്.
കൂടാതെ ഭാഷാ സമര സ്മാരകത്തിൽ പ്രവർത്തിക്കുന്ന സീതി സാഹിബ് ലൈബ്രറിയുടെ സേവനവും ഇതിനായ് ഉപയോഗപ്പെടുത്തും. വ്യത്യസ്ത മേഖലകളിലുള്ള നിരവധി പേർ പഠിതാക്കളായി തിരഞ്ഞെടുക്കപ്പെട്ടവരിലുണ്ട്. ജില്ലക്ക് പുറത്തുള്ളവരും കോഴ്സിന്റെ ഭാഗമായിട്ടുണ്ട്.

## സമൂഹത്തിന്റെ ഉന്നതിക്ക് ആത്മീയ സാന്നിധ്യം വലിയ പങ്കുവഹിച്ചു: അബ്ബാസലി തങ്ങൾ

മഞ്ചേരി: കേരളീയ മുസ്‌ലിം സമൂഹത്തിന്റെ ഉന്നതിക്ക് ആത്മീയ സാന്നിധ്യം വലിയ പങ്കുവഹിച്ചെന്ന് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ. ഔലിയാക്കൾ പകർന്ന ആത്മീയ ചൈതന്യം കേരളത്തിൽ മഹോന്നതമായ ഇസ്‌ലാമിക പൈതൃകത്തിന് തിരിതെളിയിച്ചു. മതവിദ്യാഭ്യാസം കൂടി സ്വായത്തമാക്കിയാലേ ധാർമിക ബോധം വളർത്താനാകൂ. മതഭൗതിക വിദ്യാഭ്യാസ രംഗത്ത് കുതിച്ചുചാട്ടത്തിന് വഴിയൊരുക്കിയാണ് തൃപ്പനച്ചി ഉസ്താദ് വിടപറഞ്ഞതെന്നും തങ്ങൾ പറഞ്ഞു. തൃപ്പനച്ചി മുഹമ്മദ് മുസ്‌ലിയാരുടെ പതിമൂന്നാമത് ഉറൂസ് മുബാറകിന്റെ അഞ്ചാംദിനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു തങ്ങൾ.
അദ്കാറുൽ മസാഇന് വലിയുദ്ദീൻ ഫൈസി വാഴക്കാട് നേതൃത്വം നൽകി. മാനുതങ്ങൾ വെള്ളൂർ അധ്യക്ഷനായി. ടി.കെ കുഞ്ഞാപ്പു കാഞ്ഞിരം, അഡ്വ. യു.എ ലത്തീഫ് എം.എൽ.എ, പി.എ ജബ്ബാർ ഹാജി, പി.സി അബ്ദുറഹിമാൻ, തൂബ സൈതലവി ഹാജി, ഫിർദൗസ് യൂസഫ് ഹാജി, ഉമർ കോയ ഹാജി കുറ്റിക്കാട്ടൂർ, അബ്ദുറഹ്മാൻ ഹാജി കുണ്ടൂർ, മുള്ളൻ നാണി പാലക്കാട്, കെ.സി ബാവ കിടങ്ങഴി, സി.എം കുട്ടി സഖാഫി വെള്ളേരി, അബ്ദുറഹിമാൻ ദാരിമി, എം.കെ ബാപ്പു ഹാജി, കുഞ്ഞിപ്പ മുസ്‌ലിയാർ, അലവി ദാരിമി, മുനവ്വർ ഹുദവി, അഷ്റഫ് ഹൈത്തമി, കുഞ്ഞിമാൻ ചെകിരിയൻമൂച്ചി, ജലീൽ പുല്ലാര, ശാക്കിർ വാഫി, ഫൈസൽ വാഫി, ടി.കെ മുഹമ്മദലി പ്രസംഗിച്ചു. ഇന്ന് വൈകീട്ട് ഏഴിന് മത പ്രഭാഷണം പാണക്കാട് സയ്യിദ് നാസർ അബ്ദുൽ ഹയ്യ് ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. എം.ടി അബ്ദുല്ല മുസ്‌ലിയാർ അധ്യക്ഷനാകും. മുസ്തഫ ഹുദവി ആക്കോട് പ്രഭാഷണം നടത്തും. ഉറൂസ് പരിപാടികൾ നാളെ സമാപിക്കും. രാവിലെ 8 മണിക്ക് കൂട്ടസിയാറത്തിന് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ നേതൃത്വം നൽകും. 8.15ന് സമാപന സംഗമവും തങ്ങൾ ഉദ്ഘാടനം ചെയ്യും. പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ അധ്യക്ഷനാകും. പ്രഫ. കെ ആലിക്കുട്ടി മുസ്‌ലിയാർ മുഖ്യപ്രഭാഷണവും അബ്ദുസ്സമദ് പൂക്കോട്ടൂർ അനുസ്മരണ പ്രഭാഷണവും നടത്തും. പി.കെ കുഞ്ഞാലിക്കുട്ടി എം.എൽ. എ, ഇ.ടി മുഹമ്മദ് ബഷീർ എം.പി, എം.എൽ.എമാരായ പി ഉബൈദുല്ല, അഡ്വ. യു.എ ലത്തീഫ്, ടി.വി ഇബ്രാഹീം എന്നിവരും ഒ.പി കുഞ്ഞാപ്പുഹാജി, സയ്യിദ് ബാപ്പു തങ്ങൾ ജമലുല്ലൈലി, ഒളവണ്ണ അബൂബക്കർ ദാരിമി, ആർ.വി കുട്ടിഹസൻ ദാരിമി, കെ.എ റഹ്മാൻ ഫൈസി, നിർമാൺ മുഹമ്മദലി പ്രസംഗിക്കും. 3 മണിവരെ അന്നദാനം നടക്കും.



തൃപ്പനച്ചി മുഹമ്മദ് മുസ്‌ലിയാർ 13-ാം ഉറൂസിനോടനുബന്ധിച്ച് ഇന്നലെ നടന്ന അദ്കാറുൽ മസാഅ് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു

### മദ്യനിരോധന സമിതി സമരപ്പന്തൽ പൊലീസ് പൊളിച്ച് നീക്കി

മലപ്പുറം: സംസ്ഥാനത്ത് പൂർണമായും മദ്യനിരോധനം നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് മദ്യനിരോധന സമിതി മലപ്പുറം കലക്ടറേറ്റ് പടിക്കൽ നടത്തിവന്ന നിരാഹാര സമരപന്തൽ പൊലീസ് പൊളിച്ചു നീക്കി. ഒരു വർഷക്കാലമായി മലപ്പുറം കലക്ടറേറ്റിനടുത്ത് നടത്തിവരുന്ന അനിശ്ചിതകാല നിരാഹാര സമരപ്പന്തൽ മഴയത്തും കാറ്റിലും കേടുവന്നിരുന്നു. ഇത് ശരിയാക്കുന്നതിനിടെയാണ് പൊലീസെത്തി നിരാഹാര പന്തൽ ഇവിടെ അനുവദിക്കില്ലെന്ന് പറഞ്ഞ് പൊളിച്ചുനീക്കിയതെന്നാണ് മദ്യനിരോധന സമിതി പ്രവർത്തകരുടെ പരാതി.

### അധ്യാപക ഒഴിവ്

മങ്കട ഗവ. കോളജിൽ അറബിക് വിഭാഗത്തിൽ അതിഥി അധ്യാപകരെ നിയമിക്കുന്നു. ബന്ധപ്പെട്ട വിഷയത്തിൽ യു.ജി.സി നിഷ്കർഷിക്കുന്ന യോഗ്യതയും കോളജ് വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർഥികൾ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതമുള്ള അപേക്ഷ 17 നകം നേരിട്ടോ തപാൽ മുഖേനയോ എത്തിക്കണം. ഫോൺ: 9188900202.

### വഖഫ് ബോർഡ് യോഗം 12ന്

കോഴിക്കോട്: 1995 ലെ വഖഫ് ആക്ട് ഭേദഗതി ചെയ്യാനുള്ള ബില്ല് പാർലമെന്റിൽ അവതരിപ്പിച്ച സാഹചര്യത്തിൽ ബില്ലിലെ ഭേദഗതി നിർദ്ദേശങ്ങൾ സംബന്ധിച്ച് പ്രത്യേകമായി ചർച്ച ചെയ്യുന്നതിനായി കേരള സംസ്ഥാന വഖഫ് ബോർഡ് യോഗം ചേരുന്നു. കോഴിക്കോട് വഖഫ് ബോർഡ് ഡിവിഷണൽ ഓഫീസിൽ 12 ന് രാവിലെ 11 മണിക്ക് യോഗം ചേരുമെന്ന് ചെയർമാൻ അഡ്വ. എം.കെ സക്കീർ അറിയിച്ചു.



ജില്ലാ സഹകരണ ആശുപത്രിയുടെ പുതിയ ക്ലിനിക്കായി മലപ്പുറം ഇൻകൽ സിറ്റിയിൽ ആരംഭിച്ച പി.എം.എസ്.എ മെഡിക്കൽ സെന്ററിന്റെ ഉദ്ഘാടനം പാണക്കാട് സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ നിർവഹിക്കുന്നു

## ജില്ലാ സഹകരണ ആശുപത്രി പുതിയ ക്ലിനിക്ക് ആരംഭിച്ചു

മലപ്പുറം: ജില്ലാ സഹകരണ ആശുപത്രിയുടെ പുതിയ ക്ലിനിക്കായി മലപ്പുറം ഇൻകൽ സിറ്റിയിൽ പി.എം.എസ്.എ മെഡിക്കൽ സെന്ററിന്റെ ഉദ്ഘാടനം പാണക്കാട് സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ നിർവഹിച്ചു. എമർജൻസി മെഡിസിൻ, ഓർത്തോ, ഇ.എൻ.ടി, പൾമണോളജി, ഫാമിലി മെഡിസിൻ, ദന്തൽ എന്നീ വിഭാഗം ഡോക്ടർമാരുടെ സേവനം ക്ലിനിക്കിൽ ലഭ്യമാണ്. കൗൺസിലിങ്, ആയുർവേദം എന്നീ വിഭാഗം ഡോക്ടർമാരുടെ വിസിറ്റിങ് സേവനവും ഒരുക്കിയിട്ടുണ്ട്. ഫാർമസി, ലബോറട്ടറി, അത്യാഹിത വിഭാഗം എന്നിവയും ക്രമീകരിച്ചിട്ടുണ്ട്. കാരാത്തോട്, മലപ്പുറം ഇൻകൽസിറ്റി പ്രദേശത്തുള്ളവർക്ക് മിതമായ നിരക്കിൽ ഗുണമേന്മയുള്ള ചികിത്സ ലഭ്യമാക്കുവാൻ സാധിക്കും. നിലവിൽ മലപ്പുറം കുന്നുമ്മല്ലിൽ 150 ബെഡ് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, മലപ്പുറം മൂന്നാം പടിയിൽ സബ് സെന്ററായി 100 ബെഡ് വിമൺ ആന്റ് ചിൽഡ്രൻ ആശുപത്രി, 50 ബെഡ് ആയുർവേദ ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. ആശുപത്രി ഡയറക്ടർമാരായ മന്നയിൽ അബൂബക്കർ, വി.എ റഹ്മാൻ, സി.കെ അബ്ദുന്നാസർ, കുന്നത്ത് കുഞ്ഞിമുഹമ്മദ്, സെക്രട്ടറി സഹീർ കാലടി, ഡോ. കെ.എ പരീത്, ഡോ. മുഹമ്മദ് നബീൽ, പി.കെ അസ്‌ലു, പി.കെ ബാവ, ഹാരിസ് ആമിയൻ, കെ റഷീദ്, കെ ഫെബിൻ, കെ മുഹമ്മദ് ബഷീർ, റസാക്, കെ ഷംന, സെലിൻ ലൂസി, ഷമീബ, സൈതാലി, ശിഹാബ് പങ്കെടുത്തു.


## ഉറ്റവരെ നഷ്ടമായ തേങ്ങലോടെ തിരുത്തിയാട് ഗ്രാമം

കെ.പി മുഹമ്മദലി
കക്കോവ്

ഒട്ടും നിനച്ചിരിക്കാത്ത സമയത്ത് ഒന്നിനുപിറകെ മറ്റൊന്നായി ഉറ്റവരുടെ വിയോഗവാർത്ത ഉൾക്കൊള്ളാനാവാതെ വിതുമ്പുകയാണ് തിരുത്തിയാട്ടുകാരും മണ്ണിൽക്കടവത്ത് കുടുംബവും.
വിശുദ്ധ ഹജ്ജ് കർമ്മത്തിനു വേണ്ടി പുണ്യഭൂമിയിലേക്ക് മെയ് 22 ന് യാത്ര തിരിച്ചവരിൽ തിരുത്തിയാട് സ്വദേശിയും റിട്ട. അധ്യാപകനുമായ മണ്ണിൽക്കടവത്ത് മുഹമ്മദ് മാസ്റ്ററും ഭാര്യ മറിയം ബീവിയുമുണ്ടായിരുന്നു. ഹജ്ജ് വേളയിൽ ജൂൺ 15 ന് അറഫ ദിനത്തിൽ വൈകീട്ട് മൂന്ന് മണിയോടെ മുസ്തലിഫയിലേക്കുള്ള യാത്രാമദ്ധ്യേയാണ് തിക്കിലും തിരക്കിലും പെട്ട് മുഹമ്മദ് മാസ്റ്ററെ കാണാതായത്. മലയാളി സന്നദ്ധ പ്രവർത്തകരും കെ.എം.സി.സി നേതാക്കളുമുൾപ്പടെ മിനയിലും പരിസരങ്ങളിലും വിവിധ ആശുപത്രികളിലും മുഹമ്മദ് മാസ്റ്ററെ കണ്ടെത്താനുള്ള പരിശ്രമങ്ങൾ നടത്തിയെങ്കിലും വിഫലമായി. ഭർത്താവിനെ കണ്ടെത്താനാവാതെ ഹജ്ജ് കർമ്മം പൂർത്തിയാക്കി ഭാര്യ മറിയം ബീവി ഏറെ സങ്കടത്തോടെയാണ് മകനുമൊത്ത് നാട്ടിലേക്ക് തിരിച്ചത്.
ജൂലൈ അവസാനത്തിൽ മുഹമ്മദ് മാസ്റ്ററുടെ വിയോഗവാർത്ത ഇന്ത്യൻ എംബസി അധികൃതർ ഔദ്യോഗികമായി കുടുംബത്തെ അറിയിച്ചതോടെ ഭാര്യയും കുട്ടികളുമടങ്ങുന്ന കുടുംബം തീരാ ദുഃഖത്തിലായി.
പിതാവിന്റെ മയ്യിത്ത് കണ്ട് ഉറപ്പുവരുത്തുന്നതിനും നടപടി ക്രമങ്ങൾ പൂർത്തിയാക്കി മരണാനന്തര കർമ്മങ്ങൾ നടത്തുന്നതിനുമായി ദീർഘകാലമായി കുവൈത്തിൽ ബിസിനസുകാരായ മുഹമ്മദ് മാസ്റ്ററുടെ മക്കളായ റിയാസ് റമദാനും സൽമാനും കുടുംബവുമൊത്ത് കഴിഞ്ഞ ദിവസം മക്കയിലെത്തിയത്.
മക്കയിലെ മുഹസിം മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന പിതാവ് മുഹമ്മദിന്റെ മയ്യിത്ത് തിരിച്ചറിയുകയും നടപടിക്രമങ്ങൾ പൂർത്തിയാക്കി റിയാസും സഹോദരൻ സൽമാനും ചേർന്ന് ഏറ്റുവാങ്ങി മരണാനന്തര കർമ്മങ്ങളും നമസ്ക്കാരവും നടത്തി ജന്നത്തുൽ മുഅല്ലയിൽ ഖബറടക്കവും നടത്തി.
കൂടെയുണ്ടായിരുന്ന സഹോദരൻ വിമാന മാർഗം കുവൈത്തിലേക്ക് പോകാനായി എയർപ്പോർട്ടിലേക്ക് യാത്രയാക്കിയ ശേഷം റിയാസും ഭാര്യയും 3 കുട്ടികളും ചേർന്ന് കാർ മാർഗം കുവൈത്തിലെ താമസ സ്ഥലത്തേക്ക് തിരിക്കുകയായിരുന്നു.
തായിഫിനു നുറു കിലോമീറ്റർ അകലെ റിദ്വാനിൽ വെച്ച് ഇവർ സഞ്ചരിച്ച കാർ അപകടത്തിൽപ്പെടുകയും റിയാസ് തൽക്ഷണം മരണപ്പെടുകയുമായിരുന്നു. വാഹനത്തിൽ കൂടെയുണ്ടായിരുന്ന ഭാര്യയെയും കുട്ടികളെയും നിസാര പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.
പിതാവിന്റെ ഖബറടക്കം മക്കയിൽ കഴിഞ്ഞ ഉടനെ തിരുത്തിയാട് പള്ളിയിൽ വെച്ച് ഇന്നലെ രാത്രി മയ്യിത്ത് നമസ്ക്കാരം നടക്കുന്നതിനിടയിലാണ് മകന്റെ ദാരുണമായ മരണ വാർത്തയെത്തിയത്.
കായലം സ്കൂളിലെ റിട്ട. അധ്യാപകനായ മുഹമ്മദിന്റെയും മകൻ റിയാസ് റംദാനിന്റെയും ആകസ്മികമായ വിയോഗം കുടുംബത്തെ മാത്രമല്ല തിരുത്തിയാട് പ്രദേശത്തെ ഒന്നടങ്കം കണ്ണീരിലാഴ്ത്തി. പിതാവിനെ യാത്രയാക്കി വീടണയും മുമ്പെ റിയാസിനെയും വിധി തട്ടിയെടുക്കുകയായിരുന്നു.



പിതാവ് മുഹമ്മദിന്റെ മൃതദേഹം ഏറ്റുവാങ്ങുന്നതിനായി മുജീബ് പൂക്കോട്ടൂരിനൊപ്പം കാത്തു നിൽക്കുന്ന റിയാസും കുടുംബാംഗങ്ങളും (ഫയൽചിത്രം)




മുണ്ടക്കൈയിലും ചൂരൽമലയിലും പ്രകൃതി സംഹാര താണ്ഡവമാടിയ ഭൂമിയിൽ ജീവൻ തേടി വന്നവർ അവിടെത്തന്നെയുണ്ട്. കഴിഞ്ഞ പതിനൊന്ന് ദിവസങ്ങളായിട്ട് ഈ സമയം വരേ അവരാരും ചുരമിറങ്ങിയിട്ടില്ല. ഇടിച്ച് കുത്തി പെയ്ത മഴയും ശീതക്കാറ്റും ഇരുൾ മുറ്റിയ രാത്രികളിലും ചളിയായി മാറിയ ചതുപ്പ് നിലങ്ങളിലും അവർ കൈ മെയ് മറന്ന് പരിശ്രമിക്കുന്നത് ചളിയിൽ പുതഞ്ഞുപോയ സർവ മനുഷ്യരെയും ഉറ്റവരെ ഏൽപ്പിക്കണമെന്നും അത് നിമിത്തമായി അവരുടെ കണ്ണീരിന് അൽപമെങ്കിലും ശമനം ലഭിക്കട്ടെ എന്നത് കൊണ്ടു മാത്രമാണ്. കാരണം മനുഷ്യപ്പറ്റുള്ള ഒരു മനുഷ്യൻ തന്റെ സഹോദരനോട് അത്രയെങ്കിലും ചെയ്യണമല്ലോ. അതേസമയം, ഇവരെ അപമാനിക്കുന്ന തരത്തിൽ ചിലർ നടത്തുന്ന വില കുറഞ്ഞ പ്രചാരം പ്രളയത്തിലെ വിഷജീവികളുടെ ജൽപനമായി ജനം തിരിച്ചറിയും.

–ഡോ. എം.കെ മുനീർ

മുസ്‌ലിം ജനവിഭാഗങ്ങളുടെ താൽപര്യങ്ങളാണ് ... ഫ് ബോർഡുമായി ബന്ധപ്പെട്ടുള്ളത്. അതിൽ മാ... രുത്തുന്നതിന് മുൻപായി രാഷ്ട്രീയ പാർട്ടികളുമ... ന്യൂനപക്ഷ സംഘടനകളുമായും സംസാരിക്കണ... രുന്നു. അതുണ്ടായില്ല. ഇന്ത്യ സഖ്യത്തിന്റെ ശ... യ പ്രതിഷേധത്തെ തുടർന്ന് ഭേദഗതി ബില്ല് ന... ക്ത പാർലമെന്ററി സമിതിക്ക് വിട്ടു. കോടികൾ വ... രുന്ന വഖഫ് ഭൂമി പലർക്കും വീതിച്ച് നൽകാനു... ഢമായ നീക്കമാണ് മോദി സർക്കാരിന്റെ ഭേദഗ... ല്ലിന് പിന്നിലുള്ളത്.

–രമേശ് ചെന്നിത...



## കേരള വാർത്തകൾ



മുസ്‌ലിം ലീഗ് ദേശീയ പൊളിറ്റിക്കൽ അഫേഴ്സ് കമ്മിറ്റി ചെയർമാൻ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളുടെ ആഹ്വാന പ്രകാരം വയനാട് ദുരിതരുടെ കണ്ണീരൊപ്പാനുള്ള പദ്ധതിയിലേക്ക് പള്ളികളിൽ നടക്കുന്ന ഫണ്ട് ശേഖരണത്തിന് ഡൽഹി പാർലമെന്റ് മസ്ജിദിനു മുന്നിൽ എം.പിമാരായ ഇ.ടി മുഹമ്മദ് ബഷീർ, പി.വി അബ്ദുൽ വഹാബ്, അഡ്വ. ഹാരിസ് ബീരാൻ എന്നിവരുടെ നേതൃത്വത്തിൽ നടന്നപ്പോൾ. ടി.പി അഷ്‌റഫലി, ഷിബു മീരാൻ, അഹമ്മദ് സാജു, സി.കെ ശാക്കിർ, സിറാജുദ്ദീൻ നദ്‌വി, അഫ്‌സൽ യൂസുഫ് എന്നിവർ സമീപം

## വിയറ്റ്ജെറ്റ് യാത്രക്കാരുടെ എണ്ണം 20 കോടി കവിഞ്ഞു

കൊച്ചി: അഹമ്മദാബാദിൽനിന്ന് വിയറ്റ്നാമിലെ ഡാനാങ്ങിലേക്ക് ഈവർഷം ഒക്ടോബറിൽ സർവീസ് ആരംഭിക്കുമെന്ന് വിയറ്റ്ജെറ്റ് അറിയിച്ചു. നിലവിൽ അഹമ്മദാബാദിൽ നിന്ന് ഹോചിമിൻ സിറ്റിയിലേക്ക് വിയറ്റ്ജെറ്റ് സർവീസ് നടത്തുന്നുണ്ട്. അതേസമയം 20 കോടിയാത്രക്കാരെന്ന നാഴികക്കല്ലും വിയറ്റ്ജെറ്റ് പിന്നിട്ടു. ഇന്ത്യയിൽ നിന്നുള്ള ബിസിനസുകാരനായ സന്ദീപ് മേത്തയാണ് 20 കോടി തികച്ച യാത്രക്കാരൻ. മേത്തക്ക് പാരിതോഷികമായി രാജ്യാന്തര ഫ്ളൈറുകളിൽ ഒരുവർഷത്തേക്ക് സൗജന്യമായി യാത്ര ചെയ്യാനുള്ള അവസരം കമ്പനി നൽകും. 20 കോടി യാത്രക്കാർ എന്ന ലക്ഷ്യം കൈവരിച്ച വിയറ്റ്ജെറ്റിനെ വിയറ്റ്നാം പ്രധാനമന്ത്രി പാംമിൻ ചിൻ ഉൾപ്പെടെയുള്ളവർ അനുമോദിച്ചു.

# കോളജ് അധ്യാപകന്റെ മരണം ആത്മഹത്യയെന്ന് പൊലീസ്

## സ്വന്തം ശരീരം മുറിവേൽപ്പിക്കുന്ന മനോനില



കൊച്ചി: എറണാകുളം മഴുവന്നൂരിൽ അധ്യാപകനായ വി എസ്. ചന്ദ്രലാലിന്റെ മരണം ആത്മഹത്യയെന്ന് പൊലീസ്. രാജഗിരി കോളജിലെ ഹിന്ദി വിഭാഗം പ്രൊഫസറായിരുന്ന മഴുവന്നൂർ കവിതപടിയിൽ വെണ്ണിയേത്ത് വി എസ്. ചന്ദ്രലാലിനെ (41) കഴിഞ്ഞ ദിവസം വൈകിട്ട് അഞ്ചരയോടെ വീടിനടുത്തുള്ള പറമ്പിലാണ് മരിച്ച നിലയിൽ കണ്ടെത്തിയത്.വയറ് കീറി ആന്തരീക അവയവങ്ങൾ പുറത്ത് വന്ന നിലയിലാണ് കാണപ്പെട്ടത്.

സ്വന്തം ശരീരം മുറിവേൽപ്പിക്കുന്ന രീതിയിൽ മാനസിക വെല്ലുവിളി നേരിട്ട ആളായിരുന്നു മരിച്ച ചന്ദ്രലാലെന്ന് പൊലീസ് പറഞ്ഞു. മാനസിക വെല്ലുവിളി മറികടക്കുന്നതിന് ഇദ്ദേഹം ചികിത്സയിലായിരുന്നുവെന്നും ബന്ധുക്കൾ മൊഴി നൽകി. സംഭവം ആത്മഹത്യയാണെന്ന് പൊലീസിന് തുടക്കത്തിൽ തന്നെ സംശയം ഉണ്ടായിരുന്നു. ഉച്ചയോടെ ചന്ദ്രലാൽ പറമ്പിലേക്ക് പോകുന്നത് അയൽവാസികൾ കണ്ടിരുന്നു.

രണ്ടാഴ്ചയോളമായി ചന്ദ്രലാൽ കോളജിൽ എത്തിയിരുന്നില്ല. അദ്ദേഹം അവധിയിലെന്നാണ് കോളജ് അധികൃതർ അറിയിച്ചത്. മൂന്ന് മാസം മുൻപാണ് ഇദ്ദേഹത്തിന്റെ അച്ഛൻ മരിച്ചത്. ഇതിന് ശേഷം കടുത്ത മനോവിഷമത്തിലായിരുന്നു. അയൽവാസിയായ സ്ത്രീയാണ് മാരകമായി മുറിവേറ്റ് മരിച്ചുകിടക്കുന്ന നിലയിൽ ചന്ദ്രലാലിനെ കണ്ടെത്തിയത്. വിവരം അറിഞ്ഞ് റൂറൽ എഎസ് പി മോഹിത് റാവത്തിന്റെ നേതൃത്വത്തിൽ പൊലീസ് സ്ഥലത്തെത്തി. ഫോറൻസിക് സംഘമടക്കം പരിശോധന നടത്തിയിരുന്നു. മൃതദേഹം പോസ്റ്റ്മോർട്ടത്തിന് ശേഷം ബന്ധുക്കൾക്ക് കൈമാറി.

ഭാര്യ: വിനയ (ഗസ്റ്റ് അധ്യാപിക, കൂത്താട്ടുകുളം ഗവ ഹയർ സെക്കൻഡറി സ്കൂൾ). മക്കൾ: മീരജ (ഏഴാം ക്ലാസ് വിദ്യാർഥിനി), മിരവ് (രണ്ടാം ക്ലാസ് വിദ്യാർഥി).

# കേരള ബാങ്കിന് ചൈനയുടെ 2000 മൈക്രോ എ.ടി.എമ്മുകൾ

## ടെണ്ടർനടപടികളിൽ ഇടപെട്ട് ഹൈക്കോടതി കേന്ദ്രത്തിനും കേരളത്തിനും നോട്ടീസ്

അനീഷ് ചാലിയാർ
പാലക്കാട്

കേന്ദ്രനിയമം മറികടന്ന് കേരളബാങ്കിൽ ചൈനയുടെ 2000 മൈക്രോ എ.ടി.എം മെഷീനുകൾ സ്ഥാപിക്കാനുള്ള നീക്കം. ഇതിന്റെ ടെണ്ടർ നടപടികൾ ചോദ്യം ചെയ്തുള്ള ഹർജി ഹൈക്കോടതി ഫയലിൽ സ്വീകരിച്ചു. കോട്ടയം സ്വദേശി ടി.എം തോമസിനു വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ ജോർജ് പൂന്തോട്ടത്തിന്റെ പ്രാഥമിക വാദംകേട്ട ഹൈക്കോടതി കേന്ദ്രത്തിനും കേരളത്തിനും ടെണ്ടർ നേടിയ കമ്പനിക്കും ചൈനീസ് സബ് ഡീലർക്കും നോട്ടീസയച്ചു. പൊതു ടെണ്ടർ നടപടികളിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ അതിർത്തി രാജ്യങ്ങളിൽ നിന്നുള്ള ഉത്പന്നങ്ങൾ വിൽക്കുന്നവരാണെങ്കിൽ ഡി.പി.ഐ.ഐ.ടി (ഡിപ്പാർട്മെന്റ് ഫോർ പ്രമോഷൻ ഓഫ് ഇൻഡസ്ട്രീസ് ആന്റ് ഇന്റേർണൽ ട്രേഡ്) യിൽ രജിസ്ട്രേഷൻ ഉള്ളവരായിരിക്കണമെന്ന വ്യവസ്ഥയും ടെണ്ടർ വിജ്ഞാപനത്തിലെ യോഗ്യതാ മാനദണ്ഡങ്ങളും ലംഘിച്ചാണ് ചൈനീസ് കമ്പനിയുടെ സബ് ഡീലർക്ക് 2000 മൈക്രോ എ.ടി.എമ്മുകൾ വിതരണം ചെയ്യുന്നതിനുള്ള ടെണ്ടർ കേരള ബാങ്ക് നൽകിയിരിക്കുന്നത്.

സംസ്ഥാനങ്ങൾക്കുമേൽ കേന്ദ്രത്തിന് എക്സിക്യൂട്ടീവ് അധികാരം നൽകുന്ന ആർട്ടിക്കിൾ 257(1) പ്രകാരമുള്ള 2017 ലെ ജനറൽ ഫിനാൻഷ്യൽ റൂൾസിന്റെ 114(ഃശ) ചട്ടങ്ങൾക്ക് വിരുദ്ധമാണ് കേരളബാങ്കിന്റെ നടപടി. ഈ വ്യവസ്ഥകൾ പ്രകാരം ഡി.പി.ഐ.ഐ.ടിയിൽ രജിസ്റ്റർ ചെയ്യാത്ത കമ്പനികൾക്ക് അതിർത്തി രാജ്യങ്ങളുടെ ഉത്പന്നങ്ങൾ വിതരണം ചെയ്യാനോ പൊതുടെണ്ടറുകളിൽ പങ്കെടുക്കാനോ കഴിയില്ല. ഈ ചട്ടം പാലിക്കാതെയുള്ള നടപടികളും വിഷയത്തിലുള്ള സംസ്ഥാന സർക്കാറിന്റെ മൗനവും ദുരൂഹത നിറഞ്ഞതാണെന്ന് ഹർജിക്കാരൻ കോടതിയെ ബോധിപ്പിച്ചു.

കേരള സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഷെഡ്യൂൾഡ് ബാങ്കായ കേരള ബാങ്ക് (സംസ്ഥാന സഹകരണ ബാങ്ക്) മൈക്രോ എ.ടി.എമ്മുകൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ നൽകിയിരിക്കുന്നത് എറണാകുളത്തെ സിറ്റ്സാ ടെക്നോളജി എന്ന കമ്പനിക്കാണ്. കരാറിൽ ഇവർ വാഗ്ദാനം ചെയ്തിരിക്കുന്നത് ചൈനീക് കമ്പനിയായ ടെലിപവർ കമ്യൂണിക്കേഷൻ ലിമിറ്റഡ് (ടെൽപോ) നിർമിച്ച മൈക്രോ എ.ടി.എമ്മുകളാണ്. ടെൽപോയുടെ ഇന്ത്യയിലെ വിതരണക്കാർ മൊബിഓഷ്യൻ എന്ന ഡൽഹി ആസ്ഥാനമായുള്ള കമ്പനിയുമാണ്. ഇക്കാര്യം സിറ്റ്സ ടെണ്ടറിൽ പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ട്.

രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളും പൊതുമേഖലാസ്ഥാപനങ്ങളും പാലിക്കേണ്ട 257(1) പ്രകാരമുള്ള കേന്ദ്രത്തിന്റെ നിർദേശത്തിലെ വ്യവസ്ഥകൾ ടെണ്ടർ നടപടികളിൽ ഉൾപ്പെടുത്താത് ചൈനീസ് കമ്പനിയുടെ ഉത്പന്നങ്ങൾ വിതരണം ചെയ്യുന്ന ഇന്ത്യയിലെ കമ്പനികൾക്ക് സഹായം ചെയ്യുന്നതിന് വേണ്ടിയാണെന്നാണ് ഹർജിക്കാരുടെ പ്രധാനവാദം. നിയമവിരുദ്ധമായി നടത്തിയ ടെണ്ടർ ഇടപാടിലെ ബിഡ് നിർദേശങ്ങളുടെ വിശദാംശങ്ങൾ കേരള ബാങ്ക് പുറത്തുവിട്ടിട്ടില്ല.

### രാജ്യ സുരക്ഷയെ ബാധിക്കുന്ന ഇടപാട്

അതീവ സുരക്ഷിതമായിരിക്കേണ്ട സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച ഡാറ്റകൾ കൈകാര്യം ചെയ്യുന്ന സ്ഥാപനത്തിൽ ചൈനാ നിർമിത ഉപകരണത്തിന്റെ ഉപയോഗം രാജ്യസുരക്ഷയെ തന്നെ ബാധിക്കുന്നതാണെന്ന ആശങ്ക ഉയർന്നിട്ടുണ്ട്. മൈക്രോ എ.ടി.എമ്മുകൾ ഉപയോഗശൂന്യമായാൽ അതുവഴി വൻ നഷ്ടവും കേരള ബാങ്കിനുണ്ടാവുമെന്നും കേരള ബാങ്കിന്റെ പ്രാഥമിക സംഘത്തിന്റെ പ്രസിഡന്റുകൂടിയായ ഹർജിക്കാരൻ കോടതിയെ ബോധിപ്പിച്ചിട്ടുണ്ട്.

## കിറ്റ് കമ്മീഷൻ ആറ് ആഴ്ചകൾക്കുള്ളിൽ നൽകണമെന്ന് ഹൈക്കോടതി

കോഴിക്കോട്: കോവിഡ് കാലത്ത് പതിനൊന്ന് മാസങ്ങളിലായി നൽകിയ കിറ്റുകൾക്ക് ആറ് ആഴ്ചകൾക്കകം കമ്മീഷൻ നൽകണമെന്ന് ഹൈക്കോടതി ഉത്തരവിട്ടു. ജസ്റ്റിസ് ദേവൻ രാമചന്ദ്രനാണ് ഉത്തരവ് ഇറക്കിയത്. സംസ്ഥാനത്ത് കിറ്റുകൾ നൽകിയ മുഴുവൻ വ്യാപാരികൾക്കും കമ്മീഷൻ നൽകുന്നതിനു പകരം കേസിനുപോയ സംഘടനാ നേതാക്കളായ ആറു വ്യാപാരികൾക്ക് മാത്രം കമ്മീഷൻ നൽകുകയാണ് സർക്കാർ ചെയ്തത്. ഇതിനെതുടർന്ന് പതിനായിരത്തോളം റേഷൻ വ്യാപാരികൾ 37 കേസുകളായി കക്ഷി ചേരുകയും ഹൈക്കോടതിയിൽ നിന്ന് അനുകൂല ഉത്തരവ് സമ്പാദിക്കുകയും നാലു മാസത്തിനുള്ളിൽ കമ്മീഷൻ നൽകാൻ സർക്കാറിനോട് ഹൈക്കോടതി ആവശ്യപെടുകയും ചെയ്തു. ഹൈക്കോടതി വിധിക്കെതിരേ സർക്കാർ സുപ്രീംകോടതിയെ സമീപിച്ചുവെങ്കിലും ആൾ കേരളാ റീട്ടെയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷൻ സുപ്രിം കോടതിയിൽ തടസ്സ ഹരജി സമർപ്പിച്ചതിനെതുടർന്ന് കേസ് ഫയലിൽ സ്വീകരിക്കാതെ തള്ളുകയായിരുന്നു. മെയ് മാസത്തോടെ ഈ ഉത്തരവിന്റെ കാലാവധിയും കഴിഞ്ഞതോടെ കോടതി അലക്ഷ്യ ഹരജിയുമായി റേഷൻ വ്യാപാരികൾ വീണ്ടും ഹൈക്കോടതിയെ സമീപ്പിക്കുകയും ചെയ്തതിനെ തുടർന്ന് സർക്കാർ കിറ്റു കമ്മീഷൻ നൽകുവാൻ ആറുമാസം കൂടി കാലാവധി നീട്ടി നൽകുവാനാവശ്യപെട്ടത് അഗീകരിക്കാതെയാണ് ആറ് ആഴ്ച മാത്രം കാലാവധി നൽകി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉത്തരവിറക്കിയത്.

# ഇന്ത്യ ഫലസ്തീൻ ജനതയോടൊപ്പം നിൽക്കണം: പി.വി അബ്ദുൽ വഹാബ്

## ദ്വിരാഷ്ട്ര പരിഹാരത്തെ പിന്തുണക്കുന്നതായി കേന്ദ്ര മന്ത്രി

ന്യൂഡൽഹി: മാനുഷിക പ്രതിസന്ധി രൂക്ഷമായ ഗാസയിലെ സാധാരണക്കാർക്കെതിരെ ഇസ്രാഈൽ രൂക്ഷമായ ആക്രമണം നടത്തുകയാണെന്നും ഇന്ത്യ അതിന്റെ പാരമ്പര്യം കൈവിടാതെ ഫലസ്തീൻ ജനതയോടൊപ്പം നിൽക്കണമെന്നും പി.വി അബ്ദുൽ വഹാബ് രാജ്യസഭയിൽ ആവശ്യപ്പെട്ടു. ഫലസ്തീനും ഇസ്രാഈലും തമ്മിലുള്ള യുദ്ധം അവസാനിപ്പിക്കാൻ ഇന്ത്യ എന്തെങ്കിലും നയതന്ത്ര മുൻകൈ എടുത്തിട്ടുണ്ടോ എന്നും ഐക്യരാഷ്ട്രസഭയിൽ ഇന്ത്യ സ്വീകരിച്ച നിലപാട് എന്തെല്ലാമാണെന്നും അദ്ദേഹം ചോദിച്ചു.

ഇന്ത്യ വെടിനിർത്തലിന് ആഹ്വാനം ചെയ്യുകയും ഗസ്സയിലെ ജനങ്ങൾക്ക് മാനുഷിക സഹായം നൽകുകയും ചെയ്തതായി മന്ത്രി കീർത്തി വർധൻ ചോദ്യത്തിനുള്ള മറുപടിയിൽ പറഞ്ഞു. 16.5 ടൺ മരുന്നുകളും മെഡിക്കൽ സാമഗ്രികളും ഉൾപ്പെടെ 70 ടൺ സഹായം ഇന്ത്യ ഫലസ്തീന് നൽകിയിട്ടുണ്ട്. ബാക്കിയുള്ള ബന്ദികളെ മോചിപ്പിക്കാനും ഇന്ത്യ ആവശ്യപ്പെട്ടിട്ടുണ്ട്. ഇരു രാജ്യങ്ങളുടെയും സുരക്ഷയിൽ ഇന്ത്യ ആശങ്ക പ്രകടിപ്പിച്ചതായും സംഭാഷണത്തിലൂടെയും നയതന്ത്രത്തിലൂടെയും സംഘർഷം സമാധാനപരമായി പരിഹരിക്കുന്നതിന് ഊന്നൽ നൽകണമെന്ന് ആവശ്യപ്പെട്ടതായും മന്ത്രാലയം വ്യക്തമാക്കി.

പ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയും ഇസ്രാഈൽ പ്രസിഡന്റ്, പ്രധാനമന്ത്രി, വിദേശകാര്യ മന്ത്രി, ഫലസ്തീൻ പ്രസിഡന്റ്, പ്രധാനമന്ത്രി, വിദേശകാര്യ മന്ത്രി എന്നിവരുൾപ്പെടെ നിരവധി നേതാക്കളുമായി സംസാരിച്ചു. യുഎൻ, ജി20, ബ്രിക്സ്, വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത് സമ്മിറ്റ് തുടങ്ങിയ ബഹുമുഖ വേദികളിലും ഇന്ത്യ ഈ നിലപാട് ആവർത്തിച്ചു. ഫലസ്തീനോടുള്ള ഇന്ത്യയുടെ നയം ദീർഘകാലമായി നിലനിൽക്കുന്നതാണ്. സുരക്ഷിതവും അംഗീകൃതവുമായ അതിർത്തികൾക്കുള്ളിൽ പരമാധികാരവും സ്വതന്ത്രവും പ്രായോഗികവുമായ ഫലസ്തീൻ രാഷ്ട്രം സ്ഥാപിക്കുന്നതിനുള്ള ചർച്ചകളോടെയുള്ള ദ്വിരാഷ്ട്ര പരിഹാരത്തെ രാജ്യം എല്ലായ്പ്പോഴും പിന്തുണച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

ഗസ്സയിൽ കുറഞ്ഞത് 39,090 പേർ കൊല്ലപ്പെടുകയും സ്ത്രീകളും കുട്ടികളും ഉൾപ്പെടെ 90,147 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഏറ്റവും വലിയ മാനുഷിക പ്രതിസന്ധിയാണിതെന്നും സാധ്യമായ എല്ലാ വിധത്തിലും ഇന്ത്യ ഇതിനെ അപലപിക്കേണ്ടതാണെന്നും പി.വി അബ്ദുൽ വഹാബ് എം.പി അഭിപ്രായപ്പെട്ടു. വെടിനിർത്തൽ കരാർ പ്രാബല്യത്തിൽ വരുത്താൻ ഇന്ത്യ അതിന്റെ എല്ലാ നയതന്ത്ര കഴിവുകളും ഉപയോഗിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഗസ്സയിലെ ജനങ്ങൾക്ക് എല്ലാ പിന്തുണയും സഹായവും ഇന്ത്യ ഉറപ്പാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

# ക്യാൻസർ മരുന്നുകൾ രാജ്യം സ്വയം ഉത്പാദിപ്പിക്കണം: ഹാരിസ് ബീരാൻ

## ആവശ്യത്തെ സഭയിൽ തന്നെ പിന്തുണച്ച് ധനമന്ത്രി നിർമല സീതാരാമൻ

ന്യൂഡൽഹി: മാരക സ്വഭാവമുള്ള ക്യാൻസർ രോഗ മരുന്നുകൾ രാജ്യത്ത് സ്വയം ഉത്പാദിപ്പിക്കാൻ സർക്കാർ മുൻകയ്യെടുക്കണമെന്ന് ഹാരിസ് ബീരാൻ എം.പി രാജ്യസഭയിൽ ആവശ്യപ്പെട്ടപ്പോൾ മറുപടി പ്രസംഗത്തിൽ ധനമന്ത്രി നിർമല സീതാരാമൻ അഡ്വ. ഹാരിസ് ബീരാനെ എടുത്തുദ്ധരിച്ച് ഉന്നയിച്ച വിഷയത്തിന്റെ ഗൗരവം കണക്കിലെടുക്കുന്നതായും പരിഗണിക്കുന്നതായും രാജ്യസഭയിൽ അറിയിച്ചു.

മരുന്നുകളുടെ ഇറക്കുമതി തീരുവ പത്തു ശതമാനമുള്ളത് എടുത്തുകളയുമെന്ന ധനകാര്യ ബജറ്റിലെ പരാമർശത്തോടൊപ്പം മന്ത്രി പറഞ്ഞ അത്തരം രോഗികളുടെ കൂടുതൽ പരിരക്ഷ എന്ന ആവശ്യത്തെ ഗൗരവത്തോടെ സമീപിക്കണമെന്നും ഇറക്കുമതി തീരുവ എടുത്തുകളഞ്ഞാൽ പോലും മരുന്നുകളുടെ വില സാധാരണക്കാർക്ക് താങ്ങാവുന്നതിലും അധികമാണെന്നും അതിനാൽ അവയുടെ ഉത്പാദനം ഇന്ത്യയിൽ സാധ്യമാക്കുകയാണെങ്കിൽ വില വളരെയധികം കുറക്കാനാവുമെന്നും ഹാരിസ് ബീരാൻ അറിയിച്ചു.

വിദേശ കമ്പനിയായ അസ്ട്രാസിനിക്ക ഉത്പാദിപ്പിക്കുന്ന ട്രാസ്റ്റുസുമബ് ഡെറുക്സിറ്റിക്കൻ (റ്യമെഴ്യേൌമയ ഉല്യൗഃലേരമി), ദുർവലുമബ് (ഊൃ്മഹൗാമയ), ഒസിമെർട്ടിനിബ് (ഛശൊലൃശേശയ ടാഗ്രിസോ 80 എം.ജി), എന്നീ മൂന്ന് ക്യാൻസർ മരുന്നുകളുടെ ഇറക്കുമതി തീരുവ ബജറ്റിൽ എടുത്തുകളഞ്ഞിരുന്നു.

വിദേശ കമ്പനികൾക്ക്പകരം പ്രാദേശിക മരുന്നു കമ്പനികളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ രാജ്യത്ത് ഇത്തരം മരുന്നുകൾ ഉത്പാദിപ്പിക്കുന്നതിനും അതുവഴി വൻകിട ബ്രാന്റുകൾക്ക് നൽകേണ്ടിവരുന്ന അധിക തുക ഒഴിവാക്കാനാവുകയും ചെയ്യും.

പ്രയാസപ്പെടുന്ന രോഗികൾക്ക് കൂടുതൽ പരിരക്ഷയും ആശ്വാസവുമാവാൻ സർക്കാരിന് ഇതുമൂലം സാധിക്കുമെന്നും എം.പി കൂട്ടിച്ചേർത്തു. അതേസമയം കൃത്യമായ നിരീക്ഷണം ഹാരിസ് ബീരാൻ പങ്കുവച്ചതിനെ ധനമന്ത്രി എടുത്തുപറഞ്ഞപ്പോൾ സഭയിലെ മറ്റു അംഗങ്ങളും ഹാരിസ് ബീരാനെ അഭിനന്ദിക്കാൻ മറന്നില്ല.

## ഹേമ കമ്മീഷൻ റിപ്പോർട്ടിനെ കുറിച്ച് അറിയില്ലെന്ന് അമ്മ

കൊച്ചി: ഹേമ കമ്മീഷൻ റിപ്പോർട്ട് സംഘടനയെ ബാധിക്കുന്ന കാര്യമല്ലെന്ന് അമ്മ ജനറൽ സെക്രട്ടറി സിദ്ദീഖ്. കമ്മീഷൻ റിപ്പോർട്ട് പുറത്തുവിട്ടാലും ഇല്ലെങ്കിലും സംഘടനയെ സംബന്ധിച്ചിടത്തോളം ഒന്നുമില്ല. ഹേമ കമ്മിറ്റി റിപ്പോർട്ട് അമ്മയുമായി ബന്ധപ്പെട്ടതല്ല. അതിന്റെ ഉള്ളടക്കത്തെ കുറിച്ച് അന്വേഷിച്ചിട്ടുമില്ലെന്നും സിദ്ദീഖ് പറഞ്ഞു. അമ്മ ആസ്ഥാനത്ത് സംഘടനയുടെ മെഗാഷോയുമായി ബന്ധപ്പെട്ട വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഹേമ കമ്മീഷൻ റിപ്പോർട്ട് പുറത്തു വിടരുതെന്നാവശ്യപ്പെട്ടുള്ള ഹർജിയിൽ അമ്മക്ക് പങ്കില്ല. റിപ്പോർട്ട് പുറത്തു വിടണമെന്നോ വേണ്ടെന്നോ എന്നതിൽ അമ്മയ്ക്ക് പ്രത്യേക അഭിപ്രായമില്ല.

ന്യായമായ പരാതികളാണെങ്കിൽ അവയ്ക്ക് പ്രശ്നപരിഹാരം ഉണ്ടാവവണം. മോഹൻലാലിനെ അധിക്ഷേപിച്ചതിന് ചെകുത്താൻ എന്നറിയപ്പെടുന്ന യൂട്യൂബർ അജു അലക്സിനെ അറസ്റ്റ് സ്വാഗതം ചെയ്യുന്നുവെന്നും അദ്ദേഹം പ്രതികരിച്ചു. ആർക്കും ആരെയും അധിക്ഷേപിക്കാമെന്ന രീതി ശരിയല്ല. എന്തും പറഞ്ഞ് ആരെയും മാനസികമായി വേദനിപ്പിക്കാനുള്ള സ്വാതന്ത്ര്യം നമുക്കില്ല. കുറച്ചു കാലമായി നടീ നടൻമാരെയും സിനിമയെയും അധിക്ഷേപിക്കുന്ന സംഭവങ്ങൾ വർധിച്ചിട്ടുണ്ട്. വ്യക്തമായ യൂട്യൂബ് ചാനൽ ഇല്ലാത്തവർ വരെ ഇത്തരത്തിൽ അധിക്ഷേപിക്കാറുണ്ട്. ടെറിട്ടോറിയൽ ആർമിയുടെ ഭാഗയാതു കൊണ്ടാണ് മോഹൻലാലിന് വയനാട് സന്ദർശിക്കാൻ സാധിച്ചത്. എന്താണ് അവിടെ നടന്നതെന്ന് മനസിലാക്കാൻ നടത്തിയ സന്ദർശനം ഒരു പുണ്യ പ്രവൃത്തിയാണ്. വാർത്താപ്രധാന്യം ഉദ്ദേശിച്ചായിരുന്നില്ല സന്ദർശനം. ഈ സാഹചര്യത്തിൽ അദ്ദേഹത്തെ അഭിനന്ദിക്കുന്നതിന് പകരം വ്യക്തിപരമായി അധിക്ഷേപിക്കുന്നത് കണ്ട് മനസ് വേദനിച്ചാണ് താൻ പൊലീസിൽ പരാതി നൽകിയതെന്നും സിദ്ദീഖ് പറഞ്ഞു.

# നഗരസഭാ ക്ലാർക്ക് മൂന്ന് കോടി തട്ടിയ കേസ്; കോട്ടയം ഓഫീസിൽ പൊലീസ് പരിശോധന

## ഒളിവിലായ അഖിൽ സി. വർഗീസിനെ കണ്ടെത്താനായില്ല

കോട്ടയം: നഗരസഭയിലെ മുൻ ജീവനക്കാരൻ കൊല്ലം സ്വദേശി അഖിൽ സി. വർഗീസ് മൂന്ന് കോടിയുടെ തട്ടിപ്പ് നടത്തിയ സംഭവത്തിൽ പൊലീസ് അന്വേഷണം ആരംഭിച്ചു.

ഇതിന്റെ ഭാഗമായി പൊലീസ് കോട്ടയം നഗരസഭ ഓഫീസിൽ എത്തി പരിശോധന നടത്തി.

നഗരസഭ സെക്രട്ടറിയിൽ നിന്നും വിവരങ്ങൾ തേടിയ സംഘം, പണമിടപാട് രേഖകൾ അടക്കമുള്ളവ പരിശോധിക്കുന്നുണ്ട്. തട്ടിപ്പ് പുറത്തുവരുന്നതിന് തൊട്ടുമുമ്പുള്ള ദിവസങ്ങളിൽ അഖിൽ കോട്ടയം നഗരസഭ ഓഫീസിൽ എത്തി താൻ മുമ്പ് ഉപയോഗിച്ചിരുന്ന കമ്പ്യൂട്ടർ, ഫയൽ അടക്കമുള്ളവ കൈകാര്യം ചെയ്തിരുന്നതാണ് അറിവ്. ഇതും അന്വേഷണസംഘം പരിശോധിക്കുന്നുണ്ട്. പ്രതി അഖിലിന്റെ കൊല്ലത്തെ വീട് കേന്ദ്രീകരിച്ചും അന്വേഷണം വ്യാപിക്കുവാനാണ് നീക്കം. കോട്ടയം വെസ്റ്റ് എസ് എച്ച് ഒ പ്രശാന്ത് കുമാറിന്റെ നേതൃത്വത്തിലാണ് അന്വേഷണം നടക്കുന്നത്.

അഖിൽ സി.വർഗീസ് പണം തട്ടിയത് മരിച്ചുപോയ സ്ത്രീയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ തിരുത്തിയാണ്. സ്വന്തം അമ്മയുടെ അതേ പേരുള്ള സ്ത്രീയുടെ അക്കൗണ്ടിലെ ബാങ്ക് വിവരങ്ങളാണ് തിരുത്തിയത്. ഇയാൾ നിലവിൽ ജോലിചെയ്യുന്ന വൈക്കം നഗരസഭയും പരിശോധന ആവശ്യപ്പെട്ടിരിക്കുകയാണ്.

കോട്ടയം നഗരസഭയിൽ 2020 മുതൽ 2023 വരെ ഫാമിലി, റെഗുലർ പെൻഷനുകൾ കൈകാര്യം ചെയ്തിരുന്ന ക്ലർക്ക് ആയിരുന്നു അഖിൽ സി വർഗീസ്. മരിച്ചുപോയ ശ്യാമള എന്ന വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ആയിരുന്നു ഓരോ മാസവും പെൻഷൻ തുക മാറ്റിയിരുന്നത്. അഖിലിന്റെ സ്വന്തം അമ്മയുടെ പേരും ശ്യാമള എന്നായിരുന്നതിനാൽ അമ്മയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ചേർത്ത് അതിലേക്ക് ആയിരുന്നു പണം ശേഖരിച്ചിരുന്നത്. അഖിൽ സി.വർഗീസ് ജോലി ചെയ്യുന്ന വൈക്കം നഗരസഭയിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധന ആവശ്യപ്പെട്ട് നഗരസഭ കത്ത് നൽകി.

പ്രാഥമിക പരിശോധനയിൽ തട്ടിപ്പ് കണ്ടെത്തിയിട്ടില്ലെങ്കിലും അഖിലിന്റെ പ്രവർത്തനത്തിൽ സംശയം ശക്തമാണ്. ഓഫിസിൽ ആരോടും അധികം അടുപ്പം കാണിക്കാതിരുന്ന അഖിലിന് കിഡ്നി രോഗത്തിന് ചികിൽസ നടത്തുന്നയാളെന്ന പരിഗണനയും നൽകിയിരുന്നു. വളരെ ആർഭാടത്തോടെ ഓഫിസിൽ എത്തിയിരുന്ന അഖിൽ ചങ്ങനശ്ശേരിയിലേക്ക് സ്ഥലം മാറ്റത്തിനായുള്ള ശ്രമം നടത്തിവരികയായിരുന്നു. ഒളിവിലായ അഖിലിനെ ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

## മോഹൻലാലിനെതിരെ പരാമർശം: യൂ ട്യൂബർ അജു അലക്സ് അറസ്റ്റിൽ



കൊച്ചി: നടൻ മോഹൻലാലിനെതിരെ യൂട്യൂബ് വീഡിയോയിലൂടെ പരാമർശം നടത്തിയെന്ന കേസിൽ യൂട്യൂബർ അജു അലക്സ് (ചെകുത്താൻ) അറസ്റ്റിൽ. താര സംഘടനയായ അമ്മ ജനറൽ സെക്രട്ടറി സിദ്ദീഖിന്റെ പരാതിയിലാണ് അജുവിനെതിരെ കേസെടുത്തത്. ഇന്ത്യൻ ടെറിട്ടോറിയൽ ആർമിയിൽ ലെഫ്റ്റനന്റ് കേണൽ പദവി വഹിക്കുന്ന മോഹൻലാലിന്റെ വയനാട് സന്ദർശനത്തെ ആസ്പദമാക്കി ദിവസങ്ങൾക്ക് മുമ്പ് അജു ഒരു വീഡിയോ പങ്കുവച്ചിരുന്നു. താരം സൈനിക വേഷത്തിലെത്തിയതിനെ രൂക്ഷമായ ഭാഷയിലാണ് വിമർശിച്ചത്. പിന്നാലെ വീഡിയോക്കെതിരെ നിരവധി മോഹൻലാൽ ആരാധകർ രംഗത്തെത്തിയിരുന്നു. ഇതോടെയാണ് അലക്സിനെതിരെ സിദ്ദീഖ് പരാതി നൽകിയത്. കേസെടുത്തതിന് പിന്നാലെ അജു ഒളിവിലായിരുന്നു. മോഹൻലാലിന്റെ ആരാധകരിൽ വിദ്വേഷം ഉളവാക്കുന്ന രീതിയിലാണ് അജു അലക്സിന്റെ പരാമർശമെന്ന് തിരുവല്ല പൊലീസ് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറിൽ പറയുന്നു. കഴിഞ്ഞ ദിവസം സിനിമ നിരൂപണത്തിന്റെ മറവിൽ അഭിനേതാക്കൾക്കെതിരെ അശ്ലീല പ്രയോഗങ്ങൾ നടത്തുന്നുവെന്ന പരാതിയിൽ ആറാട്ട് അണ്ണൻ എന്ന സന്തോഷ് വർക്കിയെ പാലാരിവട്ടം പൊലീസ് താക്കീത് ചെയ്തു വിട്ടയച്ചിരുന്നു. അജു അലക്സിനെ അറസ്റ്റ് ചെയ്ത നടപടിയെ താരസംഘടനയായ അമ്മ സ്വാഗതം ചെയ്തിട്ടുണ്ട്.

## സമദാനിക്ക് കേന്ദ്രത്തിന്റെ മറുപടി
## ടെലികൺസൾട്ടേഷൻ സൗകര്യത്തിന് കേരളത്തിന് 4.81 കോടി; ചെലവഴിച്ചത് 1.82 കോടി മാത്രം

ന്യൂഡൽഹി: 2023-24 സാമ്പത്തിക വർഷത്തിൽ കേരളത്തിന് ടെലികൺസൾട്ടേഷൻ സൗകര്യത്തിന് 4.81 കോടി എസ്.പി.ഐ.പി അനുമതി നൽകിയതായും അതിൽ 1.82 കോടി രൂപ ചിലവഴിച്ചതായും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ സഹമന്ത്രി അനുപ്രിയ പട്ടേൽ ഡോ.എം.പി. അബ്ദുസ്സമദ് സമദാനിയെ അറിയിച്ചു. കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ടെലിമെഡിസിൻ സാങ്കേതികവിദ്യ വഴി ചികിത്സാസൗകര്യം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ലോക്സഭയിലെ ചോദ്യത്തിന് രേഖാമൂലം നൽകിയ മറുപടിയിലാണ് മന്ത്രിയുടെ മറുപടി. രാജ്യത്തുടനീളം നാല് മുതൽ അഞ്ച് ലക്ഷം വരെ രോഗികൾ ഒരു ദിവസം ഇ സഞ്ജീവനി പോർട്ടൽ വഴി ചികിത്സ തേടുന്നുണ്ടന്നും മന്ത്രി പറഞ്ഞു.